SINCE 1976

# ഐക്യദീപം

വില ₹ 10

നവംബർ 2017



**അപൂർണ്ണതയിൽ നിന്നും പൂർണ്ണതയിലേക്ക്**
പ്രൊഫ. ജോൺ ശങ്കരമംഗലം

**ആത്മീയതയെ നിർവ്വചിക്കുമ്പോൾ**
പ്രൊഫ. വി.ജി. തമ്പി

**അപ്പോസ്തോലന്മാർ ഇവിടെ ഇന്നും ജീവിച്ചിരിക്കുന്നു**
ഡോ. മഞ്ജുഷ വി. പണിക്കർ

**കുട്ടികൾക്കുള്ള കഥകൾ**
പ്രൊഫ. ഡോ. ബാബു ഫിലിപ്പ്




Pushpagiri Road,Tiruvalla -1

Ph. 0469 2730561, 2606063, Fax. 0469 2633295

E-mail : bodhanatiruvalla@gmail.com, www.bodhanatiruvalla.org

## Types of Honey

- Raw Honey
- Agmark Honey

## Honey Value Added Products

- Honey Dates
- Honey Amla
- Honey Garlic
- Honey Cherry
- Honey Chilli
- Honey Grapes
- Honey Cashewnuts
- Honey Mixedfruits
- Honey Ginger
- Cardamom Honey
- Honey Asparagus
- Honey Manjal
- Honey Brahmi
- Honey Adalodakam
- Honey Oushad
- Natural Face Cream
- Natural Bee Blam
- Redsandal Facecream

**SOCIAL WORK DEPARTMENT OF**
**THE MALANKARA ARCHDIOCESE OF THIRUVALLA**




നവംബർ 2017
പുസ്തകം 50 ലക്കം 11

# ഐക്യദീപം

രക്ഷാധികാരി
**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ**

ചീഫ് എഡിറ്റർ
**റവ. ഡോ. എബ്രഹാം ഇരുമ്പിനിക്കൽ**


പ്രസാധകൻ
**റവ. തോമസ് കൊടിനാട്ടുകുന്നേൽ കോർ എപ്പിസ്കോപ്പാ**

മാർക്കറ്റിംഗ് & സർക്കുലേഷൻ കോ-ഓർഡിനേറ്റർ
**അജി കുതിരവട്ടം**

ഓഫീസ് സെക്രട്ടറി
**സി.റ്റി. മത്തായി**

ഓഫീസ് സ്റ്റാഫ്
**ചിന്നു എൽസ ഐസക്**

## ഉള്ളടക്കം



**ആത്മീയതയെ നിർവ്വചിക്കുമ്പോൾ** 7
പ്രൊഫ. വി. ജി. തമ്പി

**അപ്പോസ്തോലന്മാർ ഇവിടെ ഇന്നും ജീവിച്ചിരിക്കുന്നു** 9
ഡോ. മഞ്ജുഷ വി. പണിക്കർ

**അപൂർണ്ണതയിൽ നിന്നും പൂർണ്ണതയിലേക്ക്** 16
പ്രൊഫ. ജോൺ ശങ്കരമംഗലം

**കുട്ടികൾക്കുള്ള കഥകൾ** 34
പ്രൊഫ. ഡോ. ബാബു ഫിലിപ്പ്

Annual Subscription ₹ 120.00
Single Copy ₹ 10.00
Overseas : $40.00 or ₹ 2750

Bank Details :
Chief Editor, Aikyadeepam
AndhraBank, Tiruvalla 689 101
A/c No. 110110100023901
IFSC. ANDB0001101
SWIFT CODE : ANDBINBB

Printed at :
Viani Press, Emakulam
Designed by :
St. Joseph Press
Kacherippady, Tiruvalla
Ph : 0469 2602936
sjtvla10@gmail.com

All correspondence regarding Agency and Subscription : Chief Editor, Aikyadeepam Monthly
Theological and Catechetical Centre, Sameeksha, Kulakkad, Tiruvalla-1. Phone: 0469-2600626
E-mail : aikyadeepamtvla@gmail.com



# ആത്മീയതയുടെ അടയാളങ്ങൾ


അർത്ഥം കണ്ടെത്താൻ പരിശ്രമിക്കുന്നവനാണ് മനുഷ്യൻ. സ്വന്തം ജീവന്റെ, മനുഷ്യസമൂഹത്തിന്റെ, പ്രപഞ്ചത്തിന്റെ അങ്ങനെ പലതും. മതവും കലയും ഇവയിൽ രണ്ടിലും നിറയുന്ന ആത്മീയതയും ഇതേ അന്വേഷണത്തിന്റെ ഭാഗമാണ്. ദൈവ-മനുഷ്യ ബന്ധത്തിലൂടെയാണ് ഇത് സാധ്യമാക്കുന്നത്. ആത്മീയതയെ കാലദേശങ്ങൾ അടയാളപ്പെടുത്തുന്നത് വ്യത്യസ്തമായാണ്. സ്വന്തം പരിസരങ്ങളിൽ നിന്നും ബിംബങ്ങളും അടയാളങ്ങളും കണ്ടെത്താനാണ് മനുഷ്യൻ പരിശ്രമിക്കുന്നത് ഇതിനാലാണ്.

Semeion എന്ന ഗ്രീക്ക് വാക്കിനർത്ഥം അടയാളം എന്നാണ്; സെമിയോട്ടിക്സ്, ചിഹ്നങ്ങളും അടയാളങ്ങളും പഠിക്കുന്ന ശാസ്ത്രവും. മതാത്മകതയും കലയും വിവരിക്കപ്പെടുന്നതു അടയാളങ്ങളുടെ അർത്ഥങ്ങളിലൂടെയാണ്. അവയിൽ നിറയുന്ന ആത്മീയതയെ ഈ കാലം എങ്ങനെ അവതരിപ്പിക്കുന്നു എന്നു ചിന്തിക്കുകയാണ് ഈ ലക്കം ഐക്യദീപം മാസിക. കണ്ണാടിയിലൂടെ എന്നവണ്ണം കാണുന്ന കാര്യങ്ങളുടെ നേർക്കാഴ്ച ഉണ്ടാകും വരെ വിശ്വാസി സഞ്ചാരം തുടരുന്നു. യഹോവയെ കാണാൻ ആഗ്രഹിച്ച മോശ മുൾപ്പടർപ്പ് എരിയുന്നത് കണ്ടു. കാലദേശാതീതമായി ആത്മീയത അടയാളപ്പെടുത്തുന്നത് മനുഷ്യഹൃദയങ്ങളിലാണ്. പ്രപഞ്ചത്തെയും മനുഷ്യനെയും വെളിപ്പെടുത്തുന്ന വെളിച്ചം ആത്മീയതയെ അനുദിനം അടയാളപ്പെടുത്തുകയല്ലേ? 'ദൈവം അരുളിച്ചെയ്തു: വെളിച്ചം ഉണ്ടാകട്ടെ. വെളിച്ചം ഉണ്ടായി' (ഉത്പത്തി 1/3). എല്ലാറ്റിനെയും കാണാനുള്ള വെളിച്ചം ദൈവത്തിൽ നിന്നാണല്ലോ. ഇതേ വെളിച്ചവിന്യാസത്തിൽ വരുന്ന ചില സമാനതകൾ ചിത്രകാരന്മാരുടെ ആത്മാവിഷ്കാരത്തിന്റെയും അർത്ഥം തേടലുകളുടെയും സഞ്ചാരത്തിലെ സാദൃശ്യം വ്യക്തമാക്കുന്നു. കലാകാരനും അന്വേഷിയും തേടുന്ന ആത്മീയത ഒന്നുതന്നെ. വിഖ്യാത ചലച്ചിത്രകാരൻ ബ്രസ്സോണിന്റെ വാക്കുകൾ കടമെടുത്താൽ, 'ഞാൻ നിഗൂഢതയിലേക്കുള്ള വഴിമാത്രം.' 'Music is a higher revelation than all wisdom and philosophy' എന്ന് Ludwig Van Beethoven പറഞ്ഞതിനെയും ഇതോടൊപ്പം ചേർത്തു വായിക്കാം. കലാസൗന്ദര്യഗ്രാഹിയായ ധ്യാനം (Aesthetic Contemplation) സാധ്യമാക്കുന്ന ഇടങ്ങളായി കലാകേന്ദ്രങ്ങളും ചിത്രപ്രദർശനശാലകളും വളരുന്നു. 'Why Museums are the new Churches,' (Jason Farago, 16 July 2015) BBCയുടെ സാംസ്കാരിക കോളത്തിലെ പ്രശസ്തമായ ഒരു ലേഖനമായിരുന്നു. ചിത്രശാലകളിലേക്കുള്ള യാത്ര ആരാധനാലയത്തിലേക്ക് പോകുന്നതിനോടുപമിക്കുന്ന പഠനമിതിലുണ്ട്. വിശുദ്ധവും അശുദ്ധവുമായ ഇടങ്ങളെ വേർതിരിക്കുന്നതുൾപ്പെടെ ആത്മീയത തേടുന്നതിലെ പരമ്പരാഗത സങ്കല്പങ്ങളെ കലാന്വേഷണവുമായി ചേർത്തു വയ്ക്കുന്നു.

വി.ജി. തമ്പി മാഷിന്റെ നിരീക്ഷണങ്ങൾ ആത്മീയതയെ നിർവ്വചനങ്ങൾക്കപ്പുറത്തേക്ക് തുറന്നുവിടുന്നവയാണ്. മനുഷ്യസാധ്യതകളുടെ മറുപേരായി ആത്മീയതയെ അദ്ദേഹം നിരീക്ഷിക്കുന്നു. അപൂർണ്ണതയിൽ നിന്നു പൂർണ്ണതയിലേക്ക് നയിക്കുന്ന കലാസങ്കേതങ്ങളെ ജോൺ ശങ്കരമംഗലമെന്ന അതുല്യ ചലച്ചിത്രപണ്ഡിതൻ അവതരിപ്പിക്കുന്നു. യേശുക്രിസ്തു എന്ന ദൈവപുത്രനെ കൂടുതൽ അറിയുകവഴി മനുഷ്യനെ കൂടുതൽ മനസ്സിലാക്കാനും സ്വയം വിമലീകരിക്കാനും പ്രാപ്തരാക്കുമെന്ന് മഞ്ജുഷ ടീച്ചറിന്റെ ലേഖനം വെളിപ്പെടുത്തുന്നു. ഫ്രാൻസിസ് നൊറോണയുടെ ആദ്യനോവലായ 'അശരണരുടെ സുവിശേഷം' ആത്മീയതയെ അടയാളപ്പെടുത്തുന്നത് ക്രിസ്തുവിന്റെ വിരലുകൾ കൊണ്ടാണെന്ന് ടീച്ചർ കാണിച്ചുതരുന്നു. നിയമങ്ങൾ മാത്രമാണ് മതമെന്നു കരുതിയവർ പാപത്തിൽ പിടിക്കപ്പെട്ടവളെ ക്രിസ്തുവിന്റെ വിധിപറച്ചിലിനു മുമ്പിൽ നിർത്തിയത് സുവിശേഷത്തിൽ നാം വായിക്കുന്നുണ്ട്. അന്നവൻ മണലിൽ എഴുതി ക്ഷമയുടെയും സ്നേഹത്തിന്റെയും കരുണയുടെയും ചിത്രങ്ങൾ. അതേ മണലിന്റെ ഞരമ്പുകൾ തന്നെ ഫ്രാൻസിസിന്റെ നോവലിന്റെ പരിസരത്തും പടർന്നിരിക്കുന്നത്. മണലിൽ മായാതെ കിടന്ന വാക്കുകൾ സ്ഥലകാലങ്ങളിൽ പടരുന്നു. ക്രിസ്തുശിഷ്യരുടെ സമകാലദൗത്യം ആത്മീയതയെ പുനർനിർവ്വചിക്കലാണ്. പിറവിത്തിരുനാളിനുള്ള മികച്ച ഒരുക്കമായി ഈ ലക്കം ഐക്യദീപം മാറട്ടെ.

ചീഫ് എഡിറ്റർ
**ഫാ. ഏബ്രഹാം ഇരിമ്പിനിക്കൽ**



മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്
മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്

# യഥാർത്ഥ ആത്മികതയുടെ മാനങ്ങൾ

**സാ**ധാരണക്കാരന്റെ ജീവിതം ഇത്രമേൽ ഭയപൂരിതമായിരിക്കുന്ന അവസ്ഥ ഇതിനു മുൻപ് ഇല്ലായിരുന്നു. ഇന്നുള്ളതുപോലെ ഭൗതിക നേട്ടങ്ങളോ സൗകര്യങ്ങളോ അന്ന് ഇല്ലായിരുന്നു. എങ്കിലും മനുഷ്യബന്ധങ്ങളും പരസ്പര വിശ്വാസവും സഹകരണവും ഏറെയായിരുന്നു; അയൽപക്ക ബന്ധവും പരസ്പരമുള്ള സ്നേഹവായ്പുകളും അതി മനോഹരങ്ങളായിരുന്നു. ഇന്ന് സാമൂഹ്യ സമ്പർക്ക മാധ്യമങ്ങൾ പെരുകി; ലോകം ചുരുങ്ങി. വിവരസാങ്കേതികതകൾ വിരൽതുമ്പത്ത് ഉണ്ടെങ്കിലും സാധാരണ ജീവിതം ഏറെ കലുഷിതവും ഭയാശങ്കകൾ നിറഞ്ഞതുമായി! മതാഭാസങ്ങളെയും മതവിശ്വാസത്തെ തന്നെയും ഇതിന് പഴിചാരുന്നുണ്ടെങ്കിലും അതിനപ്പുറമായതെന്തോ ഇന്ന് മനുഷ്യമനസുകളെ ഭരിക്കുന്നു. ഈ പശ്ചാത്തലത്തിൽ ആണ് **യഥാർത്ഥ ആത്മികത** എന്താണെന്നുള്ള ചർച്ച ഐക്യദീപം മുമ്പോട്ടു വയ്ക്കുന്നത്. മതങ്ങളും മതവിശ്വാസങ്ങളും പരക്കെ ചോദ്യം ചെയ്യപ്പെടുന്ന അന്തരീക്ഷത്തിൽ ഈ കാര്യങ്ങളെക്കുറിച്ച് അൽപ്പംകൂടി ഗൗരവപൂർവ്വം ചിന്തിക്കുന്നതിനാണ് ഈ ലക്കത്തിൽ ലക്ഷ്യമിടുന്നത്.

മതവും ആത്മികതയും വേർതിരിച്ചു കാണേണ്ട അവസ്ഥ ഇന്ന് നിലനിൽക്കുന്നു. മതങ്ങളിൽ പൊതുവെ ഭീകരവാദവും അസഹിഷ്ണുതയും സങ്കുചിതത്വവും വളരുന്നു. ദൈവത്തിന്റെ പേരിൽ സഹോദരനെ കൊല്ലുന്നു! പറഞ്ഞറിയിക്കാൻ പറ്റാത്തവിധം ക്രൂരതകൾ മനുഷ്യന്റെമേൽ അടിച്ചേൽപ്പിക്കുന്നു. താൻ വിശ്വസിക്കുന്ന ദൈവത്തിനു സേവ ചെയ്യുന്നു എന്ന് ഇക്കൂട്ടർ മൂഢമായി വിശ്വസിക്കുന്നു. ദൈവവിശ്വാസത്തിന്റെ വിദൂര സങ്കല്പത്തിൽ പോലും ഇടമില്ലാത്ത സഹോദര വിദ്വേഷം, ജുഗുപ്സാവഹമായ പീഡനങ്ങൾ, നരഹത്യ, പൊതുമുതൽ നശിപ്പിക്കൽ തുടങ്ങിയവയിലേയ്ക്ക് വിശ്വാസം വഴിമാറുന്നു. മതത്തെയും മനുഷ്യന്റെ ദൈവാവബോധത്തെയും പറ്റി വിലയിരുത്തുവാൻ സമയമായി. എല്ലാവരും-വിശ്വാസികൾ പ്രത്യേകിച്ചും-മതത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ട് അവയ്ക്ക് അന്യമായവ ബോധപൂർവ്വം തിരസ്കരിക്കുവാൻ തയ്യാറാവണം. സാമൂഹിക സ്വാതന്ത്ര്യം മനുഷ്യനാവശ്യമാണെങ്കിലും മതത്തിന്റെ അന്തഃസത്തയെത്തന്നെ തകർക്കുന്ന ചിന്തകളെയും കുത്സിതപ്രവർത്തനങ്ങളെയും ബോധപൂർവ്വം തിരുത്തുവാനും വിപാടനം ചെയ്യുവാനും ശ്രദ്ധിക്കേണ്ടതാണ്. താത്ക്കാലിക ലാഭങ്ങളുടെ പേരിൽ മതത്തെ ഒറ്റിക്കൊടുക്കുവാൻ ഇടയാവരുത്. യുക്തിയും ഭക്തിയും കൈകോർക്കണം. യുക്തിയില്ലാത്ത ഭക്തി ഭ്രാന്താണ്, ഭീകരതയാണ്. ഭക്തിയില്ലാത്ത യുക്തി അരാജകത്വവും. Religion without Reason is blind; Reason without Religion is lame (Einstein).

നാം ഇന്നു ജീവിക്കുന്ന ലോകം പല കാരണങ്ങളാലും പ്രത്യേകതകൾ ഉള്ളതാണ്. മൾട്ടികൾച്ചറൽ ലോകക്രമമാണ് അതിൽ പ്രധാനം. ജോലി തേടിയും മെച്ചമായ ഭൗതിക സാഹചര്യങ്ങൾക്കുവേണ്ടിയും ജനിച്ചമണ്ണിൽ നിലനിൽക്കുന്ന അരാജകത്വവും ആഭ്യന്തര കലാപങ്ങളും കാരണവും അന്യനാട്ടിൽ ചേക്കേറുന്ന വിവിധ മതവിശ്വാസികൾ തോളോടുതോൾചേർന്നു ജീവിക്കുവാൻ നിർബന്ധിതരാകുന്നു. അന്ധവിശ്വാസമായും വിശ്വാസവിപരീതങ്ങളായും പൈശാചികതയായും ധരിച്ചിരുന്ന കാര്യങ്ങൾ മാറിയ ചുറ്റുപാടുകളിൽ ആവേശത്തോടു കൂടി ആഘോഷിക്കപ്പെടുന്ന അവസ്ഥ വിശ്വാസികൾ


ഗൗരവമായി കണക്കാക്കേണ്ടതുണ്ട്. ഇന്നലെകളിൽ പുലർത്തിയിരുന്ന ലാഘവത്തോടെ അവയെ സമീപിക്കുന്നത് ആത്മഹത്യാപരമായിരിക്കും. അതേസമയം മറ്റുള്ളവരുടെ വിശ്വാസവും ജീവിതശൈലികളും സമഭാവനയോടെ കാണേണ്ടതുണ്ട്. ഒരു രാജ്യത്തെയും സംസ്കാരത്തെയും ഇന്ന് ഏകമെന്നനിലയിൽ (Unique) കാണാൻ പറ്റില്ല. എല്ലാ രാജ്യത്തും എല്ലാത്തരം വിശ്വാസികളും വിവിധ സാംസ്ക്കാരികപാരമ്പര്യങ്ങളും നിലനിൽക്കുന്നു എന്ന യാഥാർത്ഥ്യം തിരിച്ചറിയണം. വൈവിധ്യങ്ങളെ സ്നേഹപൂർവ്വവും ഔദാര്യപൂർവ്വവും ഉൾക്കൊള്ളാൻ ശ്രമിക്കണം. ബോദ്ധ്യങ്ങളെ തള്ളിപ്പറയുകയല്ല; ശരിയായ നിലയിൽ ഉറപ്പിക്കുകയും അതിൽ ഉറച്ചു നിൽക്കുമ്പോൾ തന്നെ ഇതര വിശ്വാസരീതികൾ ഔദാര്യപൂർവ്വം സമഭാവനയോടെ കാണുകയുമാണ് കരണീയം. ബന്ധങ്ങൾ വ്യക്തിപരമായും ആത്മികമായും ശക്തിപ്പെടുത്തേണ്ടതാണ്. ഒരുവന്റെ വിശ്വാസസംഹിതയ്ക്ക് മുമ്പിൽ ചോദ്യചിഹ്നമായവയെ വേണ്ടതുപോലെ മനസിലാക്കുവാൻ പരിശ്രമിക്കേണ്ടതുണ്ട്. വിശ്വാസം ബുദ്ധിയുടെയും യുക്തിയുടെയും അടിസ്ഥാനത്തിലല്ല. എങ്കിലും വിശ്വാസം യുക്തിക്ക് ഒരിക്കലും വിപരീതമായിരിക്കില്ല. എല്ലാ കാര്യങ്ങളും വിശ്വാസവുമായി ബന്ധപ്പെടുത്തേണ്ടത് ജീവിതത്തിന്റെ സമഗ്രതയ്ക്ക് ആവശ്യമാണ്. യുക്തിക്ക് മനസിലാകാത്ത എത്രയോ കാര്യങ്ങളാണ് മനുഷ്യജീവിതത്തിൽ ഉള്ളത്. Human mind cannot comprehend everything; Success is ten percent inspiration and ninety percent perspiration. (Thomas Alva Edison).

അതുപോലെ യുക്തിക്കു ബോദ്ധ്യമാകുന്നതിലും ഉപരിയാണ് വിശ്വാസത്തിന്റെ തലം. കൽക്കട്ടയിലെ വിശുദ്ധ മദർ തെരേസ പറയുന്നു: 'എനിക്ക് എല്ലാ വിശ്വാസത്തോടും ആദരവുണ്ട്; എന്നാൽ എന്റെ വിശ്വാസം ക്രിസ്തീയമാണ്; അതിനെ ഞാൻ സ്നേഹിക്കുന്നു.' ഇപ്രകാരം വിശ്വാസം വ്യക്തിപരവും ആഴപ്പെട്ടതുമായെങ്കിലേ നമുക്ക് അതിൽ സന്തോഷം കൈവരൂ.

മതാത്മകതയും ആത്മികതയും വ്യതിരിക്തമായി ഇന്നു മനസിലാക്കപ്പെടുന്നു. മതത്തിൽ വിശ്വസിക്കുന്നതുകൊണ്ടോ മതസമൂഹത്തിൽ അംഗമായിരിക്കുന്നതുകൊണ്ടോ ആത്മികത ഉണ്ടാവണം എന്നു നിർബന്ധമില്ല. സാമൂഹ്യാചാരാനുഷ്ഠാനങ്ങൾ അനുവർത്തിക്കുവാൻ ഒരുവന് മതത്തിന്റെ അകമ്പടി ആവശ്യമായേക്കാം. 'ഗാനഗന്ധർവ്വന്' ശ്രീപദ്മനാഭസ്വാമിക്ഷേത്രത്തിൽ കയറുവാനോ സോപാന സംഗീതം അനുഷ്ഠിക്കുവാനോ ഹൈന്ദവമതത്തിൽ വിശ്വസിക്കുന്നു എന്ന് രേഖാമൂലം സമ്മതിക്കേണ്ടി വന്നേക്കാം. എന്നാൽ ആത്മികനാകുന്നത് നന്മയും സ്നേഹവും സമഭാവനയും പുലർത്തുന്നതിലാണ്. സ്നേഹത്തിനും സാഹോദര്യത്തിനും ദൈവമഹത്വത്തോടൊപ്പം മനുഷ്യമഹത്വത്തിനും പ്രകൃതിസംരക്ഷണത്തിനും എതിരായി ഒരു മതവും ഉണ്ടാകാൻ പാടില്ല; ഉണ്ടെങ്കിൽ യഥാർത്ഥ വിശ്വാസമോ അടിസ്ഥാനമോ ധാർമ്മികതയോ അതിലെ അംഗങ്ങൾ പുലർത്തുന്നില്ല എന്നു തന്നെയാണ് അതിന്റെ അർത്ഥം.

'അടുത്തു നിൽപ്പോരനുജനെ
നോക്കാനക്ഷികളില്ലാത്തോർക്ക-
രൂപൻ ഈശ്വരൻ അദൃശ്യനായാൽ
അതിൽ എന്താശ്ചര്യം?'
– ഉള്ളൂർ എസ്. പരമേശ്വരയ്യർ
(1 യോഹന്നാൻ 4:20)

സഹോദരനെ ദ്വേഷിക്കുന്ന മതം ഒരിക്കലും ദൈവികമല്ല. മതത്തിന്റെ പേരിൽ നടക്കുന്ന അക്രമങ്ങളും അസഹിഷ്ണുതയും ക്രൂരതയും വിവേചനവും ദൈവികതയ്ക്ക് എതിരാണ്. ഈ ലക്കം ഐക്യദീപം യഥാർത്ഥ ആത്മികതയുടെ മാനങ്ങൾ ബോദ്ധ്യപ്പെടുവാൻ പൊതുസമൂഹത്തെ സജ്ജരാക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. ●



# ആത്മീയതയെ നിർവ്വചിക്കുമ്പോൾ



പ്രൊഫ. വി. ജി. തമ്പി

**ജീ**വിതത്തിന് നഷ്ടപ്പെട്ടുപോയ താളവും സന്തുലിതാവസ്ഥയും തിരിച്ചുകൊണ്ടു വരുന്നത് നമ്മുടെ ആത്മീയഭാവനയാണ്. ആത്മീയത എന്നാൽ സമഗ്രതയുടെ സൗന്ദര്യാനുഭൂതിയാണ്. ജീവിതത്തെ ചലിപ്പിക്കുന്നതും സ്വതന്ത്രമാക്കുന്നതും രൂപാന്തരപ്പെടുത്തുന്നതും ആത്മീയാനുഭൂതിയാണ്. ദോസ്തോവ്സ്കി പറയുന്നതിങ്ങനെ: 'മനുഷ്യന് ശാസ്ത്രമില്ലാതെയും അപ്പമില്ലാതെയും ജീവിക്കാൻ കഴിഞ്ഞേക്കും. എന്നാൽ ആത്മീയതയില്ലാതെ ജീവിക്കാനാവില്ല.' അപ്പത്തേക്കാൾ പ്രധാനമാണ് വചനം എന്ന ക്രിസ്തുവാക്യത്തിന്റെ പൊരുളതാണ്.

കടന്നുപോകുന്ന ഓരോ നിമിഷത്തിലും നമ്മുടെ ഉള്ളിലുള്ള അനന്തതയുമായി അനുരാഗത്തിലാകാനും ജീവിതത്തിൽ എല്ലായ്പ്പോഴും സന്നിഹിതമായിരിക്കുന്ന ദിവ്യതയെ വീണ്ടും വീണ്ടും ജനിപ്പിക്കുവാനും ഫ്രാൻസിസ് മാർപ്പാപ്പയുടെ വാക്കുകൾ ആത്മീയതയുടെ നാനാർത്ഥങ്ങളെക്കുറിച്ചെഴുതുവാൻ എന്നെ പ്രചോദിപ്പിക്കുന്നു. സ്വന്തം ജീവിതത്തെ പുനർഭാവന ചെയ്യുവാനും ആത്മീയസൗന്ദര്യത്താൽ ഊർജ്ജസ്വലമാക്കുവാനും ആ വാക്കുകൾക്ക് കഴിയുന്നുണ്ട്.

മനുഷ്യന്റെ സാധ്യതകളുടെ ആകെ തുകയാണ് ആത്മീയത എന്നു നിർവ്വചിക്കാം. ആത്മീയത അഗാധമായ ജാഗ്രതയുടെയും നൈതികബോധത്തിന്റെയും സമഗ്രാനുഭവമാണ്. തന്നിൽ മാത്രം ഒതുങ്ങിനിൽക്കാത്ത പ്രപഞ്ചാനുഭൂതിയിലേക്ക് ജീവിതത്തെ വ്യാപിപ്പിക്കുകയാണ് ഒരാളുടെ ആത്മീയാനുഭവം. വ്യക്തികളുടെ സ്വത്വത്തെ ശരീരത്തിൽ നിന്നും പ്രപഞ്ചത്തിലേക്ക് മുഴുവനുമായി രൂപാന്തരപ്പെടുത്തുന്ന ആന്തരികതയിലെ ഇന്ദ്രജാലമാണത്. സ്വാതന്ത്ര്യത്തിന്റെയും സാഹോദര്യത്തിന്റെയും സമത്വത്തിന്റെയും ഏറ്റവും ആഴമേറിയ നൈതികാവസ്ഥ ആത്മീയ ജീവിതത്തിലാണ് സാക്ഷാൽക്കരിക്കപ്പെടുന്നത്.



**നേടുന്നിടത്തല്ല,
നഷ്ടപ്പെടുത്തുന്നിടത്താണ്
ആത്മീയത.
ആത്മീയസ്ഥലം ഒരു
സുരക്ഷിതസ്ഥലമല്ല.
നിറയെ കൊടുങ്കാറ്റുകളുള്ള
ആകാശം.
അപകടങ്ങൾ
നിറഞ്ഞ പാത.
നിരാശയിൽ നിന്നും
അരക്ഷിതബോധത്തിൽ
നിന്നും ഉദിച്ചു വരുന്ന പ്രത്യാശ.
ക്രമം നഷ്ടപ്പെട്ടിടത്തെ
സ്നേഹം.**

പ്രപഞ്ചത്തിന്റെയും പ്രകൃതിയുടെയും അവനവന്റെയും രഹസ്യം അന്വേഷിക്കുവാൻ മനുഷ്യൻ നടത്തുന്ന ഏറ്റവും സാഹസികമായ സർഗാത്മകതയാണ് ആത്മീയത. നമുക്കുള്ളിലെ സഹജ ഭാവങ്ങളെ ഉണർത്തി അപര ജീവിതങ്ങളുമായി ഏകാന്തമാകാനുള്ള പരമമായ പ്രയത്നമതിലുണ്ട്. ഉള്ളിലമർന്നിരുന്ന് ഉടലിനെ അതിലംഘിക്കുവാനുള്ള ആന്തരികോർജ്ജം ആത്മീയതയിലുണ്ട്. ആത്മസുഖവും പരസുഖവും ഒന്നാകുന്ന മുഹൂർത്തം. തൻപ്രിയം അപരപ്രിയം തന്നെയെന്ന് തിരിച്ചറിയുന്ന നിമിഷം.

നേടുന്നിടത്തല്ല, നഷ്ടപ്പെടുത്തുന്നിടത്താണ് ആത്മീയത. ഉപയോഗിക്കുന്നിടത്തും സ്വയം ശൂന്യമാക്കുന്നിടത്തുമാണ് ആത്മീയത. ആത്മീയസ്ഥലം ഒരു സുരക്ഷിതസ്ഥലമല്ല. നിറയെ കൊടുങ്കാറ്റുകളുള്ള ആകാശം. അപകടങ്ങൾ നിറഞ്ഞ പാത. നിരാശയിൽ നിന്നും അരക്ഷിതബോധത്തിൽ നിന്നും ഉദിച്ചുവരുന്ന പ്രത്യാശ. ക്രമം നഷ്ടപ്പെട്ടിടത്തെ സ്നേഹം.

Spirituality എന്ന വാക്ക് Spirits ൽ നിന്നും ഉരുവം കൊണ്ടതാണെന്ന് നമുക്കറിയാം. ശ്വാസോച്ഛ്വാസം എന്നാണതിന് അർത്ഥം. ശ്വസിക്കുന്നിടത്തും ഉച്ഛ്വസിക്കുന്നിടത്തും ആണ് ജീവന്റെ പ്രമാണം അടങ്ങിയിരിക്കുന്നത്. സ്പിരിറ്റ്സിൽ നിന്നാണ് ഇൻസ്പിരേഷൻ (പ്രചോദനം), ആസ്പിരേഷൻ (അഭിലാഷം) തുടങ്ങിയ വാക്കുകളുണ്ടായത്. ആത്മീയത ആർജിച്ചെടുക്കേണ്ട ഗുണമാണ്. ആന്തരികതയെ നിരന്തരം പുതുക്കിയും ആഴപ്പെടുത്തിയും രൂപാന്തരപ്പെടുത്തിയും ആണ് ഒരാൾ ആത്മീയജീവിതത്തിൽ ശക്തി പ്രാപിക്കുകയുള്ളൂ. എത്തിച്ചേർന്ന ജീവിതത്തെ എത്തിച്ചേരേണ്ട ജീവിതത്തിലേക്ക് പരിവർത്തിപ്പിക്കുവാനുള്ള ആത്മസമരമാണത്. ആയിത്തീർന്ന ജീവിതം ആയിത്തീരേണ്ട ജീവിതത്തിലേക്ക് വികസിപ്പിക്കുവാനുള്ള ബോധപൂർവ്വമായ പ്രക്രിയ ആത്മീയതയിലുണ്ട്.

ജീവിതത്തിന്റെ ജ്ഞേയവും അജ്ഞേയവുമായ സങ്കീർണ്ണതകളോടും നിഗൂഢതകളോടുമുള്ള ആദരവിൽ നിന്നും വിസ്മയത്തിൽ നിന്നുമാണ് ഒരുവന്റെ ആത്മീയത ഉണർത്തപ്പെടുന്നത്. ഭൂമി മുഴുവൻ നിറഞ്ഞുനിൽക്കുന്ന ഊർജ്ജമാണ് ആത്മീയത. മനുഷ്യജീവിതത്തിന്റെ അനിവാര്യമായ സ്വാതന്ത്ര്യത്തിന്റെ മാനമാണത്. ജീവിച്ച ജീവിതത്തിനപ്പുറം മറ്റൊരു ജീവിതത്തെ കണ്ടെത്തുന്നത് ആത്മീയതയിലാണ്. നീതിയുടെ സൗന്ദര്യമെന്നോ സമഗ്രതയെന്നോ ആത്മീയത നിർവ്വചിക്കാം. ●





# അപ്പോസ്തോലന്മാർ ഇവിടെ ഇന്നും ജീവിച്ചിരിക്കുന്നു




**ഡോ. മഞ്ജുഷ വി. പണിക്കർ**
കാതോലിക്കേറ്റ് കോളേജ്, പത്തനംതിട്ട.
അസിസ്റ്റന്റ് പ്രൊഫസർ, മലയാളം
ബിരുദാനന്തരബിരുദ ഗവേഷണ വിഭാഗം


**സു**വിശേഷം എന്നാൽ നല്ല വാർത്ത. യേശുക്രിസ്തുവിന്റെ ജീവിതവും പ്രബോധനങ്ങളും രേഖപ്പെടുത്തിയിരിക്കുന്ന ഗ്രന്ഥങ്ങളാണല്ലോ സുവിശേഷങ്ങൾ. മനുഷ്യരാശിക്ക് ദൈവം നൽകുന്ന രക്ഷയുടെ നല്ല വാർത്ത ഉൾക്കൊള്ളുന്നു എന്ന വിശ്വാസമാണ് ഈ ഗ്രന്ഥങ്ങളെ സുവിശേഷങ്ങൾ എന്നു വിളിക്കുവാനുള്ള കാരണം. കാനോനിക സുവിശേഷങ്ങൾ - മത്തായി, മർക്കോസ്, ലൂക്കോസ് (ലൂക്കാ), യോഹന്നാൻ എന്നിവരുടെ സുവിശേഷങ്ങൾ - നമുക്കു പരിചിതമാണ്. ഇവയൊക്കെ എഴുതപ്പെട്ടത് ക്രി.വ. 40 നും 95 നും ഇടയ്ക്കുള്ള കാലത്താണെന്നു കരുതപ്പെടുന്നു. 2017-ൽ എഴുതപ്പെട്ട ശ്രദ്ധേയമായ മറ്റൊരു സുവിശേഷമുണ്ട് 'അശരണരുടെ സുവിശേഷം'. സമകാലിക മലയാള സാഹിത്യകാരന്മാരിൽ ഏറെ ശ്രദ്ധേയനായ ഫ്രാൻസിസ് നൊറോണയുടെ ആദ്യ നോവൽ.

യേശുവിന്റെ സഹചാരികളും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്ക് ദൃക്സാക്ഷികളുമായിരുന്ന അപ്പോസ്തോലന്മാരുടെ ഓർമ്മക്കുറിപ്പുകളോ സമൂഹത്തിന്റെ വിശ്വാസസംഹിതകളോ ആയിട്ടാണ് കാനോനിക സുവിശേഷങ്ങൾ രചിക്കപ്പെട്ടിട്ടുള്ളത്. അവർക്ക് അവലംബമായത് യേശുക്രിസ്തുവിന്റെ ജീവിതപാഠങ്ങളും. ആത്മീയജീവിതത്തിന്റെ പ്രായോഗിക പാഠങ്ങളിൽ നിന്ന് ഉരുത്തിരിഞ്ഞ സുവാർത്തകൾ എന്ന് സുവിശേഷത്തെ തിരിച്ചറിയേണ്ടിയിരിക്കുന്നു. അവയുടെ സമകാലിക പ്രസക്തിയും അതുതന്നെയാണ്. പരമ്പരാഗത വിശ്വാസങ്ങളിലും സ്ഥാപനവത്കൃത മതചിന്തകളിലും നിന്നകന്നുമാറി ദൈവത്തെ

അന്വേഷിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ആത്മീയതയും മനുഷ്യത്വവും കൂടിച്ചേർന്ന വിശ്വാസവഴികൾക്കേ ഈ ലോകത്തെ നയിക്കാനാകൂ. നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക എന്ന ക്രിസ്തുവചനത്തിലും പതിനെട്ടു പടിയും കയറിയെത്തുമ്പോൾ കാണുന്ന തത്വമസി മന്ത്രത്തിലും ശ്രീനാരായണ ഗുരുവിന്റെ കണ്ണാടിപ്രതിഷ്ഠയിലും സൂചിതമാകുന്നത് ഇതുതന്നെയാണ്. സ്നേഹത്തിലും കരുണയിലും കരുതലിലും അധിഷ്ഠിതമായ ആത്മീയതയുടെ പ്രായോഗിക തലമാണ് നൊറോണ ആഖ്യാനം ചെയ്യുന്നത്. സാഹിത്യത്തിൽ, വിശേഷിച്ച് മലയാള സാഹിത്യത്തിൽ ആത്മീയതയും ആത്മീയജീവിതവും ഇതിനുമുമ്പ് ഇത്ര ഗൗരവമായും ശക്തമായും ആവിഷ്കൃതമായിട്ടില്ല എന്നുതന്നെ പറയാം. ശ്രീനാരായണ ഗുരുവിന്റെയും ശ്രീരാമകൃഷ്ണ പരമഹംസരുടെയുമൊക്കെ ജീവിതം ആഖ്യാനം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും അവയെ ആത്മീയസാഹിത്യത്തിന്റെ പരിധിയിൽ ഉൾപ്പെടുത്താനാവില്ല. ഒ.വി. വിജയന്റെ ഗുരുസാഗരത്തിൽ ആത്മാന്വേഷണത്തിന്റെ ഒരു തലമുണ്ട്. സാറാ ജോസഫിന്റെ ഒതപ്പിലെ ഫാദർ അഗസ്റ്റിൻ എന്ന കഥാപാത്രത്തിലാണ് ഒരു പൂർവ്വമാതൃക കണ്ടെത്താനാകുന്നത്. നിരാലംബർക്കു വേണ്ടിയുള്ള വിപ്ലവമായിരുന്നു ആ ജീവിതം. എന്നാൽ ഇവയൊന്നും ആത്മീയപാഠങ്ങളുടെ സമഗ്രമായ അടയാളപ്പെടുത്തലുകളാകുന്നില്ല.

ആത്മീയജീവിതത്തിന്റെ ആഖ്യാനമാതൃകകൾ വിരളമായ മലയാളസാഹിത്യത്തിൽ സമകാലിക സുവിശേഷം, ആത്മീയതയുടെ പ്രായോഗികപാഠം എന്നീ നിലകളിൽ ഫ്രാൻസിസ് നൊറോണയുടെ നോവൽ സവിശേഷ പരാമർശം അർഹിക്കുന്നു. ചരിത്രത്തിൽ ജീവിച്ചവന്റെ പ്രവർത്തനങ്ങളെയും പ്രബോധനങ്ങളെയും അടയാളപ്പെടുത്തുന്ന ഈ സുവിശേഷത്തിനടിസ്ഥാനം 1910 1986 കാലഘട്ടത്തിൽ ആലപ്പുഴയിൽ ജീവിച്ചിരുന്ന, ആലപ്പുഴയുടെ സ്വന്തം വല്യച്ചൻ മോൺസിഞ്ഞോർ റൈനോൾഡ്സ് പുരയ്ക്കൽ എന്ന അശരണരുടെ വിശുദ്ധനാണ്. 1910 ഡിസംബർ 28 ന് കുഞ്ഞുപൈതങ്ങളുടെ തിരുനാളിൽ ജനിച്ച റൈനോൾഡ്സ് എന്ന ബാലൻ കുഞ്ഞുങ്ങളുടെ അനാഥരും നിരാലംബരുമായ കുഞ്ഞുങ്ങളുടെ അച്ഛനും വല്യച്ഛനുമായിത്തീർന്നു. ആത്മീയഗുരുവായ മോൺസിഞ്ഞോർ റൈനോൾഡ്സ് പുരയ്ക്കൽ എന്ന ദൈവദാസന്റെ കഥയാണ് അശരണരുടെ സുവിശേഷം. പുരയ്ക്കൽ കുഞ്ഞുവർക്കിയിലും കുഞ്ഞുവർക്കിയുടെ മകൻ ജോസഫിലും കണ്ട സഹാനുഭൂതിയുടെയും സ്നേഹത്തിന്റെയും തുടർച്ചതന്നെയാണ് ജോസഫിന്റെയും മേരിയുടെയും മകൻ റൈനോൾഡ്സിലും കാണുന്നത്. 'കായത്തിന്റെ ഗന്ധവും ജന്മിമാരുടെ മക്കളുടെ അഹന്തയും സഹിച്ചും മഷിത്തണ്ടുപോലെ വാടി'ക്കോടാലി സ്കൂളിലെ ബഞ്ചിലിരുന്നിരുന്ന റൈനോൾഡ്സിന്റെ ഉറ്റചങ്ങാതി പെലയനന്തോണിയുടെ മകൻ ദാസപ്പനായിരുന്നു. ദൈവത്തെ സംബന്ധിച്ചുള്ള കാഴ്ചപ്പാടിലും ഈ ജന്മിപുത്രൻ വ്യത്യസ്തനായിരുന്നു. മഹാരാജാവിന്റെ ജന്മദിനത്തിൽ കുട്ടികൾക്കെല്ലാവർക്കും അവൽ വിളയിച്ചതും രണ്ടു പഴവും നൽകാൻ കല്പനയുണ്ടായിരുന്നു. എന്നാൽ ജന്മിമാരുടെ മക്കൾ തിന്നതിനുശേഷം അടിയാളക്കുട്ടികൾക്കുള്ള അവലിൽ ആരോ മണ്ണുവാരിയിട്ടു. ജന്മിക്കുട്ടികളുടെ എച്ചിലിലയിൽ വിളമ്പിയ അവിൽ വിമ്മിട്ടപ്പെട്ട് അടിയാളക്കുട്ടികൾ തിന്നു. മണ്ണു കടിച്ചുതുപ്പിയവനൊക്കെ മുതുകിനടികൊണ്ടു. അടിയാള



ക്കുട്ടികളുടെ കണ്ണീരിൽക്കുതിർന്ന ആ സന്ധ്യയിൽ പ്രാർത്ഥനകഴിഞ്ഞ് അമ്മ ക്രിസ്തുരാജന്റെ ജപം ചൊല്ലിയത് ഏറ്റു പറയാതിരുന്ന മകനോട് അപ്പൻ പറഞ്ഞു:

'ഏറ്റു പറ, ഈശോയാണ് നമ്മുടെ രാജാവ്.. രാജാക്കന്മാരുടെ രാജാവ്.'

അപ്പന് സ്തുതികൊടുക്കുമ്പോൾ കലങ്ങിയ കണ്ണുമായി അവൻ പറഞ്ഞത് 'ന്റെ... ഈശോയ്ക്ക് രാജാവാകാൻ പറ്റൂല്ല' എന്നായിരുന്നു. ദൈവത്തെയും രാജാവിനെയും സംബന്ധിക്കുന്ന തന്റെ ധാരണകളായിരുന്നു അവന്റെ പ്രതിഷേധത്തിന്റെ ഉള്ളടക്കം. കാനോനിക സുവിശേഷങ്ങളിൽ മനുഷ്യപുത്രനായ ക്രിസ്തുവിനെ അവതരിപ്പിക്കുന്ന ലൂക്കായുടെ സുവിശേഷത്തിനാണ് ഇവിടെ കൂടുതൽ പ്രസക്തി. മനുഷ്യവർഗ്ഗത്തെ ജന്മിയെന്നും അടിയാളനെന്നും വേറിട്ടുകാണുന്ന രാജാവിനെയോ ദൈവത്തെയോ ഉൾക്കൊള്ളുവാൻ തയ്യാറല്ലാത്ത കുരുന്നുമനസ്സ്, ആത്മീയതയുടെ പ്രയുക്തപാഠം അധികാരത്തിനു ബദലാണെന്ന പ്രഖ്യാപനംകൂടിയാണത്. വിശക്കുന്നവന് അന്നവും ദാഹിക്കുന്നവന് ജലവും ദുഃഖിക്കുന്നവന് സാന്ത്വനവും പാർശ്വവത്കൃതന് ചേർത്തുനിർത്തലും ദൈവികാനുഭവങ്ങളാണ്. അതുകൊണ്ടുതന്നെ ദൈവത്തെ സ്ഥാപനവത്കരിക്കുകയോ രാഷ്ട്രീയവത്കരിക്കുകയോ ചെയ്യുന്നതിൽ അപാകതയുമുണ്ട്. ഡിസംബറിലെ തണുത്തരാത്രികളിൽ കൊച്ചുകുട്ടികളുടെ പുതപ്പ് അടിച്ചുമാറ്റുന്നവന്മാരോട് പൊക്കം വർക്കി വിളിച്ചുപറയുന്നതും അതുതന്നെയാണ്.

'വിശക്കുന്നവന് അപ്പവും വിറയ്ക്കുന്നവന് പുതപ്പുമാണ് ദൈവം. അത് അപഹരിക്കുന്നവൻ സാത്താനാണ്.'




പട്ടിണിയും ദാരിദ്ര്യവും തമ്മിൽ വേർപെടുത്താനാവാത്ത ബന്ധമാണ്. എന്നാൽ നോവൽ അടയാളപ്പെടുത്തുന്നത് ദാരിദ്ര്യത്തിന്റെ ഭിന്നമുഖങ്ങളെയാണ്. വീട്, തന്ത, തള്ള, ആരോഗ്യം, ആത്മീയത ഇവയുടെയൊക്കെ അഭാവങ്ങൾ മനുഷ്യരെ അശരണരും ദരിദ്രരുമാക്കിത്തീർക്കുന്നതിന്റെ നേർക്കാഴ്ചയായിത്തീരുന്നുണ്ട് നോവൽ. പിതാവും പുത്രനും തമ്മിലുള്ള ബന്ധത്തിന്റെ ആഴവും നോവൽ ആലേഖനം ചെയ്യുന്നുണ്ട്. ദാരിദ്ര്യത്തിന്റെ ആഖ്യാനങ്ങളൊക്കെയും അപ്പനില്ലാത്തവന്റെ അവസ്ഥാന്തരങ്ങളുടെ ഭാഗമായാണ് കടന്നു വരുന്നത് എന്നതും ശ്രദ്ധേയമാണ്. തന്തയില്ലാത്തവന്റെ ദുഃഖം ദാസപ്പന്റെ ജീവിതാവസ്ഥയിലൂടെ അടയാളപ്പെടുത്തിയിരിക്കുന്നത് നോക്കുക:

കുടിലിനു പിന്നിലെ നെല്ലിമരച്ചോട്ടിൽ വിയർത്തു കുളിച്ച് ദാസനിരുന്നു. വാരിയെല്ലുകൾ തെളിഞ്ഞു നിന്ന അവന്റെ ശ്വാസക്കൂട് വല്ലാണ്ട് കുറുങ്ങുന്ന സ്വരം. ശ്വസനത്തിന്റെ ഇടവേളകൾ കണ്ടെത്താനാവാതെ കരയ്ക്കിട്ട മീനിനെപ്പോലെ ദാസൻ പിടയുമ്പോൾ റൈനോൾഡ്സ് മുതുക് തടവിക്കൊടുത്തു.

'നീയെനിക്ക് എന്തോ തരാന്ന് പറഞ്ഞില്ലേ... തിന്നണ വല്ലോവാണെങ്കി പെട്ടെന്നെടുക്ക്...'

ഉച്ചയ്ക്കു കഴിക്കാതെ സൂക്ഷിച്ചുവെച്ച പൊതിച്ചോറ് ദാസനുമുന്നിൽ റൈനോൾഡ്സ് തുറന്നുവെച്ചു. വാട്ടിയ വാഴയിലയിൽനിന്നു കുത്തരിച്ചോറിന്റെയും മത്തിക്കറിയുടെയും ഗന്ധങ്ങൾ. ദാസൻ ഏങ്ങലടിച്ചു കരയാൻ തുടങ്ങി.

'എന്താ എന്തു പറ്റി?'

റൈനോൾഡ്സ് പേടിച്ച് അവന്റെ ചുമലിൽ പിടിച്ചു കുലുക്കി.

'നീയെനിക്ക് ഒരുപിടി വാരിത്താ റൈനോൾഡ്സേ... ന്റെ കൈയും കാലും തളരണ്.'

ഒരുപിടിച്ചോറു മത്തിച്ചാറുമായി കുഴച്ച് ഉരുളയാക്കി നൽകിയത് ദാസൻ ആർത്തിയോടെ വിഴുങ്ങി. തൊണ്ടക്കുഴിക്കും ആമാശയത്തിനുമിടയിൽ അതങ്ങനെ വിലങ്ങനെ നിൽക്കെ അവന്റെ കണ്ണ് തുറിച്ചുവരുന്നതു കണ്ട് റൈനോൾഡ്സ് ഓടിപ്പോയി കുളത്തിൽനിന്നു ചേമ്പിലയിൽ ഒരു കുമ്പിൾ വെള്ളമെടുത്തു.

'ദാസപ്പാ...കുടിക്ക്.'

വെള്ളമിറക്കുമ്പോൾ നെഞ്ചിൽനിന്നു ഭാരമിറക്കുന്ന ആശ്വാസത്തിൽ ദാസൻ മെല്ലെ ചിരിച്ചു. അവന്റെ മൂക്കൊലിപ്പും കണ്ണീരും കൂടിക്കുഴഞ്ഞു. ഇടതു കൈപ്പത്തിയുടെ പുറംകൊണ്ടു മൂക്ക് തുടച്ചു പിഞ്ഞിയ ഒറ്റമുണ്ടിൽ തേച്ചുകൊണ്ട് അവൻ പറഞ്ഞു:

'നീ പേടിച്ചേ...ഞാൻ ചാകൂന്ന് വിചാരിച്ച്.'

റൈനോൾഡ്സിന് കരച്ചിൽ വന്നു.

'നാലഞ്ചൂസം തിന്നാണ്ടിരുന്നിട്ടു വാരിത്തിന്നാ നെഞ്ചുമ്മേ കെട്ടും. ചങ്കുപറിയണ വേദനയാ. ഇപ്പ മാറീട്ടാ'

'നാലഞ്ചൂസം തിന്നാണ്ടിരിക്കാൻ പറ്റോ ഒരാൾക്ക്'

റൈനോൾഡ്സ് വാ പൊളിച്ചിരിക്കുന്നതു കണ്ട് ദാസൻ കളിയാക്കി.

'എടാ പൊട്ടാ കലത്തിലുണ്ടെങ്കിലല്ലേ തിന്നാമ്പറ്റൂ... ഇല്ലാണ്ടു വന്നാ പച്ചവെള്ളം കുടിച്ച് കമിഴ്ന്നു കെടക്കണം. കെടന്നു കെടന്ന് തഴപ്പാ വിയർപ്പിൽ കുതിരും... ന്നാലും എഴുന്നേൽക്കരുത്... എഴുന്നേറ്റാ വെശക്കും.

' വെശപ്പെന്താന്ന് എനിക്കറിയില്ല ദാസാ.''

''തിന്നാണ്ടിരുന്നാപ്പോരാ... അടുപ്പീ തിന്നാനൊന്നും ഇല്ലാണ്ടുവരണം. അപ്പഴാ വെശപ്പ് വെശപ്പാവണേന്ന് ന്റപ്പൻ പറയും. ന്റപ്പനെ അറിയ്യോ നെനക്ക്. കെട്ടുവള്ളമൂന്നണ പെലയനന്തോനി, അപ്പനുണ്ടായിരുന്നേ ഞങ്ങളെ പട്ടിണിക്കിടില്ലായിരുന്നു.''

'കുഞ്ഞുങ്ങൾ പട്ടിണികിടക്കുന്നത് അവർക്കൊരു അപ്പനില്ലാതെപോകുന്നതിനാലാണെന്ന വാക്ക് ഹൃദയത്തിൽ എഴുത്താണി കൊണ്ട് വരഞ്ഞതുപോലെ'യാണ് റൈനോൾഡ്സിന് അനുഭവപ്പെട്ടത്. ആ ലിഖിതത്തെ ശരിവയ്ക്കുന്നതായിരുന്നു അനാഥാലയത്തിലെ പട്ടിണി ജീവിതങ്ങളും. ബ്രദർ റൈനോൾഡ്സ് പുരയ്ക്കലിന്റെ അനാഥാലയ സന്ദർശനത്തിന്റെ അനുഭവങ്ങളും അത്തരത്തിലുള്ളതായിരുന്നു.

ഉപ്പുമാവിൽ ഹന്നാൻ വെള്ളം തളിച്ചുകൊണ്ട് റെക്ടറച്ചൻ പറഞ്ഞു: 'എന്നും ഇവിടെ ഉപ്പുമാവാണ്. ഹന്നാൻവെള്ളം തളിക്കുമ്പോ ഞാൻ പ്രാർത്ഥിക്കും...ഓരോ ദിവസവും ഓരോ രുചി നൽകണേ ദൈവമേന്ന്.''

അതിനുള്ള പ്രതികരണമാകട്ടെ 'അച്ചന്റെ പ്രാർത്ഥന ഫലിക്കുന്നുണ്ട്. മിനിഞ്ഞാന്ന് കരിഞ്ഞചുവ, ഇന്നലെ പുകച്ചുവ.' എന്നായിരുന്നു

ഫലിതത്തിലും ദൈന്യം നിറഞ്ഞു നിൽക്കുന്നതു കാണാം. ദാരിദ്ര്യത്തിന്റെ ഈ ഫലിതം ചിരിച്ചുകൊണ്ട് ആസ്വദിക്കാനാവില്ല എന്നതാണ് യാഥാർത്ഥ്യം. അനാഥാലയത്തിലെ ഭക്ഷണത്തിന്റെ അവസ്ഥയും വളരെ ദയനീയമാണ്. സ്വാദിന്റെ ഫലിതം എത്ര ഭീകരമാണെന്നു വ്യക്തമാക്കുന്നത് അതുകൂടി അറിയുമ്പോളാണ്. ബ്രദർ റൈനോൾഡ്സ് കുട്ടികളോടൊപ്പം കമ്പത്തിന്റെ ഉപ്പുമാവ് കഴിക്കാനിരിക്കുമ്പോൾ കൂടെയിരുന്നവൻ വിലക്കി,

'പച്ചയ്ക്ക് വാരാതെ. കാപ്പി ഉപ്പുമാവിലോട്ടൊഴിക്ക്.'

റൈനോൾഡ്സ് എന്തെങ്കിലും പറയുന്നതിനു മുൻപ് അവൻ ചൂടു കാപ്പിയെടുത്ത് പാത്രത്തിലോട്ടു കമഴ്ത്തി.

ചക്കരക്കാപ്പിയുടെ തടാകത്തിൽ ഉപ്പുമാവിൻ ദ്വീപുകൾ. പതുക്കെ പതുക്കെ ദ്വീപുകൾ തടാകത്തിലേക്ക് താണുകൊണ്ടിരുന്നു. നുര പതയുന്നതുപോലെ നേർത്ത പുഴുക്കൾ ചത്തു മലച്ച് ചൂടുകാപ്പിക്കു മീതേ പൊന്തുന്നതു കണ്ട് മുതിർന്നവർ കുളത്തിൽനിന്ന് പായൽ നീക്കുന്നതുപോലെ പുഴുക്കളെ വിരൽകൊണ്ട് അരികിലേക്ക് വടിച്ചുകൊണ്ടുവന്ന് പിഞ്ഞാണത്തിന്റെ വക്കിൽ തുടച്ചു.

'ഇനി തിന്നോ ... കുഴപ്പമില്ല.'

അന്ന് ഓക്കാനിച്ചുകൊണ്ട് ഇറങ്ങിപ്പോയ ബ്രദറാണ് അച്ചൻപട്ടം സ്വീകരിച്ച് ആദ്യംതന്നെ അനാഥാലയത്തിൽ നിയമിതനായത്. ഏറെ സന്തോഷത്തോടെ തന്റെ നിയോഗത്തെ ഉൾക്കൊള്ളുകയും ഏറ്റെടുക്കുകയും ചെയ്ത അദ്ദേഹം നിരാലംബരുടെ വൃത്തിഹീനമായ ജീവിത ഇടങ്ങളിലേക്ക് മുമ്പും കടന്നുചെന്നിട്ടുണ്ട്. മാന്നാനത്ത് ബോർഡിങ്ങിൽ പഠിക്കുമ്പോഴാണ് അവിടുത്തെ റെക്ടറച്ചനോടും റപ്പായിയോടുമൊപ്പം അശരണരുടെ ജീവിതത്തിലേക്ക് കടന്നുചെല്ലുവാനും അവർക്കായി പ്രവർത്തിക്കുവാനും അവസരം ലഭിച്ചത്. അനാഥർക്കുവേണ്ടി എന്തെങ്കിലുമൊക്കെ



മോൺ. റൈനോൾഡ്സ് പുരയ്ക്കൽ

ചെയ്യണമെങ്കിൽ അവരോടൊപ്പം അവരിലൊരാളായി ജീവിക്കണം എന്നതായിരുന്നു അദ്ദേഹത്തിന്റെ നയം. ഒരപ്പൻ മക്കളെക്കുറിച്ച് എന്ന പോലെ അനാഥക്കുട്ടികളെക്കുറിച്ച് സ്വപ്നം കണ്ടിരുന്നു റൈനോൾഡ്സച്ചൻ. അനാഥക്കുട്ടികളെക്കുറിച്ചുള്ള കാഴ്ചപ്പാടിൽത്തന്നെ മറ്റുള്ളവരിൽനിന്ന് വ്യതിരിക്തനായിരുന്നു അദ്ദേഹം. 'ഒരപ്പന്റെ മക്കളെപ്പോലെ' എന്ന് ബ്രദർ റൈനോൾഡ്സ്, 'തന്തയില്ലാത്തതുങ്ങള്' എന്ന് ബ്രദർ അന്തോണി. ഇരുവരുടെയും ജീവിതാവസ്ഥയുടെയും മാനസികാവസ്ഥയുടെയും പ്രതിഫലനമാണ് ഈ വിലയിരുത്തൽ.

പാവങ്ങൾ പട്ടിണികിടക്കുമ്പോൾ എല്ലാ ചട്ടങ്ങളും അപ്രസക്തമാണെന്ന പക്ഷക്കാരനാണ് അച്ചൻ. അതുകൊണ്ടുതന്നെയാണ് ഹെഡ്മാഷെ ചട്ടലംഘനത്തിന് പ്രേരിപ്പിക്കുന്നതും.

'മാഷ് തോപ്പിച്ചാ, അവർക്ക് അനാഥാലയത്തിൽ തുടരാനാവില്ല. തോൽക്കുന്നവരെ പറഞ്ഞുവിടാനാ ബിഷപ്പിന്റെ തീരുമാനം. ഇക്കൊല്ലംകൂടി എങ്ങനെയെങ്കിലും ജയിപ്പിച്ചുവിടണം; തിരിച്ചുപോകാൻ അവർക്കൊരിടമില്ല...' യാഥാർത്ഥ്യം തിരിച്ചറിയുന്നവന്റേതാണ് ഈ വാക്കുകൾ. അധികാരത്തിന്റെ അകലങ്ങൾക്ക് നേരനുഭവത്തിന്റെ അഭാവമുണ്ടെന്ന പ്രഖ്യാപനംകൂടിയാണിത്. അച്ചന്റെ വാക്കിലെ കമ്മ്യൂണിസ്റ്റുചുവ തിരിച്ചറിഞ്ഞ മാഷിന് അച്ചൻ നൽകുന്ന മറുപടിയും അതു ശരിവയ്ക്കുന്നതാണ്:

'വിശപ്പാണ് മാഷെ ഭൂമിയിലെ ഏറ്റവും വലിയ പങ്കപ്പാട്. അതിന്റെ ഭയാനകമായ മുഖവും അതു നമ്മളെ ഞെരുക്കുമ്പോഴുള്ള വേദനയും ആകുലതയും ഏറെ കണ്ടവനാ ഞാൻ... മക്കള് വിശന്നാ ഗതികേടുകൊണ്ട് അപരന്റെ തോട്ടത്തിൽ വിളഞ്ഞുനിൽക്കുന്നതിൽനിന്ന് അല്പമെടുക്കുന്നത് പാപമല്ലെന്ന് പുത്തൻപള്ളീലെ മൽപ്പാനച്ചൻ പറയുമായിരുന്നു....' അനുഭവിച്ചറിഞ്ഞ ദാരിദ്ര്യമല്ല, കണ്ടറിഞ്ഞവന്റെ തിരിച്ചറിവുകളാണ് അനാഥർക്കായി ജീവിക്കുവാൻ അദ്ദേഹത്തെ ഒരുക്കിയത്. നാൾവഴി പുസ്തകത്തിൽ അച്ചനെഴുതി:

'ശക്തമായ ക്രിസ്തീയസ്വാധീനവും അതിലേറെ പ്രബലമായ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവുമുള്ള മണ്ണാണ് ആലപ്പുഴയുടേത്. മനുഷ്യന്റെ സാമൂഹ്യബന്ധങ്ങൾക്കും സാമൂഹ്യ ഉത്തരവാദിത്വത്തിനും സാമൂഹ്യക്രമത്തിനും രണ്ടുപേരും ഒരുപോലെ ശ്രമിക്കുന്നു. എന്നിട്ടും എന്തു കൊണ്ട് പട്ടിണിയും രോഗങ്ങളും അനാഥജന്മങ്ങളും.' മാർക്സിസവും മതവും ചേർന്നുപ്രവർത്തിച്ചാൽ സാധ്യമാകുന്ന വിപ്ലവകരമായ മാറ്റത്തിലുള്ള പ്രതീക്ഷ ഈ വാക്കുകളിൽ ശക്തമായി നിലനിൽക്കുന്നു. വിമോചന ദൈവശാസ്ത്രത്തിന്റെ സാധ്യതകളെ ആഴത്തിൽ തിരിച്ചറിഞ്ഞ ഒരു മഹാമനുഷ്യന്റെ മതദർശനവും രാഷ്ട്രീയ ദർശനവും ഇതിൽ ഉള്ളടങ്ങിയിട്ടുണ്ട്. ഇവയുടെ സമാന്തര രേഖയിലുള്ള സഞ്ചാരമല്ല സമന്വയമാണ് അനിവാര്യം. മതം രാഷ്ട്രീയത്തിനോ തിരിച്ചോ ബദലുകളല്ലെന്നും രണ്ടും ലക്ഷ്യം വയ്ക്കേണ്ടത് ദാരിദ്ര്യനിർമ്മാർജ്ജനമാണെന്നുമുള്ള മഹത്തായ സന്ദേശംകൂടിയാണ് വല്യച്ചന്റെ ജീവിതം. അനാഥാലയത്തിലെ ജീവിതത്തെ ചിട്ടപ്പെടുത്തിയതും അവരെ പ്രാർത്ഥിക്കാൻ പഠിപ്പിച്ചതും പ്രേരിപ്പിച്ചതും അദ്ദേഹമാണ്. തന്തയില്ലാത്ത കുഞ്ഞുങ്ങൾക്ക് തന്തയും തള്ളയില്ലാത്തവർക്ക് തള്ളയുമായിക്കൊണ്ട് അനാഥരുടെ നാഥനായി. നിർമ്മാർജ്ജനം ചെയ്യേണ്ടത് പട്ടിണി മാത്രമല്ല, എല്ലാ പ്രകാരത്തിലുമുള്ള ദാരിദ്ര്യത്തെയാണ്. പട്ടിണി ഇല്ലാതാകുന്നതോടെ ദാരിദ്ര്യം അവസാനിക്കുന്നില്ലെന്നും ആത്മീയ ദാരിദ്ര്യംകൂടി ഇല്ലായ്മ ചെയ്യണമെന്നുമുള്ള ചിന്തയുടെ ഫലമാണ് അനാഥാലയത്തിലെ മുടങ്ങാതെയുള്ള പ്രാർത്ഥനകൾ.

തന്റെ അനുജനെ മരിച്ചപ്പോൾ കിടത്തിയ തഴപ്പായയിൽ വർഷങ്ങൾക്കുശേഷം മുട്ടുകുത്തുന്ന റൈനോൾഡ്സിനോട് 'നീ എന്തിനാണ് കുഞ്ഞേ അവിടെ മുട്ടിന്മേൽ നിക്കണേ' എന്ന അമ്മയുടെ ചോദ്യത്തിന്, 'പിറക്കണെ ഉടനെ കിടാങ്ങള് മരിച്ചാ...വിശുദ്ധരാകുന്ന് കാട്ടൂരിലെ കന്യാസ്ത്രീയമ്മമാര് പറഞ്ഞില്ലേ ...ഞാനും ഉടനേ മരിച്ചാ മതിയായിരുന്നു' എന്നു മറപടിനൽകുന്ന മകന് '...നന്നായി ജീവിക്കുന്നവരും വിശുദ്ധരാകും. ന്റെ മോൻ പാവങ്ങളെ സഹായിച്ച് ജീവിച്ചാമതി' എന്ന് വിശുദ്ധിയുടെ ജീവനപാഠം പകർന്നു നൽകുന്നുണ്ട് അമ്മ മേരി. തെണ്ടിവർഗ്ഗമെന്നും തന്തയില്ലാത്തവരെന്നും സകലരാലും മുദ്രകുത്തപ്പെട്ട അനാഥ ജന്മങ്ങൾക്കുവേണ്ടി തന്റെ ജീവിതം ഉഴിഞ്ഞുവച്ച ഫാദർ റൈനോൾഡ്സ് അക്ഷരാർത്ഥത്തിൽ വിശുദ്ധനായ അച്ചനാണ്, ട്രിനാഡച്ചന്റെ വാക്കുകളിൽ പറഞ്ഞാൽ 'അനാഥരുടെ വിശുദ്ധൻ'.

വൈദികവൃത്തിയേയും സഭയേയും സംബന്ധിക്കുന്ന പരമ്പരാഗത ധാരണകളെ, വിശ്വാസങ്ങളെ അശരണരുടെ പക്ഷത്തുനിന്ന് നോക്കിക്കാണുവാനുള്ള ശ്രമമാണ് നോവലിന്റെ എടുത്തു പറയേണ്ട മറ്റൊരു സവിശേഷത. റൈനോൾഡ്സ് എന്ന പേരുതന്നെ അതാണ്

സൂചിപ്പിക്കുന്നത്. Reynolds എന്നാൽ son of Reynold (റൈനോൾഡിന്റെ പുത്രൻ), Reynold എന്നാൽ powerfull Ruler. ആരാണ് യഥാർത്ഥ ഭരണാധികാരി -രാജാവ്-എന്നതിനുള്ള ഉത്തരവും നോവൽ നൽകുന്നുണ്ട്. 'ന്റെ... ഈശോയ്ക്ക് രാജാവാകാൻ പറ്റൂല്ല' എന്ന ചിന്തയ്ക്കടിസ്ഥാനം നിലനിന്നിരുന്ന വ്യവസ്ഥിതിയുടെ നീതികേടായിരുന്നുവെങ്കിൽ, മതങ്ങളുടെ സ്ഥാപനവത്കൃത ചട്ടക്കൂടുകളെ മനുഷ്യത്വപരമായി പരിവർത്തിപ്പിക്കുവാൻ കഴിഞ്ഞ പുരയ്ക്കൽ റൈനോൾഡ്സ് അച്ചൻ അശരണരുടെ വാഴ്ത്തപ്പെട്ട രാജാവു തന്നെയായി മാറി. അങ്ങനെ റൈനോൾഡ്സ് - ജോസഫിന്റെയും മറിയത്തിന്റെയും പുത്രൻ - രാജാധിരാജനായ കർത്താവിന്റെ പുത്രനാകുന്നു. ഇവിടെയാണ് കാനോനിക സുവിശേഷങ്ങൾ സംഗമിക്കുന്നത്. രാജാവായ ക്രിസ്തു (മത്തായിയുടെ സുവിശേഷം), ദാസനായ ക്രിസ്തു (മാർക്കോസിന്റെ സുവിശേഷം), മനുഷ്യനായ ക്രിസ്തു (ലൂക്കായുടെ സുവിശേഷം), ദൈവപുത്രനായ ക്രിസ്തു (യോഹന്നാന്റെ സുവിശേഷം) എന്നിങ്ങനെ ക്രിസ്തുവിന്റെ നാല് ചിത്രങ്ങളാണ് നാലു സുവിശേഷങ്ങളും അവതരിപ്പിക്കുന്നത്. നൊറോണയുടെ സുവിശേഷത്തിലാകട്ടെ ഇവയെല്ലാം സമന്വയിക്കുന്നു.

പിതൃപരമ്പരയുടെ സ്നേഹത്തിന്റെയും അലിവിന്റെയും കഥകൂടിയാണിത്. ഈ അലിവ് ചാക്കപ്പനിലേക്കും പകരുന്നതോടെ പുരയ്ക്കൽ കുടുംബത്തിന്റെ നാൾവഴി പുസ്തകം വിപുലീകരിക്കപ്പെടുകയും വിമലീകരിക്കപ്പെടുകയുമാണ്. ഒരു വർഷക്കാലം അനാഥാലയത്തിന്റെ ചുമതലയിൽനിന്ന് വല്യച്ചൻ വിട്ടു നിന്നപ്പോൾ പുത്തനച്ചന്റെ 'പ്രാക്ടിക്കലാകലി'ന്റെ ഭാഗമായി അവിടെനിന്നും തിരസ്കരിക്കപ്പെട്ടവനാണ് ചാക്കപ്പൻ. വല്യച്ചന്റെ കനിവിന്റെ ഭാഷയായിരുന്നില്ല പുത്തനച്ചന്റേത്. ദാരിദ്ര്യത്തിന്റെ പരമാവധിയിൽ സ്വന്തം മകന്റെ മടങ്ങിപ്പോക്കിൽ ചാക്കപ്പന്റെ അമ്മയും ആശ്വാസം കൊള്ളുന്നുണ്ട്. ഒടുവിൽ സ്വന്തം അമ്മ കടലിൽ എറിയപ്പെടുന്നതിനു സാക്ഷിയാകേണ്ടിവന്ന ഒരു പിഞ്ചുബാലന്റെ രക്ഷകനാകുന്നു അയാൾ. യഥാർത്ഥത്തിൽ ചാക്കപ്പനെ ജീവിക്കുവാൻ പ്രേരിപ്പിച്ചത് അവനാണ്. അവനുവേണ്ടിയാണ് അയാൾ പിന്നീട് കച്ചവടം തുടങ്ങിയതും വളർന്നതും സമ്പാദിച്ചതുമൊക്കെ, എന്നിട്ടും ചാക്കപ്പൻ പഴയതൊന്നും മറന്നില്ല.

ദുരന്തങ്ങളുടെ ഘോഷയാത്രയാണ് നോവലിന്റെ മറ്റൊരുമുഖം. ദാസപ്പന്റെ അപ്പന്റെ മരണത്തോടെ അശരണമാകുന്ന കുടുംബം, ദാസപ്പന്റെ മരണത്തോടെ അവന്റെ പെണ്ണും കുഞ്ഞും നിരാലംബരാകുന്നു. ബ്രദർ അന്തോണിയുടെ ജീവിതവും മരണവും, റപ്പായിയുടെ മരണം, അത്താണിയുടെ അമ്മയുടെ മരണം, വസൂരി ബാധിച്ച് അന്ധനായിത്തീരുന്ന അത്താണിയുടെ ദുരന്തം, സങ്കീർത്തിയിൽനിന്നും ബഹിഷ്കൃതനാകുന്ന ഓശയുടെ ജീവിതം, അനാഥാലയത്തിലെ മരണങ്ങൾ, ചാക്കപ്പന്റെ അടുത്തെത്തുന്ന ബാലന്റെ ജീവിത ദൈന്യം - അച്ഛനെ കാട്ടിത്തരാമെന്നു പറഞ്ഞ് കൂട്ടിക്കൊണ്ടുവന്ന അമ്മ കടലിലെറിയപ്പെട്ടതിന് സാക്ഷിയാകേണ്ടി വന്നവൻ - ഇങ്ങനെ നീണ്ടുപോകുന്ന ദുരന്തങ്ങളുടെ ഘോഷയാത്രതന്നെ നോവലിൽ കാണാം. ദുരിതങ്ങളെ നിവാ

**'ന്റെ... ഈശോയ്ക്ക് രാജാവാകാൻ പറ്റൂല്ല' എന്ന ചിന്തയ്ക്കടിസ്ഥാനം നിലനിന്നിരുന്ന വ്യവസ്ഥിതിയുടെ നീതികേടായിരുന്നുവെങ്കിൽ, മതങ്ങളുടെ സ്ഥാപനവത്കൃത ചട്ടക്കൂടുകളെ മനുഷ്യത്വപരമായി പരിവർത്തിപ്പിക്കുവാൻ കഴിഞ്ഞ പുരയ്ക്കൽ റൈനോൾഡ്സ് അച്ചൻ അശരണരുടെ വാഴ്ത്തപ്പെട്ട രാജാവു തന്നെയായി മാറി. അങ്ങനെ റൈനോൾഡ്സ് - ജോസഫിന്റെയും മറിയത്തിന്റെയും പുത്രൻ - രാജാധിരാജനായ കർത്താവിന്റെ പുത്രനാകുന്നു. ഇവിടെയാണ് കാനോനിക സുവിശേഷങ്ങൾ സംഗമിക്കുന്നത്. രാജാവായ ക്രിസ്തു (മത്തായിയുടെ സുവിശേഷം), ദാസനായ ക്രിസ്തു (മാർക്കോസിന്റെ സുവിശേഷം), മനുഷ്യനായ ക്രിസ്തു (ലൂക്കായുടെ സുവിശേഷം), ദൈവപുത്രനായ ക്രിസ്തു (യോഹന്നാന്റെ സുവിശേഷം) എന്നിങ്ങനെ ക്രിസ്തുവിന്റെ നാല് ചിത്രങ്ങളാണ് നാലു സുവിശേഷങ്ങളും അവതരിപ്പിക്കുന്നത്. നൊറോണയുടെ സുവിശേഷത്തിലാകട്ടെ ഇവയെല്ലാം സമന്വയിക്കുന്നു.**

രണംചെയ്യുവാനുള്ള യത്നങ്ങളുടെ മറുപുറത്ത് ക്ഷയിച്ചുകൊണ്ടിരിക്കുന്ന പുരയ്ക്കൽ തറവാടിന്റെ ചിത്രവുമുണ്ട്. ആലപ്പുഴയുടെ വല്യച്ചനെ ലോകത്തിനു സമ്മാനിച്ച, സമർപ്പിച്ച ആ തറവാടിന് സാമ്പത്തികമായ ക്ഷയമേ ഉണ്ടാകൂ, ആത്മീയ സമ്പന്നത ആ തറവാട്ടിലെ പിതൃപരമ്പരയുടെ മനുഷ്യത്വത്തിന്റെയും നന്മയുടെയും സമ്പാദ്യമാണ്.

അനാഥക്കുട്ടികളുടെ സ്വഭാവരൂപീകരണത്തിലും വിദ്യാഭ്യാസത്തിലും അദ്ദേഹം കാണിച്ച താല്പര്യത്തിന്റെ ഫലമാണ് ഉന്നത നിലയിൽ ജീവിക്കുന്ന വല്യച്ചന്റെ മക്കൾ. ലോകത്തിന്റെ വിവിധഭാഗങ്ങളിലായി വിവിധമേഖലകളിൽ എത്തപ്പെട്ട വല്യച്ചന്റെ മക്കളിലും രണ്ടുതരക്കാരുണ്ട്, താൻ വല്യച്ചന്റെ മകനാണെന്ന് അഭിമാനത്തോടെ പറയുന്നവരും അത് അംഗീകരിക്കാൻ തയ്യാറല്ലാത്തവരും.

ലോകമഹായുദ്ധം, കമ്മ്യൂണിസ്റ്റ് വിപ്ലവം, പ്രധാന ചരിത്രസംഭവങ്ങൾ, രാഷ്ട്രീയ സംഭവങ്ങൾ എന്നിവയൊക്കെ നോവലിൽ അടയാളപ്പെടുത്തപ്പെടുന്നുണ്ട്. പുരയ്ക്കൽ തറവാടിന്റെ നാൾവഴിപുസ്തകത്തിലെ ഏറ്റവും മഹത്തായ ഏടാണ് മോൺസിഞ്ഞോർ റൈനോൾഡ്സ് പുരയ്ക്കൽ എന്ന അശരണരുടെ വിശുദ്ധൻ. മെത്രാൻ തിരുമേനിയുടെ കത്തുമായി പുരയ്ക്കൽ കുഞ്ഞുവർക്കിയെ കാണാനെത്തുന്ന അച്ചന്മാർക്ക്, വിശുദ്ധ അന്തോനിയുടെ പേരിലുള്ള ആലപ്പുഴയിലെ അനാഥാലയത്തിന്റെ ചിലവിലേക്കായി കാശു കിഴിയെടുത്ത് കുഞ്ഞ് റൈനോൾഡ്സിന്റെ കൈയിൽ കൊടുത്തിട്ട് കുഞ്ഞുവർക്കി പറഞ്ഞ വാക്കുകൾ ഭാവിപ്രവചനമായിത്തീർന്നു:

'അവന്റെ കൈയിൽനിന്ന് വാങ്ങിച്ചോളൂ; അനാഥാലയത്തിന് ഇനി ഒരു കുറവും ഉണ്ടാവില്ല.'

പ്രമേയത്തിലും ആഖ്യാനത്തിലും മലയാള നോവലിന്റെ പരമ്പരാഗതവഴിയിൽനിന്ന് വേറിട്ടു നിൽക്കുന്നു നൊറോണയുടെ സുവിശേഷം. 1910 –1988 എന്നത് മോൺസിഞ്ഞോർ റൈനോൾഡ്സ് പുരയ്ക്കലിന്റെ ജീവിതകാലമാണ്. നോവലിലെ കാലം അത് എഴുതപ്പെട്ടതുവരെ നീണ്ടുപോകുന്നു. അനാഥാലയത്തിലെ കുട്ടികളുടെ സമകാലിക ജീവിതവും അനാഥാലയത്തിന്റെ പുരോഗതിയും നോവൽ അടയാളപ്പെടുത്തുന്നുണ്ട്. തന്റെ കൃതിയുടെ പ്രമേയത്തെക്കുറിച്ചോ കഥാപാത്രത്തെക്കുറിച്ചോ എഴുത്തുകാരൻ ആമുഖമൊന്നും നൽകുന്നില്ല. എഴുത്തുവഴിയിലെ വ്യതിരിക്തതയുടെ അടയാളം കൂടിയാണ് അത്. മോൺസിഞ്ഞോർ റൈനോൾഡ്സ് പുരയ്ക്കൽ എന്ന വിശുദ്ധനെ അറിയാത്തവർക്ക് അദ്ദേഹം അനശ്വരകഥാപാത്രവും അറിയുന്നവർക്ക് വിശുദ്ധനായ ചരിത്രപുരുഷനുമാണ്. തന്റെ സൂചനകൾ വായനാവഴികളെ നിർണയിക്കേണ്ടതില്ലെന്ന മനഃപൂർവ്വമായ ശാഠ്യംകൂടിയാണ് മുഖവുരയുടെ അഭാവം വ്യക്തമാക്കുന്നത്. അല്ലെങ്കിൽ ആമുഖം ആവശ്യമില്ലാത്ത, സുപരിചിതത്വത്തിന്റെ അടയാളപ്പെടുത്തൽ എന്ന പ്രഖ്യാപനം. 'റേ ഓഫ് റൈനോൾഡ്സ്' എന്ന പേരിലുള്ള ഫേസ്ബുക് പേജിനെക്കുറിച്ച് നോവലിന്റെ അവസാനഭാഗത്ത് സൂചന നൽകുന്നുണ്ട്. സമകാലിക വായനാ സംസ്കാരത്തെയും അന്വേഷണവഴികളെയും കുറിച്ചുള്ള ശരിയായ ധാരണയുടെ ആവിഷ്കാരരീതിയാണത്. വല്യച്ചന്റെ മക്കളുടെ സെൽഫിയും പ്രാർത്ഥനയും സൈബർത്താളുകളിൽ ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നു. നൊറോണയുടെ സുവിശേഷത്തിലെ അദ്ധ്യായങ്ങളും വാക്യങ്ങളും മനുഷ്യത്വത്തിന്റെ, നന്മയുടെ, കാരുണ്യത്തിന്റെ, സ്നേഹത്തിന്റെ, സഹനത്തിന്റെ, വിമോചന ദൈവശാസ്ത്രത്തിന്റെ പ്രായോഗിക പാഠങ്ങളാണ്. കാലഘട്ടത്തിന്റെ അനിവാര്യത തിരിച്ചറിഞ്ഞ ഈ സുവിശേഷകനെ സമകാലിക അപ്പോസ്തോലൻ എന്നുതന്നെ വിശേഷിപ്പിക്കാം.

**പ്രമേയത്തിലും ആഖ്യാനത്തിലും മലയാള നോവലിന്റെ പരമ്പരാഗതവഴിയിൽനിന്ന് വേറിട്ടു നിൽക്കുന്നു നൊറോണയുടെ സുവിശേഷം. 1910 –1988 എന്നത് മോൺസിഞ്ഞോർ റൈനോൾഡ്സ് പുരയ്ക്കലിന്റെ ജീവിതകാലമാണ്. നോവലിലെ കാലം അത് എഴുതപ്പെട്ടതുവരെ നീണ്ടുപോകുന്നു. അനാഥാലയത്തിലെ കുട്ടികളുടെ സമകാലിക ജീവിതവും അനാഥാലയത്തിന്റെ പുരോഗതിയും നോവൽ അടയാളപ്പെടുത്തുന്നുണ്ട്.**



# അപൂർണ്ണതയിൽ നിന്നും പൂർണ്ണതയിലേക്ക്

പ്രൊഫ. ജോൺ ശങ്കരമംഗലം

മനുഷ്യന് ഈശ്വരൻ കൊടുത്ത വരദാനങ്ങളാണല്ലോ പഞ്ചേന്ദ്രിയങ്ങൾ. ദർശനം, ശ്രവണം, ഘ്രാണം, സ്പർശനം, സ്വാദ് അല്ലെങ്കിൽ രുചി എന്നുള്ള അഞ്ച് ഇന്ദ്രിയങ്ങളിൽ നിന്ന് മനുഷ്യൻ കലാപരമായി പടുത്തുയർത്തിയ രണ്ട് അനുഗ്രഹങ്ങളാണ് കാഴ്ച, കേൾവി എന്നീ അനുഭവങ്ങൾ. മനുഷ്യരാശിയുടെ മുന്നോട്ടുള്ള വളർച്ചയ്ക്കും പരിണാമത്തിനും അടിവരയിട്ട് അവന്റെ സർഗാനുഭവങ്ങൾ പുഷ്ടിപ്പിക്കുന്നതിന് ഉപയുക്തമായ രീതിയിൽ കലകളെ വളർത്തിയെടുക്കുന്നതിന് ദൃശ്യവും ശബ്ദവും ദൃശ്യശ്രവണ കലകളുടെ അടിത്തറ കെട്ടി.

ഏകദേശം അയ്യായിരം വർഷങ്ങൾക്ക് മുൻപ് രൂപം പ്രാപിച്ചതും ഇന്നത്തെ നിലയിൽ ഒരു വലിയ കലയായി രൂപപ്പെട്ടിരിക്കുന്നതുമായ ചിത്രകലയിലെ പ്രഗത്ഭരെ നമ്മൾ തിരിച്ചറിയുന്നെങ്കിലും ഈ വിശ്വകലയിലെ ഉന്നതരായ ചില വ്യക്തികളെ മാത്രം നമ്മൾ തിരഞ്ഞുപിടിച്ച് ആരാധിക്കുന്നു. എല്ലാ കാലഘട്ടത്തെ കലാകാരന്മാരേയും ആരാധിക്കുന്നതിന് ചിത്രകലയിലെ ചരിത്രാന്വേഷകർക്കു മാത്രമേ സാധ്യമാകുകയുള്ളു. സാധാരണ മനുഷ്യൻ മുതൽ ചിത്രകലയുടെ ചരിത്രം മനസ്സിലാക്കിയവരും ഒരു ചിത്രത്തെ ഏതുവിധത്തിലുള്ള ദൃഷ്ടികോണുകളിലാണ് വീക്ഷിക്കുന്നതും അനുസരിച്ചായിരിക്കും പ്രേക്ഷകന്റെ ആരാധന. ഇതിനെ രണ്ടുവിധത്തിൽ തരംതിരിക്കാവുന്നതാണ്.

ഒന്ന്, വൈകാരികമായ വീക്ഷണക്കാർ. രണ്ട്, ബുദ്ധിപരമായ വിവേചനത്തിൽ കൂടെ മനസ്സിലാക്കിയ പ്രേക്ഷകർ. സാധാരണ പ്രേക്ഷകർ കലയുടെ ബാഹ്യതലത്തിലുള്ള പകിട്ടിനെ ആരാധിക്കുമ്പോൾ, കലാകാരന്റെ ഉൾക്കാഴ്ചയിലൂടെ സഞ്ചരിക്കുവാനുള്ള സാക്ഷരത നേടിയ പ്രേക്ഷകർ ചിത്രകലയുടെ ഉയർന്ന നിലവാരത്തിലേക്കു ഗമിക്കുന്നു. അങ്ങനെയാണ് പോപ്പുലർ ആർട്ട് എന്നും ഉയർന്ന കല എന്നും ഉള്ള വിവേചനങ്ങൾ ചിത്രകലയെ ആരാധിക്കുന്ന പ്രേക്ഷകരിൽ നിലനില്ക്കുന്നത്.

ബാഹ്യവീക്ഷണത്തിൽകൂടെ നേടിയെടുത്ത പോപ്പുലർകലകളും ഉൾക്കാഴ്ചയിൽകൂടെ വളർന്ന ഉയർന്നകലകളും മനുഷ്യരാശിയെ പലവിധത്തിലാണ് സ്വാധീനിക്കുന്നത്. ഒരു കലയുടെ നിത്യജീവന് പോപ്പുലർ ആർട്ട് എന്ന സ്ഥിതീകരണം ആവശ്യമാണ്. സാധാരണ മനുഷ്യൻ മനസ്സിലാക്കുന്നതും അഭയം തേടുന്നതും പോപ്പുലർ ആർട്ടിലാണ്. ഈ വിധത്തിലുള്ള സാധാരണ പ്രേക്ഷകന്റെ ആരാധന എല്ലാ കലകളെയും, നിലനിർത്തുകതന്നെയല്ല, കലയുടെ മുന്നോട്ടുള്ള വളർച്ചയ്ക്ക് നല്ല വിധത്തിൽ ശക്തിയും കൊടുക്കുന്നു.

പ്രാചീന കാലത്ത് ഗുഹകളിൽ വസിച്ചിരുന്ന ആദി മനുഷ്യർ, അവന്റെ ഗുഹയുടെ ചുവരുകളിൽ അവന്റെ പല ഭീതികളുടെയും പ്രതീകമായി ഒരു ശക്തിയായ കാട്ടുപോത്തിന്റെ രൂപം വരച്ചെടുത്ത് അവന്റെ വികാരത്തെ സിംബോളിക് ലെവലിൽ കുറിച്ചിടുകയായിരുന്നു. ഇതുപോലെതന്നെ അവന്റെ വംശം നിലനിൽക്കുന്നതിന്, അവന്റെ ഗോത്രത്തെ നിലനിർത്തുന്ന സ്ത്രീരൂപവും ആ പ്രാകൃത മനുഷ്യൻ ആലേഖനം ചെയ്തു. അന്നു വരച്ച ആ ആദ്യവര വളർന്നു പന്തലിച്ച് ലോകോത്തര ചിത്രകാരന്മാർ രൂപപ്പെടുമെന്ന് അവൻ ഒരിക്കലും ചിന്തിച്ചുകാണുകയില്ല. എല്ലാ കലകളുടെയും ഉത്ഭവം ഇതുപോലെയുള്ള മനുഷ്യന്റെ വൈകാരികതയെ ആലേഖനം ചെയ്യുന്നതിനുള്ള വ്യഗ്രതയാണ്. ബി.സി. 384 ൽ ജീവിച്ചിരുന്ന 'ഗ്രീക്കു ജ്ഞാനിയായ അരിസ്റ്റോട്ടിൽ' മനുഷ്യവികാരത്തിന്റെ അഗ്നിജ്വാലയായിരുന്നിരിക്കണം, കലകളുടെ ജീവചൈതന്യം' എന്ന തത്വത്തെ സ്ഥാപിക്കുന്ന എംപതി (empathy), കതാഴ്സിസ് (catharsis), എന്ന് അടിവരയിട്ട് കലകളുടെ ജീവ ചൈതന്യത്തെപ്പറ്റി അദ്ദേഹത്തിന്റെ ഗ്രന്ഥമായ പോയറ്റക്സ് (poetics), കൂടെ പഠിപ്പിക്കുകയും, പ്രാചീന ഗ്രീക്കു നാടകങ്ങളുടെ ആത്മാവ്, വികാരം ആയിരിക്കണം എന്ന തത്വത്തെ ലോകത്തിലെ ആ കാലങ്ങളിലെ കലാകാരന്മാർ എല്ലാവരും തന്നെ സ്വീകരിച്ചു പ്രകീർത്തിച്ചതുമാണ്. 'കല ജീവിതത്തിന്റെ പ്രതിരൂപമാണ്' എന്ന തത്വത്തെ പോപ്പുലർ ആർട്ടു രണ്ടു കയ്യുംനീട്ടി സ്വീകരിച്ചു. സാധാരണ മനുഷ്യനെ മാനസികമായി ചലിപ്പിക്കുന്ന 'വികാരം' കലയുടെ ജീവശ്വാസമായി.

മുകളിൽ വിവരിച്ച ചിന്താഗതി ഏകദേശം 18 നൂറ്റാണ്ടുകൾ ജൈത്രയാത്ര നടത്തി. മറ്റുള്ള കലകൾ എല്ലാംതന്നെ വികാരത്തെ കേന്ദ്രബിന്ദുവാക്കി.

സാഹിത്യത്തിന്റെ കലാപരമായ വളർച്ചയിലും സംഭവിച്ചത് വികാരത്തിൽനിന്നും വിചാരധാരയിലേക്കുള്ള പ്രയാണമാണ്. വാൾട്ടർസ്കോട്ട്, അലസ്കാണ്ടർഡൂമാ എന്നിവരുടെ സാഹിത്യകൃതികളിൽനിന്നും മുന്നോട്ടുള്ള വളർച്ചയ്ക്കു സാക്ഷ്യം വഹിക്കുന്നതാണ് തോമസ് ഹാർഡി, ചാൾസ് ഡിക്കൻസ്, ഡി. എച്ച്. ലോറൻസ്, ആർ.കെ. നാരായണൻ എന്നീ ലോകപ്രശസ്തരായ പല ഗ്രന്ഥകാരന്മാരുടേയും കൃതികൾ. മലയാളത്തിലെ ആദ്യനോവലായ ചന്തുമേനോന്റെ 'ഇന്ദുലേഖ' ചുരുക്കം ചില സീനുകളിൽ ദൃശ്യഭാഷയ്ക്കു ബലം കൊടുക്കുമ്പോൾ മലയാളത്തിലെ വാൾട്ടർസ്കോട്ടായ സി.വി. രാമൻപിള്ളയുടെ ആദ്യത്തെ ചരിത്രനോവലായ 'മാർത്താണ്ഡവർമ്മ' യിലെ ഒന്നാമത്തെ അദ്ധ്യായത്തിൽതന്നെ തന്റെ ദൃശ്യഭാഷയോടുള്ള മമത
'വീണിതല്ലോ കിടക്കുന്നു ധരണിയിൽ,
ശോണിതവും അണിഞ്ഞയ്യോ ശിവശിവ!,'
സ്ഥിതീകരിക്കുന്നു.


നോവൽ സാഹിത്യത്തിന്റെ വളർച്ച നടന്നത്, കഥ പറയുന്ന സ്ഥലം, സമയം എന്നീ ഘടകങ്ങൾ പ്രാധാന്യം നേടിയപ്പോഴാണ്. 'ചെമ്മീൻ' 'ഓൾഡ് മാൻ ആൻഡ് ദി സീ' എന്നീ വിഖ്യാത നോവലുകൾ ഒരു ഉയർന്ന കലാരൂപത്തിലേക്കു ഗതി തുടർന്നുകൊണ്ടിരുന്നു. ഡി.എച്ച്. ലോറൻസ്, ഹെന്റി മില്ലർ പോലെയുള്ള സാഹിത്യകാരന്മാരുടെ ഉൾക്കാഴ്ചകളിൽ കൂടെയാണ് സാഹിത്യലോകത്തിന്റെ മുന്നോട്ടുള്ള വളർച്ചയ്ക്കുള്ള ഊർജ്ജം ലഭിച്ചത്. സ്വയം വെടിവച്ചു മരിച്ച പ്രശസ്ത നോവലിസ്റ്റായ ഏണസ്റ്റ് ഹെമിംഗ്വേ സാഹിത്യത്തിന്റെ മുന്നോട്ടുള്ള ഈ വളർച്ചയ്ക്ക് വലിയ ഉദാഹരണമാണ്. സാഹിത്യത്തിന്റെ ഈ യാത്ര ഇപ്പോൾ എത്തിച്ചേർന്നിരിക്കുന്നത് വികാരങ്ങളിൽ നിന്നും മോചനം നേടിയ വിചാരധാരയായ ജയിംസ് ജോയിസിന്റെ 'യുലിസ്സസ്' എന്ന കൃതിയിലാണ്.

അരിസ്റ്റോട്ടിലിന്റെ എംപതി എന്ന ആശയത്തിൽകൂടെ ശക്തിപ്രാപിച്ച നാടകങ്ങൾ ക്ലാസ്സിക്കൽ കലയുടെ ശക്തിയായ മൂലക്കല്ലുകൾ കെട്ടി. സാധാരണ പ്രേക്ഷകനെ വികാരസാഗരത്തിൽ മുക്കികുളിപ്പിച്ച ഈ ക്ലാസ്സിക്കൻ കലയുടെ വ്യാകരണം, മറ്റുള്ള കലകൾ എല്ലാം ഏറ്റുവാങ്ങിയിരുന്നു. കാരണം, ഈ വ്യാകരണം സാധാരണക്കാരന്റെ വികാര സംവേദനത്തിന് ഉപയുക്തമായിരുന്നു. കൂടാതെ, സസ്പെൻഷൻ ഓഫ് ഡിസ്ബിലീഫ് എന്ന മാനസിക സ്ഥിതിയെ ഉത്തേജിപ്പിച്ച ക്ലാസ്സിക്കൽ കലയെ,



അരിസ്റ്റോട്ടിൽ

സാധാരണ പ്രേക്ഷകൻ വെറും വികാരസിദ്ധിക്കുവേണ്ടിയാണ് സ്വീകരിച്ചത്. Credibility എന്ന ബുദ്ധിപരമായ ആശയത്തെ മറച്ചുകൊണ്ട് വികാരഭരിതനായ മനുഷ്യൻ അവന്റെ വിവേചനശക്തിക്കു വിടപറഞ്ഞു. ക്ലാസ്സിക്കൽ കലാരൂപത്തിൽ എഴുതിയ നാടകങ്ങൾ എല്ലാംതന്നെ ഈ വിധത്തിലാണ് പ്രേക്ഷകനെ കീഴടക്കിയത്. അതിൽ അവൻ സന്തോഷിച്ചു. ക്ലാസ്സിക്കൽ രൂപത്തിൽ എഴുതപ്പെട്ട നാടകങ്ങൾ എല്ലാംതന്നെ, നടന്റെ ശബ്ദശക്തിയിലും മെലോഡ്രാമയുടെ ഉഗ്രപ്രവാഹത്തിലും കൃത്രിമരീതിയിൽ രൂപീകരിച്ച കാഴ്ചകളും പ്രേക്ഷകനെ വികാരധാരയുടെ അടിമകളാക്കി.





ഇതിനു തടയിടുവാൻ ഇറങ്ങിപ്പുറപ്പെട്ട വ്യക്തിയാണ് ജർമൻ നാടകകൃത്തായ ബെർത്തോഴ്ഡ് ബ്രെക്റ്റ്. നാടകകലയിലെ അവിശ്വസനീയതയെ ബഹിഷ്കരിച്ച് ബുദ്ധിപൂർവ്വമായ വിവേചനശക്തിയിൽകൂടെ നാടകകലയുടെ വിലയിരുത്തലിനു സഹായിക്കുന്ന എലിയനേഷൻ എന്ന തത്വത്തെ പ്രായോഗികമായി ആവിഷ്കരിച്ചു കൊണ്ടാണ് അദ്ദേഹത്തിന്റെ പ്രശസ്ത നാടകങ്ങളെ പ്രേക്ഷക സമക്ഷം ആവിഷ്കരിച്ചത്.

ക്രിസ്റ്റഫർ മാർലോ, ഷേക്സ്പിയർ എന്നീ ആദ്യകാല നാടകരചന ആചാര്യന്മാർ സ്വീകരിച്ചത് അരിസ്റ്റോട്ടിലിന്റെ ക്ലാസ്സിക്കൽ കലയുടെ തത്വങ്ങൾ ആണ്. ഹാർമണിയും ബാലൻസും ക്ലാസ്സിക്കൽ കലയുടെ മൂല്യഘടകങ്ങളാണ്.

മേൽ വിവരിച്ച വൈകാരിക തത്വങ്ങളിൽ കൂടെ ആദ്യം സഞ്ചരിക്കുകയും പിന്നീട് നാടക കലയുടെ ഉൾക്കാഴ്ചയിലേക്കു വലിഞ്ഞു ക്ലാസ്സിക്കൽ രീതികളെ ഉപേക്ഷിച്ച്, നവീന കലാരീതികളിലേക്കു പ്രവേശിച്ചവരുടെ ചരിത്രം നമ്മുടെ മുൻപിൽതന്നെയുണ്ട്. യൂജിൻ ഓനീലിന്റെ 'Desire Under The Elims' എന്ന നാടകം ക്ലാസ്സിക്കൽ രീതിയിൽ എഴുതിയതാണ്. എന്നാൽ അദ്ദേഹം പിന്നീട് എഴുതിയ Emperor Jones, The Iceman Cometh എന്നീ കൃതികൾ ഉൾക്കാഴ്ചയിൽകൂടെ തന്നെ രചിക്കപ്പെട്ടതാണ്. ഈ വിധത്തിലുള്ള കലാകാരന്റെ വളർച്ച Tennysee Williams ന്റെ Cat On A Hot Tin Roof എന്ന ആദ്യനാടകത്തിലും Suddenly Last Summer എന്ന പിന്നീട് രചിച്ച നാടകത്തിലും നാം കാണുന്നു. Thomas Elliot ന്റെ Murder In The Cathedral എന്ന നാടകവും Waste land എന്ന പദ്യവും ഒരു കലാകാരന്റെ സർഗ്ഗവളർച്ചയ്ക്ക് ഉദാഹരണമാണ്. Arther Millersa View From The Bridge, Death of A Sales Man എന്നിവ വായിക്കുമ്പോൾ ഒരു കലാകാരന്റെ ബാഹ്യലോകത്തിൽനിന്നും ഉൾക്കാഴ്ചയിലേക്കുള്ള പ്രയാണത്തിന്റെ തെളിവുകൾ നമ്മുടെ മുൻപിൽ നിലയുറപ്പിക്കുന്നു. Samuel Becket ഉം Eugene Lonescoe ഉം സഞ്ചരിച്ച കലാവൈഭവങ്ങൾക്കും ആത്മീയ വഴികൾക്കും അവരുടെ കൃതികൾ സാക്ഷ്യം വഹിക്കുന്നു.

കലകൾ ജനിക്കുന്നത് പോപ്പുലർ ആർട്ടുകളായിട്ടാണ്. രാജാരവിവർമ്മയുടെ ചിത്രങ്ങൾ സാധാരണ മനുഷ്യൻ ആരാധിക്കുമ്പോൾ വിൻസന്റ് വാൻഗോഗിന്റെ Sun Flower, Potato Eaters തുടങ്ങിയവയെ ഗൗനിക്കുന്നില്ല. ഇതുപോലെതന്നെയാണ് പിക്കാസ്സോയുടെ ഗ്വേർണിക്ക എന്ന ലോകപ്രസിദ്ധമായ ചിത്രവും.

നാം അറിയുന്ന കലകളുടെയെല്ലാം സാക്ഷാൽക്കാരം സംഭവിക്കുന്നത് ചലിക്കുന്ന ചിത്രങ്ങളിലാണ്. നാം മനസ്സിലാക്കുന്ന, എന്നും കാണുവാൻ സാധ്യതയുള്ള സിനിമകൾ ഒരു വലിയ കച്ചവടമായി വളർന്ന് ഈ ലോകത്തിലെ ഏറ്റവും ഉയർന്ന സ്ഥാനം കരസ്ഥമാക്കിയ വിനോദമാണ്. സിനിമയുടെ ഈ ഉയർന്ന സ്ഥാനത്തിനു കാരണമെന്താണ്? സിനിമ എന്ന കല, വിനോദങ്ങളുടെ കാര്യത്തിൽ ഏറ്റവും ഉയർന്ന കിരീടം നേടിയെടുക്കുന്നത് എങ്ങനെയാണ്? ഇന്നു ലോകത്തിൽ അരങ്ങേറിക്കൊണ്ടിരിക്കുന്ന എണ്ണമറ്റ ഫിലിം ഫെസ്റ്റിവലുകൾ ഇതിന് ഉദാഹരണമാണ്. വാണിജ്യവും യഥാർത്ഥ കലയും തമ്മിലുള്ള പൊരുത്തമില്ലായ്മക്കും ഈ ഫിലിംഫെസ്റ്റിവലുകൾ ഉദാഹരണമാണ്.

ലോകത്തിൽ വളരെ കുറച്ച് കലാകാരന്മാരാണ് സിനിമാ കലയുടെ മൂല്യശക്തിയെ മനസ്സിലാക്കിയവർ. സിനിമയിലെ ഏറ്റവും ഉയർന്ന കലാപരമായ ആശയങ്ങൾക്ക് അടി

**ശബ്ദത്തെ കേൾക്കുന്നതും
സ്ഥലത്തെ കാണുന്നവരുമാണല്ലോ
സാധാരണ മനുഷ്യർ.
എന്നാൽ ശബ്ദത്തെ കാണുകയും
സ്ഥലത്തെ കേൾക്കുകയും എന്ന കലയുടെ രഹസ്യം
നൂറ്റാണ്ടുകൾക്ക് മുൻപു തന്നെ
ജപ്പാനിലെ 'കാബുക്കി' തിയേറ്ററിൽ
രൂപപ്പെട്ടതാണെന്ന്
അദ്ദേഹം നമുക്കു
മനസ്സിലാക്കിതരുന്നു.**



സർജി ഐസൻസ്റ്റെൻ

സ്ഥാനമിട്ട വ്യക്തിയാണ് സിനിമയുടെ ലോക പ്രവാചകനായ റഷ്യൻ സംവിധായകൻ സർജി ഐസൻസ്റ്റെൻ. സിനിമയിലെ Fourth Dimension വരെയുള്ള കലാപരമായ സാധ്യതകളെ അദ്ദേഹം നമ്മെ പഠിപ്പിക്കുന്നു. അദ്ദേഹത്തിന്റെ കലകളിലെ വിജ്ഞാനശേഖരത്തിന്റെ തീവ്രത കൊണ്ടാണ് ഇന്നു നാം കൊട്ടിഘോഷിക്കുന്ന സിനിമയിലെ സാങ്കേതിക വിപ്ലവങ്ങൾക്കു രൂപം നൽകിയത്. ശബ്ദത്തെ കേൾക്കുന്നതും സ്ഥലത്തെ കാണുന്നവരുമാണല്ലോ സാധാരണ മനുഷ്യർ. എന്നാൽ ശബ്ദത്തെ കാണുകയും സ്ഥലത്തെ കേൾക്കുകയും എന്ന കലയുടെ രഹസ്യം നൂറ്റാണ്ടുകൾക്ക് മുൻപു തന്നെ ജപ്പാനിലെ 'കാബുക്കി' തിയേറ്ററിൽ രൂപപ്പെട്ടതാണെന്ന് അദ്ദേഹം നമുക്കു മനസ്സിലാക്കിതരുന്നു. ആൽബർട്ട് ഐൻസ്റ്റെൻ എന്ന അത്ഭുതമനുഷ്യൻ ഡിപ്പ് തിയറിയും, പ്രകാശ രശ്മികൾ ചില സാഹചര്യങ്ങളിൽ നേരേ പോകുന്നതിനു പകരം വളഞ്ഞു സഞ്ചരിക്കുന്നു എന്ന വിജ്ഞാനവീക്ഷണങ്ങളും നടത്തിയപ്പോൾ, അദ്ദേഹത്തിന്റെ പേരിനോടു സദൃശമായ പേരിൽ സിനിമാലോകത്ത് അറിയപ്പെട്ടിരുന്ന സെർജി ഐസൻസ്റ്റെനും, കലയുടെ അഗാധ ആഴത്തിൽനിന്നും നേടിയെടുത്ത ഈ വിജ്ഞാനതത്വങ്ങളെ, കലയിൽ സാക്ഷരത്വമുള്ളവർ വാഴ്ത്തുന്നു. പക്ഷെ, ഐൻസ്റ്റെനിന്റെ മുൻപേ നടന്ന വ്യക്തിയായിരുന്നു ഐസൻസ്റ്റെൻ എന്ന റഷ്യൻ സംവിധായകൻ.

ശബ്ദത്തെ കാണുന്നതിനും സ്ഥലത്തെ കേൾക്കുന്നതിനുമുള്ള അത്ഭുത വിദ്യയാണ് ഡോൾബി അറ്റ്മോസ്. സ്ഥലത്തെ ആശ്രയമാക്കി സിനിമയിലെ പഴയ ദൃശ്യവ്യാകരണത്തെ മുഴുവൻ പിടിച്ചുകുലുക്കിയതാണ് ഡോൾബി അറ്റ്മോസ്. ഇതിന്റെ ശരിയായ കലാസൗന്ദര്യം ആസ്വദിക്കണമെങ്കിൽ വിശാലമായ തിയേറ്റർ സംവിധാനം ആവശ്യമാണ്. അമേരിക്കയിലും യൂറോപ്പിലും ഈ അത്ഭുത ശബ്ദരൂപീകരണത്തെ നാം കാണുന്നത് ടൂറിസ്റ്റ് സെന്ററുകളിലാണ്. കാരണം, ഇതിന്റെ ശരിയായ രൂപീകരണവും പ്രദർശനവും പ്രത്യേകമായി രൂപീകരിച്ച തിയേറ്ററുകൾ ഇതിനു വഴങ്ങുകയില്ല. കൂടാതെ സോൾബി അറ്റ്മോസ് എന്ന ആ നൂതന കലാരൂപത്തിന് ഉതകുന്നവിധത്തിൽ സിനിമയുടെ ഷൂട്ടിംഗ് സ്ക്രിപ്റ്റുകൾ എഴുതുന്ന ഏതെങ്കിലും ഒരു വ്യക്തിയെ നാം ഇൻഡ്യയിൽ കാണു ന്നുണ്ടോ? കൂടാതെ ഡോൾബിയുടെ ശബ്ദ ലോകത്തെ മനസ്സിലാക്കി ഫിലിം എഡിറ്റു ചെയ്യുന്ന എത്ര പേരുണ്ട്? ഇൻഡ്യയിൽ ആരാണ് ഒരു സൗണ്ട് ഡിസൈനറെ ഉപയോഗിക്കുന്നത്? ഐമാക്സ് (I MAX) എന്ന ദൃശ്യരൂപീകരണം പോലെയാണ് അനുയോജ്യമായ ഡോൾബി അറ്റ്മോസും. ഈ ശബ്ദരൂപത്തിന്റെ അതിശയകരമായ കലാശക്തിയെ അറിയാത്തവരാണ് ഡോൾബി അറ്റ്മോസിന്റെ സിംഹാസനത്തിൽ കയറിയിരുന്ന് അതിനെ നിയന്ത്രിക്കുന്നത്. ഇത്രയും സങ്കീർണ്ണമായും ചെലവു കൂടിയതുമായ ശബ്ദരൂപീകരണവും, അതു പോലെ ചെലവുകൂടിയ വലിയ തിയേറ്ററുകളും ഡോൾബി അറ്റ്മോസിന് ആവശ്യമാണ്. ഈ വിധത്തിലുള്ള അത്യാവശ്യങ്ങളെ തിരസ്കരിച്ച്, ചെലവു ചുരുക്കുന്നതിനുള്ള ഉപാധികളിൽകൂടെ ഈ കലാസൃഷ്ടിയെ നമ്മൾ ഹനിക്കുന്നു.

ഉന്നതരൂപത്തിലുള്ള പല കലകളും സാധാരണ മനുഷ്യന് അപ്രാപ്യമാണ്. സാധാരണ മനുഷ്യൻ അവന്റെ മസ്തിഷ്കത്തിന്റെ കഴിവിന്റെ പത്തു ശതമാനത്തിൽ കുറവാണ് ഉപയോഗിക്കുന്നത്.

നമ്മുടെ മസ്തിഷ്കത്തിൽ മൂന്നു ചേരികളാണ് ഉള്ളത്. Conscious, Subconscious, Unconscious. സാധാരണ മനുഷ്യൻ സാധാരണ

ഉപയോഗിക്കുന്ന ചേരിയാണ് Conscious Level. യാതൊരു വിധത്തിലുള്ള ആയാസവുമില്ലാതെ നാം നമ്മുടെ ചുറ്റും കാണുന്ന സംഗതികളാണ് Descriptive ലെവലിലുള്ള മനുഷ്യന്റെ തിരിച്ചറിവ് – cognition. ഈ തിരിച്ചറിവിന് (Descriptive), പൂർണ്ണരൂപം പ്രദാനം ചെയ്യുന്ന ചേരിയാണു Subconscious ഭാഗം. ഇതിനു മനഃശാസ്ത്രത്തിൽ പറയുന്നത് Denotation എന്നാണ്. നാം Conscious Level ൽ ഒരു കൂട്ടം മരങ്ങൾ കണ്ടെന്നിരിക്കട്ടെ. എന്നാൽ ഈ മരങ്ങളെ അതിന്റെ രൂപകല്പനയിൽ ആശ്രയിച്ച്, ആ മരക്കൂട്ടത്തെ തെങ്ങ്, മാവ്, പ്ലാവ് എന്നുള്ളവയായി വേർതിരിച്ച് നമ്മുടെ അറിവിൽ ആക്കം കൂട്ടുന്നത് ഈ Subconscious Level- ലാണ്. എന്നാൽ ഓരോ വ്യക്തിയുടെയും ലോകജ്ഞാനത്തിന്റെ അളവുകോലായി പ്രവർത്തിക്കുന്ന ഈ ചേരിയെ നാം connotation എന്നു മനസ്സിലാക്കുന്നു. നമ്മൾ കണ്ടതും, കേട്ടതും, വായിച്ചതും, രുചിച്ചതും, സ്പർശിച്ചതുമെല്ലാം ഈ connotation പ്രക്രിയയിൽ നമ്മെ സഹായിക്കുന്നു. ഓരോ വ്യക്തിയുടെ തിരിച്ചറിവിന് മാറ്റുകൂട്ടുന്നതാണ് നമ്മുടെ Subconscious ൽ നടക്കുന്ന അത്ഭുത കാര്യങ്ങൾ. സാധാരണ മനുഷ്യനെ പല വിധത്തിൽ വേർതിരിച്ച്, മിടുക്കൻ, മണ്ടൻ, പണ്ഡിതൻ, കള്ളൻ, കപടൻ, ക്രൂരൻ, പരസ്നേഹി, ഉത്തമൻ എന്നീ രീതികളിൽ മനുഷ്യരാശിയെ പല തരത്തിൽ തരം തിരിച്ചു കാണുന്നതിനുള്ള ശക്തി നമ്മുടെ Subconscious ലാണ് സ്ഥിതി ചെയ്യുന്നത്.

എന്നാൽ ഏറ്റവും ഉൽകൃഷ്ടമായ unconscious level ലേക്ക് അസാധാരണ മനുഷ്യർക്കു മാത്രമേ എത്തിനോക്കുന്നതിനുള്ള വിജ്ഞാനം ലഭിക്കുന്നുള്ളൂ. connotation ന്റെ പ്രാഥമിക തലങ്ങളിൽ എത്തിച്ചേർന്നവരാണ്, സമൂഹത്തിൽ നാം കാണുന്ന നേതൃത്വങ്ങൾ. എല്ലാ കലകളിലും പ്രശസ്തിനേടിയവർ connotation തലത്തിൽ തന്റെ തലച്ചോറിനെ ഉപയോഗിച്ചവരാണ്. ഇവരെല്ലാം തന്നെ unconscious level ന്റെ ഉപരിതലത്തിൽനിന്നു കളിക്കുന്നവരാണ്.

എന്നാൽ, ഈ unconscious തലത്തിന്റെ അടിത്തറ എവിടെയാണ്? ലോകത്തിലെ സർവ്വവിജ്ഞാനങ്ങളും അടക്കി വിവരിക്കുന്നതാണ് ഈ unconscious തലത്തിന്റെ ഉൾഭാഗം. ഇവിടേക്ക് ആർക്കു പ്രവേശിക്കാം? സാധാരണ Meditation അതിനു സാധ്യത തരുമോ? ഉഗ്ര തപസ്സായ Trancendantal Meditation അതിനു സഹായിക്കുമോ? വിജ്ഞാനത്തിന്റെ ഏറ്റവും കാതലായ ആ മഹാവിജ്ഞാനികൾക്ക് ആ സായൂജ്യം ലഭിച്ചിട്ടുണ്ട്. ജീവന്റെ സകല രഹസ്യങ്ങളും അടങ്ങിയ ആ ചെപ്പ് തുറന്ന്, അതിന്റെ അത്ഭുത ശക്തിയിൽ ലയിക്കുന്നതിന് സാധ്യമാണോ?

ഈ രഹസ്യത്തെ സാധാരണ മനുഷ്യന്റെ അറിവിലേക്കു നയിച്ചത് ഗ്രിഗറിമെൻണ്ടൽ എന്ന പാതിരിയാണ്. Selection of Species എന്ന Charles Darwin ന്റെ പഠനത്തിൽ കൂടെ ജീവരാശിയുടെ ശൃംഖലയെപ്പറ്റി മനസ്സിലാക്കിയ ആ ചിന്തകനായ പാതിരിയുടെ അരുളപ്പാടാണ് 'Ontogeny Recapitulates Phylogeny'. ഏക അണുവായ ബീജത്തിൽനിന്നും ഏറ്റവും വലിയ കലാസൃഷ്ടിയായ മനുഷ്യനിലേക്കുള്ള പരിണാമം! ജീവനില്ലാതിരുന്ന സമയത്തു ജീവൻ ഉത്ഭവിച്ച ആ നിമിഷം മുതൽ പല പരിണാമങ്ങളിൽകൂടെ സർവ്വ ജീവികളുടെയും പാലകനായി രൂപാന്തരപ്പെട്ട ഇരുകാലിമനുഷ്യന്റെ മസ്തിഷ്കത്തിൽ സർവ്വ പരിണാമത്തിന്റെയും ജ്ഞാനം ആലേഖനം ചെയ്തിട്ടുണ്ട്. ആ വലിയ ജീവരഹസ്യത്തെ മനസ്സിലാക്കുവാൻ എത്ര മനുഷ്യർക്കു സാധിച്ചിട്ടുണ്ട്. നമ്മുടെ ജീവിതത്തിൽ നാം കാണുന്ന പല അത്ഭുതമനുഷ്യരും ഈ രഹസ്യത്തിന്റെ ഉറവിടത്തിലേക്കു പ്രവേശിക്കുന്നതിന് ശ്രമിച്ചവരാണ്. അവരെയെല്ലാം നാം നമിക്കുന്നു. അഭിനന്ദിക്കുന്നു. ഈ രഹസ്യത്തിന് സ്ഥലമുണ്ടോ? രൂപമുണ്ടോ?

സ്ഥലം, രൂപം എന്ന ചോദ്യങ്ങൾ കലകളുടെ ഉല്പത്തി മുതൽ തന്നെ തത്വജ്ഞാനികളെ അലട്ടിയ സംഗതിയാണ്. സിനിമയിലെ കലകളെയെല്ലാം പരിശോധിച്ചാൽ നാം മനസ്സിലാക്കുന്ന ഒരു സംഗതിയാണ്, ഓരോ കലയുടെയും ദീർഘകാല വളർച്ചയിൽ വന്നിട്ടുള്ള





അശിര കുറോസോവ



ഇൻഗമാർ ബർഗ്ഗ്മാൻ



റോബർട്ട് ബ്രസ്സൻ

പരിണാമം വെറും നൂറ്റിമുപ്പതു വർഷം മാത്രം ചരിത്രമുള്ള സിനിമയിൽകൂടെ പ്രേക്ഷകന്റെ മുൻപിൽ എത്തുന്നു എന്ന സത്യം. സ്ഥലം, സമയം എന്നുള്ള ആശയങ്ങളിൽകൂടെ വളർന്ന എല്ലാ കലകളും സിനിമാകലയിൽ അധിഷ്ഠിതമാണ്. അതുകൊണ്ടാണ് സിനിമയെ Spatio Temporal Art എന്നു വിശേഷിപ്പിക്കുന്നത്. സംഗീതം ഒഴികെ ബാക്കിയുള്ള കലകൾ എല്ലാം തന്നെ സ്ഥലബന്ധിതമായ നിലയിൽനിന്ന് സമയത്തിലേക്കുള്ള പ്രയാണമാണ് നിർവ്വഹിക്കുന്നത്. കാരണം, Space Concept ൽ നിന്നും Time Concept ലേക്കുള്ള യാത്രയിലാണ് കലകൾ എല്ലാംതന്നെ. സമയത്തിൽ മാത്രം സ്ഥിതിചെയ്യുന്ന സംഗീതത്തിന്റെ നിലയിലേക്കുള്ള വളർച്ച.

ലോകോത്തര ചലച്ചിത്രകാരന്മാരെല്ലാം തന്നെ ഈ കലകളുടെ സങ്കരമായ ചലച്ചിത്രകലയുടെ സംഗീതലോകത്തേക്കുള്ള യാത്രയിലാണ്. ഇതിനു ദിശകൾ വെട്ടിത്തുറന്നവരാണ് അക്കിര കുറോസോവ, ഇൻഗമാർ ബർഗ്ഗ്മാൻ, ഫെല്ലനി, റ്റാർക്കോവ്സ്കി, കീസലേവ്സ്കി, മൈക്കിളോ അന്റോണിയോണി, ഓസ്റ്റാ, ഓഷിമ എന്നുള്ളവരെ പോലെ സിനിമാ ശൈലിയെ ഉയർത്തിയ സംവിധായകർ. Robert Bresson ഇതിന്റെ കാതൽ മനസ്സിലാക്കിയ സംവിധായകനാണ്. ഈ യാത്രയ്ക്കു സഹായിച്ച കലാകാരന്മാരിൽ പറയപ്പെടേണ്ട വ്യക്തികളാണ് അൻഡി വർഹോൾ, ജോർഡൻ ബൾസൺ, മായാഡരൻ, സാൽവാദോർ ഡാലി എന്നുള്ള വരെപ്പോലെ കലയെ സ്ഥലം എന്ന ഉരുക്കുമുഷ്ടിയിൽനിന്നും മോചിപ്പിച്ച് സമയത്തിലേക്കുള്ള പാതവെട്ടിത്തുറന്ന കലാകാരന്മാർ.


Transcendantal Cinema – കളുടേയും Abstract സിനിമകളുടേയും വളർച്ചയ്ക്ക് ഈ വിധത്തിലുള്ള വളരെ വലിയ കലാകാരന്മാർ വഴികാട്ടികളായി. ബാഹ്യസൗന്ദര്യത്തിൽ നിന്നും സംവിധായകന്റെ കാഴ്ചപ്പാടിനെ ഉൾക്കാഴ്ചയിലേക്കു തിരിച്ചുവിടാനും, സിനിമാകലയെ വളർത്തുവാനും സഹായിച്ചു. ഇതിന് ഉദാഹരണമാണല്ലോ കുറസോവായുടെ 'ഡ്രീംസ്' എന്ന ലോകോത്തര സിനിമ.

ശബ്ദം, ദൃശ്യം എന്നീ ഘടകങ്ങളിൽകൂടെ സിനിമ വളരെ മുന്നോട്ടു സഞ്ചരിച്ചെങ്കിൽ സിനിമയുടെ കാതലായ വ്യാകരണത്തിന് എന്തു സംഭവിച്ചു? സാഹിത്യത്തിൽ നടന്നതു പോലെതന്നെ സിനിമയുടെ വളർച്ചയിൽ വ്യാകരണത്തെ തിരിച്ചു മറിച്ചു രൂപാന്തരപ്പെടുത്തി. സിനിമയിൽ വ്യാകരണത്തിന്റെ ഉറവിടം എഡിറ്റിംഗിലാണ്. ഇവിടെയാണ് സിനിമയുടെ ക്ലാസ്സിക്കൽ ഫോമിനെ അശ്ലേഷിച്ചിരുന്ന പുഡോവ്കിന്റെ തത്വങ്ങളെ ഭേദിച്ച് ഐസൻസ്റ്റെൻ തന്റെ ചിത്ര സംയോജനത്തിലെ വിജ്ഞാനകോശം തുറന്നത്. ഇദ്ദേഹം രൂപീകരിച്ച Higher Montage Principle മനസ്സിലാക്കിയതും വളരെ കുറച്ചു പേരുമാത്രം. ഈ ആശയങ്ങളുടെ കാതൽ മനസ്സിലാക്കാതെയാണ് പ്രഭാഷണങ്ങൾ നടത്തുന്ന സിനിമാനിരൂപകർ, സിനിമ അദ്ധ്യാപകർ, സിനിമാ കലയുടെ വളർച്ചയെപ്പറ്റി വാക്ക്പയറ്റു നടത്തുന്ന സിനിമ ബുദ്ധിജീവികൾ!

ഐൻസ്റ്റേനിന്റെ ആശയം അദ്ദേഹം ആ എഡിറ്റിംഗ് ആശയത്തിന് കൊടുത്ത പേരുകളിൽ നിന്നുതന്നെ മനസ്സിലാക്കിയാൽ മതി. അദ്ദേഹം കൊടുത്ത പേരുകളാണ് Metric, Rythmic, Tonal, Overtonal, Intellectual എന്നിവ. ഇതിൽ ആദ്യത്തെ നാലു പേരുകളും സംഗീതവുമായി ബന്ധപ്പെട്ട പേരുകളാണ്. സ്ഥലബന്ധിതമായ സിനിമ കലയെ സമയബന്ധിതമായ ഉയർന്ന കലയിലേക്ക് ഉയർത്തുന്നതാണ് ഈ എഡിറ്റിംഗ് ആശയങ്ങൾ, സിനിമയിലെ ഓരോ ഷോട്ടും, സംഗീതത്തിലെ ഓരോ notations ലേക്കു ലയിപ്പിക്കുന്നതിനുള്ള ആശയമാണ് ഐസൻസ്റ്റെൻ രൂപപ്പെടുത്തിയത്. ഈ ആശയങ്ങൾ എല്ലാംതന്നെ അദ്ദേഹം അദ്ദേഹത്തിന്റെ പല സിനിമകളിലും വിജയകരമായി പ്രയോഗിച്ചതാണ്.

ഈ കാര്യങ്ങളിൽനിന്നും നാം മനസ്സിലാക്കുന്ന സത്യമാണ്, സിനിമയുടെ പൂർണ്ണരൂപം ആർജിക്കുന്നതിനുള്ള മാർഗ്ഗദർശനങ്ങൾ പലതും നമ്മുടെ മുൻപിൽ തുറന്നുകിടക്കുന്നു എന്ന സത്യം. കലയുടെ അഗാധത മനസ്സിലാക്കുന്ന സംവിധായകൻ ആരായിരിക്കും? ഇതൊരു ചോദ്യമാണ്. ●


ജൂനിയർ
മോസസ്
കുട്ടികളുടെ കൂട്ടുകാരൻ
SAMEEKSHA CATECHISM Thiruvalla
കൊള്ളാലോ ഈ പരുപാടി..
കുട്ടി, സാത്താൻ പെട്ടന്ന് രൂപം മാറി
ചേട്ടാ ഇതാ രൊക്കം കാശ്.. എനിക്കും വേണം കുറച്ച് ലഹരി മരുന്നുകൾ..
SCHOOL
ഐസ്ക്രീം ഐസ്ക്രീം നല്ല സ്വാദുള്ള ഐസ്ക്രീം


വരൂ മക്കളേ
നല്ല രുചിയൂറും
ഐസ്ക്രീമുകൾ...
ഹായ് ഹായ്
നല്ല മധുരം
എനിക്ക് ഇനിയും
വേണം
ശേഷം
അതു കണ്ടോ?...
നല്ല രസമുണ്ടല്ലേ...
ആഹാ....
പറക്കുന്ന പോലെ



# കേരളപാണിനീയം ഭാഷയുടെ ബൈബിൾ



ജിനു കൊച്ചുപ്ലാമൂട്ടിൽ

മലയാള ഭാഷയ്ക്ക് അനേകം വ്യാകരണ ഗ്രന്ഥങ്ങൾ ഉണ്ടെങ്കിലും കേരളപാണിനീയത്തിന് മുൻപും ശേഷവും എന്ന് അടയാളപ്പെടുത്തത്തക്ക രീതിയിൽ ഈ ഗ്രന്ഥം ശക്തമാണ്. ആയതിനാൽ ഭാഷയുടെ ആധികാരിക വ്യാകരണ ഗ്രന്ഥമായി ഇന്നും കേരളപാണിനി പഠിക്കപ്പെടുന്നു. എ.ആർ. രാജരാജവർമ്മ ഭാഷയിൽ എത്രത്തോളം സൂക്ഷ്മ നിരീക്ഷണം നടത്തി എന്നതിന് തെളിവാണ് കേരള പാണിനീയം. ആദ്യപതിപ്പ് 1896-ലും പരിഷ്കരിച്ച പതിപ്പ് 1917-ലുമാണ് പുറത്തിറങ്ങിയത്. പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിലും എ.ആർ. രാജരാജവർമ്മയ്ക്ക് സമശീർഷനായ ഒരു വൈയാകരണൻ ഇതര ദക്ഷിണേന്ത്യൻ ഭാഷകളിൽ ഇല്ലായിരുന്നു. 1038-ാംമാണ്ട് കുംഭമാസം 9-ാം തീയതി ചങ്ങനാശ്ശേരി ലക്ഷ്മീപുരത്ത് കൊട്ടാരത്തിൽ ജനിച്ച ഇദ്ദേഹം കേരളപാണിനി എന്ന പേരിൽ പിന്നീട് അറിയപ്പെട്ടു. കൊല്ലവർഷം 1069ൽ സംസ്കൃതമഹാപാഠശാലയിലെ പ്രിൻസിപ്പലായി ഇദ്ദേഹം നിയമിക്കപ്പെട്ടു. കൊല്ലവർഷം 1074 ൽ തിരുവനന്തപുരം മഹാരാജാസ് കോളേജിന്റെ സജീവമായ പ്രവർത്തനങ്ങളിൽ പങ്കാളിയായി. കോളേജിൽ ഭാഷാവിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിന് തയ്യാറാക്കിയ നോട്ടുകളിൽ നിന്നാണ് ഭാഷാഭൂഷണം, വൃത്തമഞ്ജരി, സാഹിത്യസാഹ്യം തുടങ്ങിയ ഗ്രന്ഥങ്ങൾ ഉണ്ടാകുന്നത്. സംസ്കൃതത്തിൽ നിന്നല്ല പ്രാചീന തമിഴിൽനിന്നാണ് മലയാളം ഉണ്ടായതെന്ന അഭിപ്രായമാണ് കേരളപാണിനീയത്തിൽ അദ്ദേഹം പ്രകടിപ്പിക്കുന്നത്. തമിഴിൽ നിന്ന് വേർപെട്ട് മലയാളം സ്വതന്ത്രഭാഷയായതിന് ഹേതുവായി കരുതാവുന്ന ആറു നയങ്ങൾ അദ്ദേഹം ഗ്രന്ഥത്തിൽ അവതരിപ്പിക്കുന്നുണ്ട്.

ഭാഷാ വ്യാകരണത്തിന്റെ രചനയിൽ യൂറോപ്യന്മാരുടെ ശ്രദ്ധ പതിഞ്ഞത് ഏറെക്കുറെ ഇന്ത്യ ആകമാനം ദർശിച്ച ഒരു വികാസത്തിന്റെ പ്രാദേശിക ഫലമായിരുന്നു. നാട് ഭരിക്കാനും ക്രിസ്തുമതം പ്രചരിപ്പിക്കുവാനും വന്ന വൈദേശികരുടെ കൂട്ടത്തിൽ പണ്ഡിതന്മാരും ആധുനിക രീതിയിൽ ഭാഷകൾ അപഗ്രഥിക്കുന്നതിലും പഠിക്കുന്നതിലും മികച്ച ശേഷി ഉള്ള പലരും ഉണ്ടായിരുന്നു. ഇന്ത്യയിൽ തങ്ങളുടെ മുമ്പിൽ കണ്ട ഭാഷകളുടെ സമ്പന്ന ലോകം അവരെ തെല്ലൊന്നുമല്ല സന്തോഷിപ്പിച്ചത്. ക്രിസ്തുമത ഗ്രന്ഥങ്ങൾ ഇന്ത്യൻ ഭാഷകളിലേക്ക് വിവർത്തനം ചെയ്യുന്നതിനും നാടൻ ഭാഷകൾ മാത്രമറിയാവുന്ന സ്വദേശികളെ ക്രിസ്തുമതത്തിലേക്ക് എത്തിക്കുന്നതിനും പ്രാദേശിക ഭാഷാ അഭ്യസനം മിഷനറിമാർക്ക് അനിവാര്യമായി. ഇങ്ങനെ ഇന്ത്യയിലെ വിവിധ ഭാഷകളുടെ വ്യാകരണ രചന പാശ്ചാത്യപണ്ഡിതന്മാർ ഏറ്റെടുത്തതിൽ മലയാളഭാഷയും അന്തർഭവിച്ചു. വ്യാകരണവും ഇപ്രകാരം മലയാളഭാഷയിൽ രൂപമെടുത്ത ഗ്രന്ഥമെന്ന് വിലയിരുത്താം. കേരളപാണിനി അദ്ദേഹത്തിന്റെ എഴുത്തിന് ആശ്രയം നേടിയത് ഗുണ്ടർട്ടിനെയാണെന്ന് അദ്ദേഹം തന്നെ

പറഞ്ഞിട്ടുണ്ട്.

പീഠിക എന്ന പേരിലാണ് പുസ്തകത്തിന്റെ ആമുഖം ചിട്ടപ്പെടുത്തിയിരിക്കുന്നത്. മലയാള ദേശവും ഭാഷയും അതിന്റെ വിഭാഗങ്ങളും, ദ്രാവിഡഭാഷകളുടെ അന്യോന്യ ബന്ധം, മലയാളത്തിന് സംസ്കൃതത്തോടുള്ള ബന്ധം, മലയാളം തമിഴിന്റെ ഉപഭാഷകളിൽ ഒന്നാകുന്നു. മലയാളം തമിഴിൽനിന്ന് അകലാനുള്ള സന്ദർഭങ്ങൾ, കൊടുന്തമിഴ് മലയാളം ആയതെങ്ങനെ, അതിനെ സംബന്ധിച്ച് ആറു നയങ്ങൾ തുടങ്ങിയ വിഷയങ്ങളാണ് ഇതിൽ ചർച്ച ചെയ്യുന്നത്. മലയാളം എന്ന വാക്ക് ആരംഭത്തിൽ ദേശനാമം മാത്രമായിരുന്നുവെന്നും മലയാളനാട്ടിലെ ഭാഷ എന്ന അർത്ഥത്തിലാണ് നാം മലയാള ഭാഷ എന്നു പറയാറുള്ളതെന്നും ദേശത്തിന് മലയാളം എന്നും, ഭാഷയ്ക്ക് മലയാണ്മ അല്ലെങ്കിൽ മലയായ്മ എന്നും ഒരു വിവേചനം ഉണ്ടായിരുന്നതായും ക്രമേണ നഷ്ടമായെന്നും ആധുനിക മലയാളത്തിന്റെ ആവിർഭാവത്തോടുകൂടിയാണു ദേശനാമംതന്നെ ഭാഷയ്ക്കും ഉപയോഗിക്കാൻ തുടങ്ങിയതെന്നും അതിനാൽ ഇപ്പോൾ മലയാണ്മ എന്നതിനു പഴയ മലയാള ഭാഷ എന്നുകൂടി ചിലർ അർത്ഥം ഗ്രഹിക്കാറുണ്ടെന്നും അദ്ദേഹം പറയുന്നു.

ഘട്ടവിഭാഗം എന്ന ഭാഗത്ത് കേരളഭാഷയെ മൂന്നു ഘട്ടങ്ങളായി വിഭജിക്കുന്നു:

1. ആദ്യഘട്ടം - ബാല്യാവസ്ഥ -
കരിന്തമിഴുകാലം: കൊല്ലവർഷം 1-500 വരെ ക്രിസ്ത്വബ്ദം 825-1325.
2. മദ്ധ്യഘട്ടം - കൗമാരാവസ്ഥ -
മലയാണ്മക്കാലം: കൊല്ലവർഷം 500-800 ക്രിസ്ത്വബ്ദം 1325-1625.
3. ആധുനികഘട്ടം - യൗവനാവസ്ഥ -
മലയാളകാലം: കൊല്ലവർഷം 800 മുതൽ ഇതുവരെ ക്രിസ്ത്വബ്ദം 1625 മുതൽ ഇതുവരെ.

തുടർന്ന് മലയാളത്തിലെ അക്ഷരമാല എന്ന ഭാഗത്തിൽ വർണ്ണം, അക്ഷരം, ലിപി വട്ടെഴുത്ത് ഗ്രന്ഥാക്ഷരവും, തുളു മലയാളം അക്ഷരമാല, വർണവിഭാഗം, വർണ്ണോൽപത്തി, ധ്വനിഭേദോപാധികൾ, തമിഴിൽ സ്ഥലഭേദം കൊണ്ട് വർണ്ണത്തിനു ധ്വനിഭേദം, ഇപ്പോഴത്തെ അക്ഷരമാല എന്നിവ ചർച്ച ചെയ്യുന്നു. തുടർന്ന് വർണ്ണവികാരങ്ങളും ചർച്ച ചെയ്യുന്നു.

സന്ധിപ്രകരണം എന്ന കേരളപാണിനീയ ഭാഗത്ത് മൂന്ന് ഉപാദ്ധ്യായങ്ങൾ വരുന്നു. സന്ധിവിഭാഗം ലോപസന്ധി, ആഗമസന്ധി, ദ്വിത്വസന്ധി, ആദേശസന്ധി എന്ന സന്ധിവിഭാഗങ്ങൾ എന്നിവ ഇവിടെ പരിചയപ്പെടുത്തുന്നു. ശബ്ദവിഭാഗം, പ്രകൃതി പ്രത്യയങ്ങൾ എന്നിവയും ഈ പ്രകരണത്തിൽ ഉൾപ്പെടുന്നു.

തുടർന്ന് വരുന്ന നാമാധികാരം എന്ന അദ്ധ്യായത്തെ ലിംഗപ്രകരണം, വചന പ്രകരണം, വിഭക്തിപ്രകരണം, വിഭക്ത്യാഭാസ പ്രകരണം, കാരകപ്രകരണം, തദ്ധിത പ്രകരണം എന്നിങ്ങനെയുള്ള അദ്ധ്യായങ്ങളായി തിരിച്ചിരിക്കുന്നു.

ധാത്വധികാരം എന്ന താരതമ്യേന വലിയ അദ്ധ്യായം പന്ത്രണ്ട് ഉപാദ്ധ്യായങ്ങളായി തിരിച്ചിരിക്കുന്നു. ക്രിയയുമായി ബന്ധപ്പെട്ടുള്ളവയാണ് ധാത്വധികാരത്തിൽ പെടുന്നത്. കാലപ്രകരണം, പ്രകാരപ്രകരണം, പ്രയോഗ പ്രകരണം, പ്രയോജകപ്രകൃതി, നാമധാതു പ്രകരണം, ഖിലധാതുക്കൾ, അനുപ്രയോഗം, നിഷേധപ്രകരണം, സമുച്ചയം, അംഗക്രിയ, കൃതികൃത്തുക്കൾ, കാരകകൃത്തുക്കൾ എന്നിവയാണത്.

തുടർന്ന് വരുന്ന ഭേദകാധികാരം എന്ന അദ്ധ്യായവും നിപാതാവ്യയാധികാരം എന്ന അദ്ധ്യായവും വളരെ ഗൗരവമേറിയ ഭാഷാ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു. മലയാളത്തിലെ മറ്റ് വൈയാകാരണന്മാരെ അപേക്ഷിച്ച് ഭേദകാധികാരത്തിന് പ്രത്യേക പരിഗണന നൽകിയിട്ടുള്ളത് കേരളപാണിനിയാണ്.

ആകാംക്ഷാധികാരം എന്ന അദ്ധ്യായത്തെ വാക്യപ്രകരണം, സമാസപ്രകരണം എന്നിങ്ങനെ തിരിച്ചിരിക്കുന്നു.

കേരളപാണിനീയം അവസാനം ചർച്ച ചെയ്യുന്നത് ശബ്ദോല്പത്തിയെ കുറിച്ചാണ്.




ഭാഷയ്ക്ക് അനുക്രമണം പരിണാമ വിധേയം ആയിക്കൊണ്ടിരിക്കുകയാണെങ്കിലും അതിന് അനുയോജ്യമായ പഠനങ്ങൾക്ക് പ്രയോജനകരമായ വ്യാകരണ ഗ്രന്ഥങ്ങൾ കേരളപാണിനീയത്തിന് മുൻപും ശേഷവും ഉണ്ടായിട്ടില്ല. കേരളപാണിനീയത്തിനെ തുടർന്ന് ഉണ്ടായ വ്യാകരണ ഗ്രന്ഥങ്ങൾ എല്ലാം തന്നെ കേരളപാണിനീയത്തെ അധികരിച്ച് ഉള്ളവയാണ് എന്നത് ഈ ഗ്രന്ഥത്തിന്റെ പ്രാധാന്യം ഉറപ്പിക്കുന്നതാണ്. ●

**18** വർഷങ്ങൾക്ക് മുമ്പ് ചേർത്തലയ്ക്ക് സമീപം നടന്നതായ സംഭവമാണ്. മാത്യു പുനക്കുളത്ത് അച്ചനും ഞാനുംകൂടെ എറണാകുളത്തുനിന്നും തിരുവല്ലയിലേക്കു വരികയായിരുന്നു. സമയം രാത്രി എട്ടര. ചേർത്തലയിൽ നിന്ന് 10 കിലോമീറ്റർ മുമ്പോട്ട് മാറി ഒരു ടെമ്പോയും മാരുതി 800 ഉം ഇടിച്ചുകിടക്കുന്നു. അച്ചൻ പറഞ്ഞതനുസരിച്ച് വാഹനം നിർത്തി അപകടസ്ഥലത്തേക്ക് ചെന്നു. അപ്പനും അമ്മയും രണ്ടുമക്കളും അടങ്ങുന്ന കുടുംബം വണ്ടിക്കുള്ളിൽ കിടക്കുന്നു. ആദ്യം ഈ ദൃശ്യം കണ്ടു ഞങ്ങൾ പരിഭ്രമിച്ചു. അതുവഴി ധാരാളം വാഹനങ്ങൾ കടന്നുപോയെങ്കിലും ആരും സഹായിക്കാൻ മനസായില്ല. അവർ മരണത്തോട് അടുത്തുകൊണ്ടിരിക്കുന്നു. അവരെ കെട്ടിപ്പിടിച്ചു രണ്ടുമക്കൾ അവശനിലയിൽ. അപ്പൻ സ്റ്റിയറിങ്ങിന്റെ ഇടയിൽ കുടുങ്ങിപ്പോയി. വളരെയേറെ രക്തം ഛർദിച്ചു. എന്തൊക്കെയോ കൈകൾകൊണ്ട് സൂചിപ്പിക്കുന്നുണ്ട്. ഒരുവാക്ക് പോലും പറയുന്നില്ല. നിമിഷങ്ങൾക്കകം അദ്ദേഹം അന്ത്യശ്വാസം വലിച്ചു. ഉടനെ ഞങ്ങൾ

# നല്ല തിരുവല്ലക്കാരന്റെ ഉപമ

## റെജി ഗീവർഗീസിന്റെ അനുഭവങ്ങളിലൂടെ





ബോധനയുടെ വാഹനത്തിൽ അപ്പനെയും ഒരു മകളെയും, പോലീസ് വാഹനത്തിൽ അമ്മയെയും മറ്റൊരു മകളെയും ചേർത്തല ജൂബിലി മിഷൻ ആശുപത്രിയിൽ എത്തിച്ചു. 12 വയസ്സുള്ള മകളും അപ്പനും സംഭവസ്ഥലത്തുതന്നെ മരിച്ചിരുന്നു. അമ്മയെയും രണ്ടാമത്തെ മകളെയും എറണാകുളത്തേക്ക് മാറ്റണമെന്ന് ഡോക്ടർമാർ ആവശ്യപ്പെട്ടു.

പിറ്റേ ദിവസത്തെ പത്രത്തിൽ അപ്പനും ഒരു മകളും മരണപ്പെട്ടെന്നും അമ്മയും രണ്ടാമത്തെ മകളും രക്ഷപ്പെട്ടെന്നും ഉള്ള വാർത്ത കാണാനിടയായി. എറണാകുളത്തെ ഒരു ബാങ്കിലെ മാനേജർ ആയിരുന്നു മരിച്ച വ്യക്തി. അഞ്ചലിൽ ഒരു പരിപാടിയിൽ പങ്കെടുത്ത് തിരികെ പോകുമ്പോഴായിരുന്നു സംഭവം. അദ്ദേഹം ഉഴവൂർ സ്വദേശിയായിരുന്നു.

പുനക്കുളത്ത് അച്ചന്റെ വാക്കുകളാണ് എനിക്ക് പ്രചോദനം നല്കിയത്. അദ്ദേഹം പറഞ്ഞു: 'എവിടെ വച്ച് കണ്ടാലും അപകടത്തിൽ പെട്ടിരിക്കുന്നവർക്ക് സഹായമായി ഓടിയെത്തണം. അതാണ് യഥാർത്ഥ സാമൂഹ്യസേവനം.' രണ്ടുവർഷത്തിനു ശേഷം ആ അപകടത്തിൽനിന്ന് രക്ഷപ്പെട്ട സ്ത്രീയും അവരുടെ സഹോദരിയായ സന്യാസിനിയും ഞങ്ങൾ ആശുപത്രിയിൽ കൊടുത്തിരുന്ന അഡ്രസ്സ് അന്വേഷിച്ച് ബോധനയിൽ വന്ന് നന്ദിപറയുകയും ഒത്തിരിയേറെ കരയുകയും ചെയ്തു. ഈ സംഭവം എന്റെ ജീവിതത്തിൽ വലിയ പരിവർത്തനത്തിന് കാരണമായി. അതിനുശേഷം അപകടത്തിൽ പെടുന്ന ആരെയും സഹായിക്കുവാനുള്ള വലിയൊരു പ്രചോദനം ലഭിക്കുകയും ചെയ്തു.

ആലപ്പുഴയിലേക്കുള്ള യാത്രാമദ്ധ്യേ കിടങ്ങറയിൽ വച്ച് മറ്റൊരു സംഭവമുണ്ടായി. എന്റെ ഒരു സുഹൃത്തും ഒപ്പമുണ്ടായിരുന്നു. ളായിക്കാട് സ്കൂളിൽ പത്താം ക്ലാസ്സിൽ പഠിക്കുന്ന ഒരു ആൺകുട്ടി ഉച്ചയ്ക്ക് വീട്ടിൽ ഭക്ഷണം കഴിക്കാൻ വന്നതാണ്. വീട്ടിൽ ജോലി ചെയ്തുകൊണ്ടിരുന്നവരുടെ ബൈക്ക് എടുത്ത് റോഡിൽ ഇറങ്ങിയതായിരുന്നു. ഒരു ടിപ്പർ ലോറിയുമായി കൂട്ടിയിടിച്ച് ആ മകന്റെ തലയിലൂടെ ടിപ്പറിന്റെ ചക്രം കയറിയിറങ്ങി തലച്ചോറ് പുറത്തുവന്നു. ആരും സഹായിക്കാൻ മനസായില്ല. ഞങ്ങൾ ബൈക്കിൽനിന്നിറങ്ങി ഒരു തുണികൊണ്ട് ചിന്നിച്ചിതറിയ ആ തല കെട്ടുകയും മെഡിക്കൽ കോളേജിലേക്ക് അയയ്ക്കുകയും ചെയ്തു. എസ്.എൻ.ഡി.പി.യുടെ സജീവപ്രവർത്തകനായിരുന്ന ഒരു വ്യക്തിയുടെ മകനായിരുന്നു. യാത്രാമദ്ധ്യേ ആ മകൻ മരണമടഞ്ഞു.

പിന്നീട് പാറശ്ശാലയിൽ മാർത്താണ്ഡത്തേക്കുള്ള യാത്രാ മദ്ധ്യേ ഒരു അപകടം കാണുവാൻ ഇടയായി. ഒരു പാഴ്സൽ വണ്ടിയിലിടിച്ച് ബൈക്കിൽ വന്ന രണ്ടുപേർ തെറിച്ച് ഞങ്ങളുടെ വാഹനത്തിന്റെ മുമ്പിലേക്ക് വീണു. പയ്യമ്പള്ളിയിൽ അച്ചന്റെ നിർദ്ദേശപ്രകാരം ഞങ്ങൾ വാഹനം നിർത്തി. ഇറങ്ങി നോക്കിയപ്പോൾ ഒരാളുടെ കാൽ പൂർണ്ണമായും നശിച്ചിരിക്കുന്നു. അച്ചന്റെ കുപ്പായം കണ്ട് ആ മകൻ തന്നെ രക്ഷപ്പെടുത്തണേ എന്ന് നിലവിളിച്ചു. ഒരു വൈദികന്റെ വില കൂടുതലായി മനസ്സിലാക്കിയതായിരുന്നു ഈ സംഭവം. അവനെ ഉടനെതന്നെ പാറശ്ശാല ഗവൺമെന്റ് ആശുപത്രിയിൽ എത്തിച്ചു. ഒരു ബി.ജെ.പി. നേതാവിന്റെ മകനായിരുന്നു. ആശുപത്രിയിൽ കൊടുത്ത അഡ്രസ്സ് അനുസരിച്ച് ആ മകന്റെ പിതാവ് വിളിച്ച് നന്ദി പറയുകയും വലിയ ഒരു നന്മയാണ് ഞങ്ങളുടെ കുടുംബത്തിന് വേണ്ടി



ചെയ്തത് എന്ന് പറയുകയും ചെയ്തു.

നവംബർ മാസം 2-ാം തീയതി നടന്ന സംഭവം പത്രമാധ്യമങ്ങളിലൂടെ നാം എല്ലാവരും അറിഞ്ഞതാണ്. കറ്റോട് പാലത്തിൽ ടിപ്പർ ലോറി ഇടിച്ച് നിയന്ത്രണം വിട്ട് തോട്ടിലേക്ക് മറിയുകയും ക്ലീനർ മരണമടയുകയും ചെയ്ത സംഭവം. അവിടെയും രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുവാൻ എനിക്കു സാധിച്ചു. 2-ാം തീയതി ഉച്ച കഴിഞ്ഞ് ഞാൻ ബോധനയിൽനിന്ന് അവധിയെടുത്തിരുന്നു. ആശുപത്രിയിൽ പോയി ജ്യേഷ്ഠന്റെ മകനെ കാണുവാൻ ഉച്ചയ്ക്ക് വീട്ടിൽ എത്തി. വീട്ടിൽ വന്ന് വസ്ത്രം മാറുമ്പോൾ ഒരു വലിയ ശബ്ദം കേട്ടു. റോഡിൽ മെറ്റൽ ഇറക്കുന്ന ശബ്ദം ആയിരിക്കും എന്ന് ഞാൻ പറഞ്ഞു. വീട്ടിൽനിന്ന് നോക്കിയാൽ കറ്റോട് പാലം കാണാൻ സാധിക്കും. ആളുകൾ ഒത്തിരിയേറെ പേർ ഓടിക്കൂടുകയും പാലത്തിലെ ഗതാഗതം തടസ്സപ്പെടുകയും ചെയ്തു. ഉടനെ തന്നെ ഞാൻ അങ്ങോട്ട് ഓടി. രക്ഷാപ്രവർത്തനങ്ങൾ ആരംഭിച്ചു. ഡ്രൈവറെ ഉടനെ ആശുപത്രിയിൽ എത്തിച്ചു. അവിടെ ഉണ്ടായിരുന്ന പൈപ്പുകൾ പൊട്ടുകയും പാലം മുഴുവൻ തകരുകയും ചെയ്തു. ഒത്തിരി മാലിന്യങ്ങളും ഇഴജന്തുക്കളും നിറഞ്ഞതായിരുന്നു ഈ തോട്. ഒരുപാട് പേർ പറഞ്ഞു ഇറങ്ങരുതെന്ന്. എന്നാൽ ഈ വാക്കുകൾ ഒന്നും എന്നെ തളർത്തിയില്ല. 'മാതാവേ' എന്ന് വിളിച്ച് മൂന്ന് പ്രാവശ്യം കുരിശ് വരച്ച് വെള്ളത്തിലേക്ക് ഇറങ്ങുകയും ചെയ്തു. ഉടനെ തന്നെ മൂന്ന് പേർ കൂടെ ഇറങ്ങി. ഇരുപത് മിനിറ്റിന് ശേഷം ഫയർ ഫോഴ്സ് എത്തി. ഈ വണ്ടിയിലെ ക്ലീനർ വാഹനത്തിന്റെ അടിയിൽ പെട്ടിരിക്കുകയാണ്. അദ്ദേഹത്തിന്റെ മുകളിലേക്ക് പാലത്തിന്റെ സ്ലാബെല്ലാം വീണു കിടക്കുകയും ചെയ്തിരിക്കുന്നു. അയാളുടെ മുകളിൽ കിടന്ന ഒരു കല്ല് ഞാൻ എടുത്തുമാറ്റി. മറ്റ് സാധനങ്ങൾ ഒന്നും എടുക്കുവാൻ സാധിക്കില്ലായിരുന്നു. വണ്ടിയിൽ ഫയർഫോഴ്സുകാരുടെ വടം കെട്ടി പൊക്കുവാൻ ശ്രമിച്ചു. എന്നാൽ വടം പൊട്ടിപ്പോയി. ദൈവാനുഗ്രഹത്താൽ താഴെ നിന്നിരുന്ന മൂന്ന് പേർ അത്ഭുതകരമായി രക്ഷപ്പെട്ടു. പിന്നീട് മറ്റൊരു വടം ഉപയോഗിച്ച് വണ്ടിയും സ്ലാബും ഉയർത്തിയപ്പോൾ അദ്ദേഹം ചെറുതായി അനങ്ങി. ഉടനെ തന്നെ അദ്ദേഹത്തെ വാരിയെടുത്തു. മറ്റ് രണ്ടുപേരുടെ സഹായത്തോടെ പുഷ്പഗിരി മെഡിക്കൽ കോളേജിൽ എത്തിച്ചു. അവർ കോട്ടയംകാരായിരുന്നു.

ഇങ്ങനെ ഒത്തിരിയേറെ സംഭവങ്ങൾക്ക് അപകടസ്ഥലത്ത് സഹായകനായി റെജി ഓടിയെത്തുന്നു. വേദനിക്കുന്നവരിലും അപകടം സംഭവിച്ചവരിലും ദൈവത്തിന്റെ മുഖം കാണുവാൻ ശ്രമിക്കുന്നു. നമുക്കും ഇതുപോലെ സംഭവിക്കാം എന്ന് അദ്ദേഹം ഓർമ്മപ്പെടുത്തുന്നു. നല്ല സമരിയാക്കാരനെപ്പോലെ വേദനിക്കുന്നവരെ കരുതുവാനും ആവശ്യക്കാരുടെ മുമ്പിൽ സഹായകനായി ഓടിയെത്തുവാനും അദ്ദേഹം നിരന്തരം പരിശ്രമിക്കുന്നു. റെജിയുടെ മൂത്തമകനും പിതാവിന്റെ ധൈര്യവും മറ്റുള്ളവരെ സഹായിക്കാനുള്ള മനോഭാവവും ദൈവം നൽകിയിട്ടുണ്ട്. കുറേ വർഷങ്ങൾക്ക് മുമ്പ് മൂത്ത മകൻ ജോയൽ അഞ്ചാം ക്ലാസ്സിൽ പഠിക്കുമ്പോൾ തോട്ടിലേക്ക് വീണ ഒരു ആൺകുട്ടിയെ രക്ഷിക്കുവാനായി വെള്ളത്തിലേക്ക് ഇറങ്ങിയതും ആളുകളെ വിളിച്ചുകൂട്ടിയതും വളരെയേറെ ശ്രദ്ധേയമായിരുന്നു. കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും മാലാഖയായി ഇനിയും അനേകർക്ക് കാരുണ്യസ്പർശം ആകുവാൻ അദ്ദേഹത്തിനും മകനും സാധിക്കട്ടെ.

●

*തയ്യാറാക്കിയത് :*
**ബ്രദർ ബിജിൻ കുരിശുംമൂട്ടിൽ**




റെജിയും കുടുംബവും



# ഗുരുവരുൾ

പുലരിയിൽ പകലോൻ
പുറംലോകമണയുമ്പോൾ
പലതരം മുഖംമൂടിയണിയുന്ന മർത്യൻ
വിലാഞ്ഞിൽ കണക്കേ വേണ്ടുമിടങ്ങളിൽ
പല മാസ്കിലോരോന്നുമണിയുന്ന നേരം
കാപട്യവേഷത്തിൻ കുപ്പായമണിയുമ്പോൾ
പാപമേ ലോകത്തിലില്ലെന്നു കാണുന്നവൻ
തന്നയൽക്കാരനെ തല്ലിച്ചതച്ചാലും
തന്നുടെ കീശയിൽ കാശുവീണീടണേ
കീശയിൽ വീഴുമീ കാശുമായോടുന്നു
ദേശമാകേയുമേ ആർത്തിപൂണ്ടിട്ടവൻ
ദൃഷ്ടിയിൽ കാണുന്ന സൃഷ്ടവസ്തുക്കളിൽ
ഇഷ്ടമായുള്ളതോ സ്വന്തമാക്കുന്നവൻ
എല്ലാം മറന്നവനോടിക്കിതച്ചപ്പോൾ
മെല്ലെ തൻ കൂടാരമണയുവാൻ നേരമായ്
പതിയെ പതിവുപോൽ തൻ
കൂടാരമണയുമ്പോൾ
പതിയെ പകലോനും മതിയാക്കി മറയുന്നു
പകലോന്റെ വെൺവസ്ത്രമുരിയുന്ന പകലോ
പകരമായണിയുന്നു രാവിന്റെയിരുൾ വസ്ത്രം
ഓടിത്തളർന്നവൻ നേടിയതോർത്തിട്ടു
വാടിത്തളർന്നു തൻ മെത്തമേൽ വീഴുമ്പോൾ
പെട്ടെന്നൊരു പിണർ തൻനെഞ്ചിനുള്ളിലായ്
മുട്ടുന്നു ഹൃത്തിന്റെ ഭിത്തിമേൽ ശക്തമായ്
ഇരുളിന്റെ പാളികൾ വന്നങ്ങു മായുന്നു
ഇരു നേത്രമണികളും നിശ്ചലമാകുന്നു
ഈ ലോകമെല്ലാമെ കൈവശമാകിലും
ഫലമെന്താണാത്മാവു കൈമോശമായാൽ?




**മാത്യു കോഴിമണ്ണിൽ,**
**ചങ്ങനാശ്ശേരി**



**ജിനു കൊച്ചുപ്ലാമൂട്ടിൽ**





# നല്ലോണ്ണം ദണ്ണമുണ്ട്

ഒടുവിൽ ചുംബിച്ചത്
യൂദാസാണെന്നറിഞ്ഞപ്പോൾ
കൂട്ടമണിയടിച്ച പള്ളിക്കൂടത്തീന്ന്
ചന്നം പിന്നമോടുന്ന കുട്ട്യോളുടെ
കാലൊച്ചമാതിരിയായിരുന്നു
ഓന്റെ ചങ്കിടിപ്പ്.

തിരിച്ചറിവിനൊടുവിൽ
വായ മരണവീട് പോലെയും
ദേഹം ശവക്കല്ലറ പോലെയും.

മരവിച്ച നിർവികാരത മാത്രം.

യൂദാസിനപ്പോൾ മാത്രമല്ല
ആത്മഹത്യയ്ക്ക് ശേഷവും
ക്രിസ്തുവിനെയോർത്ത്
നല്ലോണ്ണം ദണ്ണമുണ്ടായിരുന്നു.



'**ക**നിവിന്റെ കണ്ണുനീർ കലരാത്ത കരളിന്റെ കവിതയിതൊക്കെയും കപടമല്ലേ?'

(വൈലോപ്പിള്ളി - കുടിയൊഴിക്കൽ)

ഓരോ അമ്മയും കനിവിന്റെ കണ്ണുനീരാണ്. ഗൃഹാതുരത്വം ഓർമിപ്പിക്കുന്ന രണ്ടു അക്ഷരം മാത്രമല്ല അമ്മ. നിറപുഞ്ചിരിയുമായി വാതിൽപ്പടിയിൽ കാത്തിരിക്കുന്ന വിശുദ്ധമായ വാക്കിനുടമ. ഹൃദയം പിളരുന്ന അവരുടെ കണ്ണുനീർ പ്രാർത്ഥനകളാണ് മക്കളുടെ വഴികളിൽ അനുഗ്രഹ കടാക്ഷമാകുന്നത്.

ഇസഹാക്കിന്റെ അമ്മയായ സാറായെ നാം വി. ബൈബിളിൽ കണ്ടുമുട്ടുന്നുണ്ട്. മോറിയാ മലയിലേക്ക് കർത്താവിന് ബലിയർപ്പിക്കുവാൻ പോകുന്ന മകനെയും ഭർത്താവിനെയും യാത്രയാക്കുമ്പോൾ, ആ അമ്മമനസ്സിലും തീക്കനൽ എരിഞ്ഞിട്ടുണ്ടാവണം. ബലിയർപ്പിക്കുവാൻ തീയും വിറകുമുണ്ടായിട്ടും നിശ്ചയിക്കപ്പെട്ട പരീക്ഷണ പദ്ധതിയിൽ നിന്നും ദൈവം പിന്മാറി. ഒരുപക്ഷേ ഇതിന് കാരണം ആ അമ്മയുടെ ഉള്ളുരുകിയ പ്രാർത്ഥനയായിരിക്കും. അമ്മമാരുടെ കണ്ണുനീർ പ്രാർത്ഥനകൾ നിശ്ചയിക്കപ്പെട്ട ശിക്ഷാവിധികളിൽ നിന്നും ദൈവത്തെപ്പോലും പിന്മാറ്റും.

പുരുഷൻ ധർമ്മത്തിന്റെ ഉത്തുംഗശൃംഗത്തിൽ നിന്ന് കാൽതെറ്റി വീഴുമ്പോൾ സ്ത്രീയുടെ കോമളഹസ്തങ്ങൾ പിടിച്ചുനിർത്തിയ പല കഥകളും നാം വി. ബൈബിളിലും മഹാഭാരതത്തിലും കണ്ടിട്ടുണ്ട്. വള്ളത്തോളിന്റെ അച്ഛനും മകളും എന്ന കവിതയിൽ വിശ്വാമിത്ര മഹർഷി കശ്യപ മുനിയെ കാണാൻ കശ്യപാശ്രമത്തിൽ എത്തുന്നു. അവിടെ ശകുന്തളയെയും അവളുടെ കുഞ്ഞിനെയും കാണുന്നു. മേനകയെപ്പോലെ സുന്ദരിയായ ശകുന്തള തനിക്ക് മേനകയിലുണ്ടായ മകളാണെന്ന് തിരിച്ചറിയുന്നു. അവളുടെ കദനകഥകൾ കേൾക്കുന്ന വിശ്വാമിത്രൻ

'ദുഷ്യന്തനവനാരെ, ന്നാരോമൽക്കുമാരിയെ-
ദുസ്സഹാവമാനത്തിൽ തള്ളിയിട്ടുയിർക്കൊൾവാൻ!'

എന്ന് പറഞ്ഞ് ദുഷ്യന്തനെ ശപിക്കാനൊരുങ്ങുന്നു.

'അച്ഛനമ്മമാർ കാലേ വെടിഞ്ഞ നിർഭാഗ്യയെ
സ്വച്ഛന്ദമുപേക്ഷിച്ചാൻ ഭർത്താവുമെന്നേ വേണ്ടൂ!'

എന്നിങ്ങനെ ശകുന്തള ചൂണ്ടിക്കാണിച്ചുകൊടുത്തപ്പോഴാണ് അദ്ദേഹം അത് മനസിലാക്കുന്നത്. അതോടുകൂടി കോപം ശമിച്ച് പ്രസന്നനായിത്തീർന്നു വിശ്വാമിത്രൻ.

'ഭദ്രം തേ പിടിച്ചെന്നെക്കരേറ്റി നിൻ
സൗശീല്യം'

എന്ന് പറഞ്ഞ് പുത്രിയുടെ സൗശീല്യം തന്നെ ധാർമിക അധഃപതനത്തിൽ നിന്ന് പിടിച്ചുണർത്തിയതായി വിശ്വാമിത്രമഹർഷിതന്നെ സമ്മതിക്കുന്നുണ്ട്. വിശ്വാമിത്രൻ എന്ന താപസന്റെ മനഃസ്ഥിതിക്ക് പരിവർത്തനം വരുത്തുവാൻ വീട്ടമ്മയായ മകൾക്ക് കഴിഞ്ഞു.

'ആരുടെ കാലിൽത്തറയ്ക്കുന്ന മുള്ളുമെ-
ന്നാത്മാവിനെ കുത്തിനോവിക്കുമെന്ന്'

പാടിയ ബാലാമണിയമ്മ പോലും അമ്മമനസ്സിന്റെ കനിവിനെയാണ് സൂചിപ്പിക്കുന്നത്.

അടുത്തിടെ നമ്മുടെയൊക്കെ ഹൃദയത്തെ ഉലച്ച ഒരു വാർത്ത മാധ്യമങ്ങളിലൂടെ നാം അറിയുവാനിടയായി. അമേരിക്കയിൽ നിന്ന് തിരിച്ചെത്തിയ മകൻ അമ്മയുടെ അസ്ഥികൂടം ഫ്ളാറ്റിൽ കണ്ടെത്തി എന്ന ദാരുണവാർത്ത ജീവന്റെ അവസാനകണികപോലും തന്നിൽ നിന്ന് മറയുന്നതിന് തൊട്ടുമുൻപ് ആ അമ്മ ദൈവത്തോട് പ്രാർത്ഥിച്ചത് ഇപ്രകാരമായിക്കൂടേ; ദൈവമേ, അങ്ങയുടെ കൃപകൾ അവസാനിക്കാത്തതാണ്. ഞാൻ അവയ്ക്കെല്ലാം കൃതജ്ഞതയുള്ളവളാണ്. ഏറ്റവും വലിയ സമ്മാനമായി അങ്ങു തന്ന എന്റെ പ്രിയമകനെ അങ്ങയുടെ കരങ്ങളിൽ താങ്ങേണമെ. എല്ലാവിധ ആപത്തുകളിൽ നിന്നും അങ്ങ് അവനെ പൊതിഞ്ഞുപിടിക്കേണമെ. എല്ലാദിനത്തിലും അങ്ങ് അവനോടൊപ്പം നടന്ന് നന്മകൾ തെരഞ്ഞെടുക്കുവാൻ പ്രാപ്തനാക്കേണമെ.



# അമ്മമനസ്സ്

## കനിവിന്റെ പച്ചത്തുരുത്ത്



സി. ഗ്ലാഡിസ്

ജീവിതത്തിന് മുമ്പിൽ പകച്ചുപോകുന്ന അവസരങ്ങളിൽ അങ്ങ് താങ്ങായി കൂടെയിരിക്കണമെ. എല്ലാവർക്കും മുമ്പിൽ എന്റെ മകൻ ഒരു മാതൃകയായി വളരുന്നത് കാണുവാൻ അങ്ങ് ഇടവരുത്തണമെ.

നിശ്ചലം നിൽക്കാതെ നൂറു പണികൾ ചെയ്യുന്നവർ, എന്നുമുദിക്കുന്ന സൂര്യൻ, പതുക്കെപ്പതുക്കെ വന്നരികിലെത്തുന്ന രാത്രി, കഴുകേണ്ട പാത്രങ്ങൾ, മുഷിവാർന്ന വസ്ത്രങ്ങൾ, പൊടിയടിഞ്ഞുള്ളൊരു ജാലകങ്ങൾ, കിളിവായിൽ വെച്ചുകൊടുക്കേണ്ട തീറ്റകൾ. ശൂന്യമായ പൂജാഗൃഹം ചേർത്തടച്ച്, ശൂന്യമായ കണ്ണുകൾ തുടച്ച്, ആഹ്ളാദ സൗഭാഗ്യപൂർണ്ണയായ് മുഖംമൂടിയണിയുന്ന വീട്ടമ്മ, മക്കൾക്കും ഭർത്താവിനും മുമ്പിൽ പല വേഷങ്ങൾ കെട്ടിയാടുന്നു - നമ്മുടെ അമ്മമാർ.

അമ്മയെന്ന് ചിന്തിക്കുമ്പോൾ ഗൃഹാതുരത്വം ഓർമ്മിപ്പിക്കുന്ന ഒത്തിരി ചിന്തകൾ മനസ്സിലെത്തിച്ചേരാറുണ്ട്. എന്റെ ഗ്രാമത്തിൽ ഒരമ്മയുണ്ട്, മേരിയമ്മ. ഭ്രാന്തിയായ ആ അമ്മയെ ഓർക്കാത്തവരായി ആരുംതന്നെ എന്റെ നാട്ടിലില്ല. തൂവെള്ള ചട്ടയും മുണ്ടുമുടുത്ത് വൃത്തിയായി നടക്കുന്ന അമ്മ. അവരെക്കാണുമ്പോൾ എന്റെ ഗ്രാമത്തിലെ കുട്ടികൾ തോട്ടുവക്കിൽ എണ്ണ തേച്ച് നില്ക്കും. അവർ എല്ലാ കുട്ടികളെയും കുളിപ്പിക്കും. കുളികഴിഞ്ഞ കുട്ടികൾ കുസൃതികാട്ടി വെള്ളത്തിൽ വീണ്ടും ചാടിയാലും ക്ഷമയോടെ തോർത്തും പിടിച്ച് കാത്തുനിൽക്കുന്ന അമ്മ. കുളികഴിഞ്ഞ് തോർത്തി പൗഡറിട്ടൊരുക്കുന്ന അമ്മ, ഒരു കുഞ്ഞുപോലും അവരെ ഭയപ്പെട്ടിരുന്നില്ല. പണ്ട് മകൻ നഷ്ടപ്പെട്ട വേദന അവരിൽ മാനസിക വിഭ്രാന്തി ഉളവാക്കിയെങ്കിലും ഞങ്ങളുടെ ഗ്രാമത്തിലെ പാടത്ത് പച്ചവരമ്പിലൂടെ വിശുദ്ധിയുടെ വെള്ളപുതച്ച് നടന്നിരുന്ന അവർ ഞങ്ങളുടെ ഗ്രാമത്തിലെ ഓരോ കുട്ടിയുടെയും ബാല്യത്തിലെ ഒരു നനുത്ത അമ്മയോർമ്മയാണ്.

അമ്മയെന്ന പുണ്യത്തെ തച്ചുടച്ച് മുന്നേറുവാൻ ആർക്കും കഴിയുകയില്ല.

'പച്ചകാണുമ്പോൾ പിച്ചവെയ്ക്കും
സ്വപ്നം
പച്ചപോകുമ്പോൾ പിച്ചതെണ്ടും
സ്നേഹം'

ഈ കവി വാക്യം നാം മറന്നുപോകരുത്. ജീവിതത്തിന്റെ പരക്കം പാച്ചിലുകൾക്കിടയിൽ വേദനകൾ പങ്കുവെയ്ക്കുവാൻ അമ്മയെന്ന പച്ചതുരുത്തിലേക്ക് ഓടിയെത്തുവാൻ ആഗ്രഹിക്കുന്നവരാണ് നാമോരോരുത്തരും. ഓർക്കുക!

'പച്ചപോകുമ്പോൾ പിച്ചതെണ്ടും
സ്നേഹം'



കുമളി കല്ലാർ ഇടവകയിൽ പതിക്കൽ വീട്ടിൽ പരേതനായ ജോണിയുടെയും ശ്രീമതി ത്രേസ്യാമ്മയുടെയും മകൻ ജോബി ജോണിയും, രാജാക്കണ്ടം ഇടവകയിൽ കൊല്ലംപറമ്പിൽ ശ്രീ. ബാബുവിന്റെയും ശ്രീമതി വിജിയുടെയും മകൾ ജൂബിയായും തമ്മിലുള്ള വിവാഹം 2017 ഒക്ടോബർ 7-ാം തീയതി കല്ലാർ സെന്റ് തോമസ് ദൈവാലയത്തിൽ വെച്ച് അഭി. ഡോ. ഫിലിപ്പോസ് മാർ സ്തേഫാനോസ് മെത്രാപ്പോലീത്ത ആശീർവദിച്ചു.



## കാരുണ്യ സ്പർശം



ഫാ. മാത്യു ചിറയിൽ

# നവജീവൻ ട്രസ്റ്റ്

**ച**ങ്ങനാശ്ശേരി അതിരൂപതയിലെ ആർപ്പൂക്കര ചെറുപുഷ്പ ഇടവകാംഗമായ ശ്രീ. പി. യു. തോമസ് (നവജീവൻ തോമസ് ചേട്ടൻ) അമ്പത്തിരണ്ട് വർഷം മുമ്പ് കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ രോഗിയായി വന്നു. അപ്പോൾ അവിടെ കൂടെ ഉണ്ടായിരുന്ന രോഗിയുടെ അനുഭവം നേരിട്ട് അറിഞ്ഞു. ആ രോഗി മരിച്ചു. പാവപ്പെട്ട ആ രോഗിയുടെ വേർപാടാണ് ഇന്ന് കേരളത്തിൽ ഏറ്റവും അധികം രോഗികളെയും അനാഥരെയും കുട്ടികളെയും മാനസിക രോഗികളെയും സഹായിക്കുന്ന നവജീവൻ എന്ന സ്ഥാപനത്തിന് തുടക്കം ഇട്ടത്.

20-ാം വയസ്സിൽ ശ്രീ പി. യു. തോമസിന് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ജോലി ലഭിച്ചു. അപ്പോൾ മുതൽ മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികളുമായി ചേർന്ന് രോഗികൾക്ക് ആഹാരം നല്കാൻ ചെറിയ രീതിയിൽ ആരംഭിച്ചു. 26 വർഷം മുമ്പ് ഗർഭിണി ആയ ഒരു സ്ത്രീ റോഡിൽ കിടക്കുന്നത് കണ്ട്, അവരെ കൊണ്ടുപോയി ശുശ്രൂഷിച്ചു. അവൾ കുഞ്ഞിനെ പ്രസവിച്ചു. ആ സ്ത്രീ മാനസിക രോഗിയായിരുന്നു. അന്നു മുതലാണ് മാനസിക രോഗികൾക്കായി ഒരു അഭയകേന്ദ്രം തുടങ്ങുവാൻ തീരുമാ നിച്ചത്.

പി.യു. ലോഡ്ജിൽ ഒരു മുറി വാടകയ്ക്ക് എടുത്തു. ആ മുറിക്ക് നവജീവൻ എന്ന് പേരിട്ടു. പി.യു. തോമസ് അദ്ദേഹത്തിന്റെ വീടും, സ്ഥലവും വിറ്റു. 16 വർഷം വാടകയ്ക്ക് താമസിച്ചു. ഈ വാടകമുറിയിൽ ആഹാരം തയ്യാറാക്കി രോഗികൾക്ക് കൊടുത്തു തുടങ്ങി. 44 അന്തേവാസികളെ അഞ്ചു വർഷം ശുശ്രൂഷിച്ചു. അനേകം ആളുകൾ ചേർന്ന് നാലേക്കർ സ്ഥലം വാങ്ങി കൊടുത്തു. അനാഥരായ 247 രോഗികൾ ഇപ്പോൾ ഇവിടെ ഉണ്ട്. 5000 പേർക്ക് പ്രത്യേകിച്ച് പാവപ്പെട്ട രോഗികൾക്ക് ദിവസവും ഭക്ഷണം നല്കുന്നു. കുട്ടികളുടെ ആശുപത്രി, മെഡിക്കൽ കോളേജ്, ജില്ലാ ആശുപത്രി, ജില്ലാ ആയുർവ്വേദ ആശുപത്രി എന്നിവിടങ്ങളിൽ ഭക്ഷണം നല്കി സഹായിക്കുന്നു.

മരിച്ചുപോയ രോഗികളുടെ മക്കൾക്ക് വീട്, വിദ്യാഭ്യാസം, വിവാഹ സഹായം എന്നിവ നല്കുന്നു. അനാഥരെ മാത്രമെ ഇവിടെ സ്വീകരിക്കുക ഉള്ളൂ എന്ന പ്രത്യേകത ഈ



സ്ഥാപനത്തിന് ഉണ്ട്. 110 വൃക്ക രോഗികൾക്ക് മാസം മൂന്നര ലക്ഷം രൂപ സഹായമായി നല്കുന്നു. ഒരു ദിവസത്തെ ഭക്ഷണ ചെലവ് 1 ലക്ഷം രൂപയാണ്. ദൈവപരിപാലനയും, പ്രാർത്ഥനയും ആണ് ആശ്രയം. 50 ആളുകൾ സ്ഥിരമായി ഇവിടെ സേവനം ചെയ്യുന്നു. വിദേശ സഹായം, ഗവൺമെന്റ് സഹായം ഒന്നും ലഭ്യമല്ല. പൊതുജനം നല്കുന്ന സഹായമാണ് ഏക ആശ്രയം. ഹോളി ക്രോസ് സഭയിലെ വൈദികരും, ഈശോ സഭയിലെ വൈദികരും ആത്മീയ കാര്യങ്ങളിൽ സഹായിക്കുന്നു. ദിവസവും രാവിലെ 6.30 ന് വി. കുർബാനയും, 2.30 ന് ജപമാല പ്രാർത്ഥനയും മാസത്തിലൊരിക്കൽ ദിവ്യകാരുണ്യാരാധനയും നടത്തപ്പെടുന്നു.

നവജീവൻ ധ്യാനടീം ഇടവകയിൽ ധ്യാനം നടത്തുന്നു. രോഗികൾക്ക് ചോറ് വിളമ്പി കൊടുക്കാൻ സമൂഹത്തിലെ എല്ലാവരും എത്തുന്നു. ചോറ് വിളമ്പി നല്കിയവരിൽ ഒരു മെത്രാനും 7 വൈദികരും 6 സിസ്റ്റേഴ്സും ആയി തീർന്നു എന്നത് ദൈവനിയോഗമാണ്. ചോറ് വിളമ്പി നല്കി സഹായിച്ച ഡോക്ടർമാർ ഇന്ന് ലോകത്തിൽ പല സ്ഥലങ്ങളിലും, ജീസസ് യൂത്തിലും നല്ലനിലയിൽ പ്രവർത്തിക്കുന്നു.

താഴെ പറയുന്ന പ്രധാന പ്രവർത്തനങ്ങൾ ഏറെ ശ്രദ്ധേയമാണ്.

**1. ഒരു കൈ ഒരു പൊതി –**
സ്കൂൾ കുട്ടികൾ രോഗികൾക്ക് നല്കുന്ന ഭക്ഷണം.

**2. കനിവിൻ കരം –**
രോഗികളായ കുട്ടികളെ സഹായിക്കുന്ന പദ്ധതി.

**3. സന്മാർഗ ദീപം –**
ലഹരിക്കെതിരെയുള്ള ബോധവത്ക്കരണം.

**4. കൈത്താങ്ങ്** – വീടുകളിൽ നിന്നുള്ള സഹായം.

**5. ക്ലീൻ ആൻഡ് ഗ്രീൻ –**
ആശുപത്രി പരിസരം വൃത്തിയാക്കൽ.

**6. മണ്ണിന്റെ മധുരം –**
ചെടികൾ, തണൽ മരങ്ങൾ ഇവ നട്ടുവളർത്തുന്ന പദ്ധതി.

നവജീവൻ തോമസ് ചേട്ടന്റെ ജീവിതം സുവിശേഷത്തിന് സാക്ഷിയാണ്. അദ്ദേഹം പറയുന്നു : നാം വ്യക്തികളെ സ്നേഹിക്കണം, അനാഥർക്ക് കൊടുക്കുമ്പോൾ പുതിയത്, നല്ലത് കൊടുക്കണം. ചുറ്റുപാടും നോക്കിക്കാണുക – വലിയ ഭവനം നിർമ്മിക്കുന്നവർ കുടിലിൽ കിടക്കുന്ന വരെ സഹായിക്കണം – ദൈവത്തിന് പ്രീതികരമായ ജീവിതം നയിക്കുക. അപ്പോൾ ദൈവം നമ്മെ സഹായിക്കും – നാം സ്നേഹിക്കുന്ന വിഭവം നാം കൊടുക്കണം, കരുണയിൽ വളരണം – മറ്റുള്ളവരുടെ അവസ്ഥ നോക്കി സഹായിക്കണം – നിന്റെ പങ്ക് കൊടുക്കുക – ദൈവം തന്ന അനുഗ്രഹം മറ്റുള്ളവർക്കും കൂടി നല്കണം – ജനകീയ സുവിശേഷ പ്രേഷിതനാകണം – ഒരു ജോലി കിട്ടിയാൽ, ബിസിനസ്സ് തുടങ്ങിയാൽ അഹങ്കരിക്കരുത് – ചെയ്യേണ്ട സഹായം ചെയ്യണം – ക്രിസ്തുസ്നേഹം കൊടുക്കുക – സ്നേഹത്തിന്റെ ശുശ്രൂഷ ചെയ്യണം – കരുണ കാണിക്കുക. അപ്പോൾ ദൈവവും കരുണ കാണിക്കും.

'കർത്താവേ, കർത്താവേ, എന്ന് എന്നോട് വിളിച്ചപേക്ഷിക്കുന്നവനല്ല, എന്റെ സ്വർഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാണ് സ്വർഗരാജ്യത്തിൽ പ്രവേശിക്കുക'
(വി. മത്തായി 7:21).

*മേൽവിലാസം :–*
**നവജീവൻ ട്രസ്റ്റ്**
**വില്ലൂന്നി പി ഒ**
**കോട്ടയം**
**0481 2596300, 2590300, 9447366701**
www.navajeevantrustktm.org






# കുട്ടികൾക്കുള്ള കഥകൾ

പ്രൊഫ. ഡോ. ബാബു ഫിലിപ്പ്



## ഓട്ടമത്സരം



ഓട്ടമത്സരങ്ങളിൽ വളരെയേറെ സമ്മാനങ്ങൾ വാരിക്കൂട്ടിയ ഒരു പെൺകുട്ടി, റോഡിലൂടെ നടക്കുകയായിരുന്നു. അപ്രതീക്ഷിതമായി ഒരു കള്ളൻ അവളുടെ കഴുത്തിൽ കിടന്ന സ്വർണ്ണമാല പൊട്ടിച്ചു കൊണ്ടോടി.
അവൾ അവനെ പിന്തുടർന്നു.
ഇരുവരും റോഡിലൂടെ അതിവേഗം ഓടിക്കൊണ്ടിരുന്നു.
അല്പം കഴിഞ്ഞപ്പോൾ അവൾക്ക് വലിയ ആവേശം ആയി.
സർവ്വശക്തിയും സംഭരിച്ച് അവൾ മുൻപോട്ടു കുതിച്ചു.
എതിരാളിയെ എളുപ്പത്തിൽ മറികടന്ന അവൾ, വാശിയേറിയ ഒരു മത്സരത്തിന്റെ ആവേശത്തോടെ അതിവേഗം മുൻപോട്ടു പാഞ്ഞു.
കുറേകഴിഞ്ഞാണ് അവൾ ഓർത്തത്, ഇതൊരു മത്സരം അല്ലല്ലോ എന്ന്. അവൾ ഓട്ടം നിർത്തി, തിരിഞ്ഞു നോക്കി. പക്ഷേ, കള്ളന്റെ പൊടിപോലും കണ്ടില്ല. അവൻ ഒരു ഇടവഴിയിലൂടെ നേരത്തെ രക്ഷപ്പെട്ടിരുന്നു.
അനാവശ്യമായ മത്സരബുദ്ധി അപകടം ആണെന്ന് അവൾ അന്ന് മനസ്സിലാക്കി.



## ഏറ്റവും നല്ല ചെരിപ്പ്

പരിഷ്കാരിയും പൊങ്ങച്ചക്കാരിയുമായ പൊന്നമ്മച്ചേച്ചി ഒരു ചെരുപ്പുകടയിൽ എത്തി. 'എനിക്ക് നന്നായി ചേരുന്ന ഒരു ജോടി പുതിയ ചെരിപ്പ് വേണം' അവർ പറഞ്ഞു. കാലിൽ കിടന്ന ചെരിപ്പുകൾ ഊരി വച്ചിട്ട് കടക്കാരൻ കാണിച്ച ചെരിപ്പുകൾ ഓരോന്നായി അവർ കാലിൽ ഇട്ടുനോക്കി. ധാരാളം ചെരിപ്പുകൾ പരിശോധിച്ചിട്ടും അവരുടെ കാലിനു ചേരുന്ന ചെരിപ്പ് ഒന്നും കിട്ടിയില്ല. ഒടുവിൽ, അൽപ്പം മാറിക്കിടന്ന ഒരു ജോടിയിൽ കാൽ കയറ്റിയപ്പോൾ - കൃത്യം.
സന്തോഷത്തോടെ അവർ പറഞ്ഞു, 'ഇത് എനിക്ക് നന്നായി ചേരുന്നുണ്ട്. ഇതുതന്നെ എടുക്കാം. എന്താണിതിന്റെ വില?'
കക്കൊരൻ പറഞ്ഞു, 'അയ്യോ, അതിനു വിലയൊന്നും തരണ്ട. ചേച്ചി ഇവിടേയ്ക്ക് കയറി വന്നപ്പോൾ ചേച്ചിയുടെ കാലിൽ കിടന്ന ചെരിപ്പുകൾ ആണത്.'
ചമ്മലോടെ അവർ പുറത്തേക്കു പോയപ്പോൾ കടക്കാരൻ ഓർത്തു, 'പലപ്പോഴും നമുക്ക് ഏറ്റവും അനുയോജ്യമായ സാമഗ്രികളും സാഹചര്യങ്ങളും തള്ളിക്കളഞ്ഞിട്ടാണ് നമ്മൾ പുതിയവ തേടിപ്പോകുന്നത്.'

## ജുബ്ബായ്ക്ക് പോക്കറ്റ് വേണോ ?



വലിയ പണക്കാരനും മഹാ പിശുക്കനുമായിരുന്ന മാമ്മച്ചൻ മുതലാളി മരിച്ചു. മക്കൾ ഒന്നിച്ചു കൂടി, ശവസംസ്ക്കാരം ഗംഭീരമാക്കാൻ തീരുമാനിച്ചു. ഏറ്റവും കൂടുതൽ വിലയും തിളക്കവും ഉള്ള സിൽക്ക് തുണിയുമായി, നാട്ടിലെ ഏറ്റം നല്ല തയ്യൽക്കാരനെ സമീപിച്ച് അവർ പറഞ്ഞു, 'അപ്പച്ചന്റെ അളവിൽ ഒരു പുതിയ ജുബ്ബാ ഉടനെ തയ്ച്ചു തരണം; മൃതദേഹത്തെ ഉടുപ്പിക്കാനാണ്. തയ്യൽക്കാരൻ നിഷ്ക്കളങ്കനായി ചോദിച്ചു, 'ജുബ്ബായ്ക്ക് പോക്കറ്റ് വേണോ?'


# ന്യൂജെൻ ആത്മീയതയും നമ്മളും......

ബിജി.റോജി കരപ്പനശ്ശേരിൽ

**ലോ**കം ഒരു കുടക്കീഴിലും, അറിവും അറിവില്ലായ്മയും, ഒരു വിരൽത്തുമ്പിലും തെന്നിനീങ്ങിയപ്പോൾ നമ്മുടെ ആത്മീയതയും ഒരു വിരൽത്തുമ്പിലേയ്ക്കൊതുങ്ങിപ്പോയോ എന്നു സംശയം...വിരൽത്തുമ്പിലെത്തിയ 'ആമേൻ' ടൈപ്പ് ചെയ്ത്, ഇന്ന് എല്ലാം 'share' ചെയ്ത് ഞാനും നിങ്ങളും അടിമപ്പെട്ടുപോയത്, ആത്മീയതയുടെ ആഘോഷങ്ങൾക്കല്ല. പകരം അറിവില്ലായ്മയുടെ യന്ത്രവിരസതയുടെ, കിറുക്കുകളിലൂടെ ജീവിതവിരസതയുടെ ഭീകര വനാന്തരങ്ങളിലേയ്ക്കും, ആഴങ്ങളിലേയ്ക്കുമാണ്. അവിടെ വിഷപ്പാമ്പുകളും, നീലത്തിമിംഗലങ്ങളും വിഴുങ്ങാൻ കാത്തിരിക്കുന്നത് നാം അറിയുന്നേയില്ല. ഒരു ഫുട്ബോൾ മാമാങ്കം പോലെ ഗോൾ പോസ്റ്റ് നിറയ്ക്കാൻ ന്യുജെൻ തത്രപ്പെടുന്നതുപോലെ നന്മനിറഞ്ഞ പല മെസ്സേജുകളും അങ്ങനെ ഫോർവേഡ് ചെയ്തു പോകുന്നു, ഒരു 'Back up' ഉം ഇല്ലാതെ.. ഒരു നിമിഷം നിന്നു ചിന്തിക്കാൻ പോലും അവസരം നല്കാതെ നമ്മളെല്ലാം മികച്ച 'forward' ന്മാരായി മുന്നേറിക്കൊണ്ടിരിക്കുന്നു. പക്ഷേ നമ്മുടെ ആത്മീയ ജീവിതം - ദൈവോന്മുഖ ജീവിതം - തകർച്ചയുടെ ബൗണ്ടറികൾ ഭേദിച്ച് അകന്നുപോകുന്നത് നാം എപ്പോഴാണു മനസ്സിലാക്കുക?

അല്പം ഭയം ഉളവാക്കുന്ന പല ആത്മീയ ചിന്തകളും ഇന്ന് നവമാധ്യമത്തിലൂടെ നമ്മുടെ മുൻപിലെത്തുന്നു. ഉടൻതന്നെ അടുത്ത 5 ഗ്രൂപ്പിലേയ്ക്ക് ഫോർവേഡ് ചെയ്യുക, ഒരു നന്മ നിങ്ങളെ കാത്തിരിക്കുന്നു. ഇല്ലെങ്കിൽ നിങ്ങളൊരു 'Bad News' കേൾക്കും. ഞാങ്ങണയുടെ ചാഞ്ചാട്ടം പോലെ വിശ്വാസമുള്ള വിശ്വാസി - പുതുതലമുറ ശരിക്കും പരുങ്ങലിലാവും. ഹാംലെറ്റിന്റെ അവസ്ഥപോലെ 'To be or Not to be' എന്ന് പലവട്ടം ചിന്തിക്കും, എന്നിട്ടും ഉത്തരം കിട്ടാതെ വീണ്ടും...സ്വന്തം മുഖം മറന്ന്, എവിടെയൊക്കെയോ മറ്റുമുഖങ്ങൾ തെരഞ്ഞു തെരഞ്ഞ് ആത്മം നഷ്ടപ്പെട്ട അവസ്ഥ. ദൈവചൈതന്യം നിറഞ്ഞുനില്ക്കുന്ന ദേവാലയാന്തരീക്ഷത്തിലും ആത്മീയതയ്ക്കപ്പുറം താൻപോരിമയുടെ, പൊങ്ങച്ചത്തിന്റെ, സ്വാർത്ഥതയുടെയൊക്കെ ആൾരൂപങ്ങളായി നാം മാറുന്നു. പണ്ടൊക്കെ സന്ധ്യാപ്രാർത്ഥനയ്ക്കായി, പള്ളിയിൽ പോകുന്നതിനായി, നന്മ പ്രവൃത്തികൾ ചെയ്യുന്നതിനായി അപ്പച്ചനും അമ്മച്ചിയും മുതിർന്നവരും കൂടി ഒരു നിഷ്ഠ വച്ചിരുന്നു. കൊച്ചുമക്കളെ മടിയിലിരുത്തി ബൈബിൾ കഥകൾ പങ്കുവയ്ക്കുമായിരുന്നു. പക്ഷേ ഇന്ന് വെണ്മയുടെ ആ ജീവിതങ്ങളും അപ്രത്യക്ഷമായിരിക്കുന്നു. പകരം സീരിയൽ കഥകളും റിയാലിറ്റി ഷോ കളും കുഞ്ഞുങ്ങൾ കണ്ടു പഠിക്കുന്നു. ഏവരും ഇന്ന് 'New Gen' യുഗത്തിന്റെ ഹാങ് ഓവറിലാണ്. എന്തിന് ഇന്ന് പ്രാർത്ഥനപോലും പകപോക്കലായി മാറിയോ എന്നു സംശയം???

അതെ ഇന്ന് ആത്മീയത അന്യം നിന്നു പോകുന്നു. 'Endangered species' പോലെ 'Endangered reality' ആയി ആത്മീയജീവിതം മാറിക്കൊണ്ടിരിക്കുന്നു. ആത്മീയതയുടെ 'Saffronization' ഉം 'സ്വഛ് ഭാരത്' മുന്നേറ്റങ്ങളും അരങ്ങു തകർക്കുമ്പോൾ നമ്മുടെ ആത്മീയപരിസരങ്ങൾ മലിനമായിക്കൊണ്ടിരിക്കുന്നത് നാം അറിയുന്നേയില്ല. ശക്തിപ്രകടനങ്ങളും വിശ്വാസോത്സവങ്ങളും കൊടിപിടിക്കുമ്പോഴും നമ്മെ താങ്ങിനിർത്തിയ ആത്മീയ ചൈതന്യം കൈകളിൽ നിന്നും, ഹൃദയത്തിൽ നിന്നുമൊക്കെ ചോർന്നു പോകുന്നത്, കാലിന്നടിയിലെ മണ്ണ് ഒലിച്ചുപോകുന്നത്, നാം അറിയുന്നേയില്ല. അതിനാൽ നഷ്ടമായ നന്മ വീണ്ടെടുക്കാൻ, നല്ലതിനെ തിരിച്ചറിഞ്ഞ് തിന്മയെ അകറ്റുവാൻ



നമുക്കും ഒരു സ്വച്ഛ് 'Me' 'Myself' Campaign തുടങ്ങണം... നമ്മളിൽ നിന്ന്, നമ്മുടെ കുടുംബങ്ങളിൽ നിന്ന് നമുക്ക് ആരംഭിക്കാം. നാടോടുമ്പോൾ നടുവേയോടേണ്ടേ എന്ന ചിന്ത നല്ലതുതന്നെ. പക്ഷേ നടുവേയോടുമ്പോൾ ജീവനും ജീവിതവും നഷ്ടപ്പെടുമെന്ന തോന്നലുണ്ടായാൽ ഒരു തിരിഞ്ഞുനോട്ടം നല്ലതാണ്... പഴമയുടെ മടിത്തട്ടിൽ ഇരുന്ന് നാം കേട്ടുപഠിച്ച... കണ്ടുപഠിച്ച, ചൊല്ലിപ്പഠിച്ച പ്രാർത്ഥനാ പാഠങ്ങൾ... ആത്മീയ ചിന്തകൾ... നന്മയുടെ പൂക്കൾ...വേലിതന്നെ വിളവു തിന്നാതെ നമുക്കുതന്നെ മുന്നിട്ടിറങ്ങാം. സ്വയം തിരുത്തലിനു തയ്യാറാകാം... തെറ്റുകണ്ടാൽ തിരുത്തേണ്ടവർ തിരുത്താനുള്ള ധൈര്യം കാണിക്കുക. സ്വയം തിരുത്തി മറ്റുള്ളവരെ തിരുത്താൻ ഓരോ ആത്മീയാചാര്യനും, അദ്ധ്യാപകനും, അപ്പച്ചനും, അമ്മച്ചിയും, ചേട്ടനും, ചേച്ചിയും...അങ്ങനെ നന്മയുടെ വക്താക്കളാകേണ്ട ഓരോരുത്തനും... അങ്ങനെയാവുമ്പോൾ 'Smart' ലോകത്തു തെന്നി നീങ്ങുന്ന പുതുതലമുറ തിന്മയിലേയ്ക്കോ. പൈശാചികതയുടെ ഇരുട്ടിലോ തെന്നിവീഴില്ല...ഒരിടത്തും കാഡൽ ജീൻസനും, ഗൗരിയും അങ്ങനെ മറ്റുപലപേരുകളും ആവർത്തിക്കില്ല.

# പ്രതികരിക്കേണ്ട ഇടം മറന്നു പോകുന്ന യുവജനങ്ങൾ

'യുവജനങ്ങളെ നിങ്ങളാണ് വർത്തമാന സഭയും ഭാവി സഭയും.' പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയുടെ വാക്കുകൾ ആണിത്. അതായത് ഇന്നത്തെ സഭയെയും നാളത്തെ സഭയെയും സംരക്ഷിക്കേണ്ട ഉത്തരവാദിത്വം ഈ ആധുനിക തലമുറയ്ക്കാണ്. വലിയ ഉദ്യോഗങ്ങൾ നേടിയെടുക്കാനുള്ള തിരക്കിനിടയിലും, മൊബൈൽ - ഇന്റർനെറ്റ് ഉപയോഗിക്കുന്ന തിരക്കിനിടയിലും ഈ ഉത്തരവാദിത്വം നമ്മൾ മറന്നുപോകുന്നു. എന്റെ മകൻ, മകൾ മറ്റുള്ള കുട്ടികളേക്കാളും പഠിച്ചു മുന്നേറണമെന്നുള്ള ചില മാതാപിതാക്കളുടെ ശാഠ്യവും, ദൈവത്തെ മക്കൾക്ക് നൽകാൻ സമയം ചിലവഴിക്കാത്തതും ഈ മറവിക്ക് ഒരു പരിധിവരെ കാരണമാവുന്നു. ഞായറാഴ്ച കുർബാനയ്ക്ക് പോവുക, തിരികെ വീട്ടിൽ എത്തുക; ഇതാണ് ചില മാതാപിതാക്കളുടെ പക്ഷം. എന്റെ മക്കൾ മതബോധനം നേടണമെന്നോ യുവജന സംഘടനയിൽ പ്രവർത്തിക്കണമെന്നോ ഇടവക കാര്യങ്ങളിൽ സജീവം ആകണമെന്നോ ചിന്തിക്കാത്ത മാതാപിതാക്കളുടെ എണ്ണം കൂടി വരുന്നു. ആയതിനാൽ തന്നെ എവിടെയാണ് പ്രതികരിക്കേണ്ടത്, എങ്ങനെയാണ് പ്രതികരിക്കേണ്ടത് എന്നതിൽ യുവതലമുറയിൽ ഭൂരിഭാഗവും അജ്ഞരാണ്.

നമ്മൾ എല്ലാവരും നവമാധ്യമങ്ങൾ ഉപയോഗിക്കുന്നതിൽ മുന്നിൽ ആണ്. എന്നാൽ സഭയ്ക്കെതിരെ അവയിലൂടെ പ്രചരിക്കുന്ന പല കിംവദന്തികൾക്കും എതിരെ പ്രതികരിക്കാതെ പക്ഷം ചേരുന്ന സഭാമക്കളുടെ എണ്ണം വർദ്ധിച്ചു വരുന്നു. നമ്മൾക്ക് പ്രതികരിക്കാൻ എത്രയോ വിഷയങ്ങൾ ഉണ്ട്. നമ്മുടെ നാട്ടിൽ വർദ്ധിച്ചുവരുന്ന വർഗ്ഗീയതയ്ക്കെതിരെ, സാമൂഹിക തിന്മകൾക്കെതിരെ സുവിശേഷത്തിന്റെ സന്ദേശത്തിൽ നിന്ന് വ്യതി ചലിക്കാതെ പോരാടാനുള്ള ആയുധമാവട്ടെ നമ്മുടെ പ്രതികരണശേഷി.



മിലൻ ചുങ്കപ്പാറ



**ഫാ. ചെറിയാൻ താഴമൺ**
**വികാരി ജനറാൾ**



*ഓഗസ്റ്റ് ലക്കം തുടർച്ച*

# അങ്ങേയ്ക്ക് തുല്യനായി ആരുമില്ല...

**(നവതിയുടെ നിറവിൽ ബഹു. സൈമൺ പുളിയങ്കീഴ് അച്ചൻ)**

## വൈദികമന്ദിരത്തിലെ ആദ്യ അന്തേവാസി

ശുശ്രൂഷയിൽ നിന്ന് വിരമിച്ചവരും പുഷ്പഗിരി ആശുപത്രിയിൽ ചികിത്സയ്ക്കായി എത്തുന്നവരുമായ വൈദികരുടെ താമസത്തിനും വിശ്രമത്തിനുമായി പുഷ്പഗിരി ആശുപത്രിയുടെ സമീപം പടിഞ്ഞാറ് പുഞ്ചപ്പാടത്തിനോടടുത്ത് (മെഡിക്കൽ കോളജിന്റെ ഇപ്പോഴത്തെ സൗജന്യ വാഹനപാർക്കിംഗ് സ്ഥലം) ഒരു വൈദികമന്ദിരം തയാറാക്കിയിരുന്നു. ഊട്ടി ആശുപത്രിയിലെ ചികിത്സയ്ക്കുശേഷം തിരുവല്ലയിലെത്തിയ ബഹു. സൈമൺ പുളിയങ്കിൽ അച്ചനാണ് ആദ്യമായി ആ മന്ദിരത്തിൽ താമസിച്ചത്. 1961 ഒക്ടോബർ മുതൽ മൂന്നു മാസക്കാലം ഡിസംബർ അവസാനംവരെ അദ്ദേഹം അവിടെ വിശ്രമിച്ചു. ഈ വൈദികമന്ദിരം പുഷ്പഗിരി ആശുപത്രിയുടെ ആരംഭകാലത്ത് സേവനത്തിനെത്തിയ വിദേശ ഡോക്ടർമാർക്ക് താമസത്തിന് നൽകിയിട്ടാണ് പുഷ്പഗിരി പറമ്പിന്റെ കിഴക്കേ അറ്റത്ത് റോഡരികിൽ പുതിയ ക്ലെർജി ഹോം പണിയിച്ചത്. വിദേശ ഡോക്ടർമാർ മടങ്ങിപ്പോയതിനെ തുടർന്ന് പഴയ വൈദികമന്ദിരം നഴ്സുമാർക്കുള്ള ഹോസ്റ്റലായി ഉപയോഗിച്ചിരുന്നു. മെഡിക്കൽ കോളജ് ആരംഭിച്ച അവസരത്തിൽ ആ മന്ദിരം പൊളിച്ച് മാറ്റി. പുതിയതായി ആരംഭിച്ച ക്ലെർജി ഹോം മന്ദിരവും പിന്നീട് മെഡിക്കൽകോളജിലെ ആദ്യവർഷ എം.ബി.ബി.എസ് വിദ്യാർഥികൾക്ക് താമസത്തിനായി വിട്ടുകൊടുത്തിട്ട് വൈദികരുടെ താമസം കുറ്റൂർ പള്ളിമല ശാലോം ഭവനിലേക്കു മാറ്റി.

അത്ഭുകരമായി ആരോഗ്യം വീണ്ടെടുത്ത അച്ചനെ 1962 ജനുവരി 6 മുതൽ കുന്ദംകുളത്ത് ബഹു. ഐസക് കൂട്ടപ്ലാക്കൽ (ഐസക് മാർ യൂഹാനോൻ) അച്ചന്റെ സഹവൈദികനായി നിയമിച്ചു. അവിടെ കുന്ദംകുളം മാന്ദാമംഗലം പള്ളിയിൽ 1962 ഏപ്രിൽ 6 വരെ മൂന്നു മാസക്കാലം ശുശ്രൂഷ ചെയ്തു.

അടുത്ത നിയമനം 1962 ഏപ്രിൽ 7 മുതൽ നിരണം ഈസ്റ്റ് (ആലംതുരുത്തി) പുളിക്കീഴ് പള്ളികളുടെ വികാരിയായിട്ടായിരുന്നു, താമസം ആലംതുരുത്തി പള്ളിമേടയിൽ. തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രലിൽ വിശ്രമിച്ചിരുന്ന മോൺ. തോമസ് വടശേരിൽ സഹായിയായി എത്തിയിരുന്നത് ഏറെ സഹായകമായിരുന്നു. വെള്ളപ്പൊക്കകാലത്ത് തകർന്ന വീടുകൾ പുനർനിർമിക്കാനും പഞ്ഞകാലത്ത് ഭക്ഷണസാധനങ്ങൾ വിതരണം ചെയ്യാനും അനാരോഗ്യം മറന്ന് അദ്ദേഹം ചെയ്തിരുന്ന ശുശ്രൂഷകൾ ഇടവകയിലെ മുതിർന്ന തലമുറയിൽപെട്ടവർ പറഞ്ഞുകേട്ടിട്ടുണ്ട്. രണ്ട് വർഷത്തെ സേവനത്തിനുശേഷം 1964 ഏപ്രിൽ 19-ാം തീയതി വീണ്ടും കുന്ദംകുളത്തേക്ക് മേഖലാ വികാരിയായി നിയമനം കിട്ടി. അവിടെ 1969 ഏപ്രിൽ 10 വരെ അഞ്ചു വർഷത്തെ ശുശ്രൂഷാ സമയത്ത് ബഹു. ഈപ്പൻ നെച്ചിക്കാട്ടിൽ, ബഹു. മാത്യു ചേരിപ്പുറത്ത്, ബഹു. ജോൺ കടുപ്പിൽ എന്നീ യുവ വൈദികരെ അസിസ്റ്റന്റുമാരായും ലഭിച്ചിരുന്നു. കുന്ദംകുളം, ചേലക്കര, പർലിക്കാട്, പീച്ചി, മാന്ദാമംഗലം, കുണ്ടുകാട്, വാഴാനി എന്നീ പള്ളികളുടെ ചുമതലയാണ് വികാരിയും അസിസ്റ്റന്റും കൂടി വഹിച്ചിരുന്നത്. കിലോമീറ്ററുകൾ യാത്ര ചെയ്ത് എല്ലാ ഞായറാഴ്ചയും മൂന്നു കുർബാനകൾ അർപ്പിക്കുമായിരുന്നു. ബഹു. ഗീവർഗീസ് തോമ്പ്ര, ബഹു. പീറ്റർ രാമനാട്ട്, ബഹു. മാത്യു പുലിക്കോട്ടിൽ എന്നീ തീക്ഷ്ണമതികളായ വൈദികരുടെ ശ്രമഫലമായി രൂപപ്പെട്ടതായിരുന്നു കുണ്ടുകാട് ഇടവക. മലങ്കര റീത്തിൽ പെട്ടവരെക്കാൾ വളരെ മടങ്ങ് സീറോ മലബാർ റീത്തിൽപെട്ടവരായിരുന്നു അവിടെ കൂടി നടന്നിരുന്നത്. അതിനാൽ ബഹു. സൈമൺ അച്ചന്റെ ശിപാർശ പ്രകാരം അഭി. മാർ അത്തനാസിയോസ് പിതാവ് കുണ്ടുകാട്

ഇടവക വന്ദ്യ ജോർജ് ആലപ്പാട്ട് തിരുമേനിവഴി തൃശൂർ രൂപതയ്ക്ക് കൈമാറിയിരുന്നു. പിന്നീട് മാറ്റാമ്പുറത്തും കട്ടിലപൂവത്തും നമ്മുടെ ഇടവകകൾ രൂപപ്പെടുവാൻ ഈസംഭവം ഇടയാക്കിയതായി മനസിലാക്കുന്നു.

ബഹു. സൈമൺ അച്ചന്റെ പ്രേഷിത ശുശ്രൂഷയുടെ ഫലമായാണ് 1967ൽ വാഴാനി ഇടവക രൂപം കൊള്ളുന്നത്. മോൺ. മാത്യു നെടുങ്ങാട്ട് മൂവാറ്റുപുഴ പ്രദേശത്ത് പുനരൈക്യപ്പെടുത്തിയ പേരേപ്പാറ വർഗീസും കുടുംബവും വാഴാനി വനാതിർത്തിയിൽ കുടിയേറിയിരുന്നു. അദ്ദേഹത്തിന്റെ പുനരൈക്യ തീക്ഷ്ണതയാണ് വാഴാനി ഇടവകയുടെ രൂപീകരണത്തിന് വഴിമരുന്നിട്ടത്. ഇദ്ദേഹത്തിന്റെ മകളുടെ മകനാണ് കോട്ടയം 'സീരി'യുടെ അസിസ്റ്റന്റ് ഡയറക്ടർ ബഹു. തോമസ് പറക്കോട്ട് അച്ചൻ. ഒരു പഴയ സിനിമാ തിയേറ്ററും അതിന്റെ സ്ഥലവും കൂടി വാങ്ങി 1967ൽ പതിനഞ്ച് കുടുംബങ്ങളുമായി ആരംഭിച്ച ഇടവക ഇപ്പോൾ സുവർണ ജൂബിലി നിറവിലാണ്. 1969ൽ പുതിയ പള്ളിയും പണിയിച്ചിട്ടാണ് ബഹു. സൈമൺ അച്ചൻ സ്ഥലം മാറിയത്. സ്ഥലം മാറ്റം തിരുവല്ല പുഷ്പഗിരി ആശുപത്രിയുടെ അമരക്കാരനായും.

**പുഷ്പഗിരി ആശുപത്രി അഡ്മിനിസ്ട്രേറ്റർ**

പുഷ്പഗിരി ആശുപത്രിയിലെത്തി 1969 ഏപ്രിൽ പത്താം തീയതി ബഹു. ജോർജ് വർഗീസ് പാലത്തിങ്കൽ അച്ചനിൽ നിന്ന് അഡ്മിനിസ്ട്രേറ്റർ ചുമതല അദ്ദേഹം ഏറ്റെടുത്തു. ആശുപത്രി അഡ്മിനിസ്ട്രേറ്ററുമായുണ്ടായ ചില ധാരണ പിശകുകളെ തുടർന്ന് ഡോ. ബോറിയാ, ഡോ. കൊച്ചുത്രേസ്യാ, ഡോ. സാം, ഡോ. സിസ്റ്റർ സ്കൊളാസ്റ്റിക്കാ എന്നിവർ രാജിവച്ചതുമൂലമുണ്ടായ ചില പ്രതിസന്ധിയുടെ സന്ദർഭത്തിലാണ് ബഹു. സൈമൺ അച്ചൻ ആശുപത്രിയുടെ ഭരണ ചുമതല ഏറ്റെടുക്കുന്നത്. നല്ല ഡോക്ടർമാരുടെ സേവനം ആശുപത്രിയിൽ ലഭ്യമാക്കുകയായിരുന്നു അദ്ദേഹത്തിന്റെ ആദ്യ ദൗത്യം. നാല്പതിലേറെ വർഷത്തെ സേവനം കൊണ്ട് നാട്ടുകാരുടെ ഹൃദയത്തിൽ ഇടം നേടിയ പുഷ്പഗിരി ആശുപത്രിയുടെ പര്യായമായി മാറിയ ഫിസിഷ്യൻ ഡോ. പി.കെ. ബഞ്ചമിനെ കൊല്ലം ബെൻസിഗർ ആശുപത്രിയിൽ നിന്ന് അവിടുത്തെ അധികാരികളുടെ അനുവാദത്തോടെ ആദ്യവർഷംതന്നെ പുഷ്പഗിരിയിൽ എത്തിച്ചു. ഇപ്പോൾ പുഷ്പഗിരി മെഡിക്കൽ കോളജ് ആശുപത്രിയിലെ റേഡിയോളജി വകുപ്പ് മേധാവി ഡോ. ജീനാ ബെഞ്ചമിൻ അദ്ദേഹത്തിന്റെ മകളാണ്. തന്റെ പിതാവ് പുഷ്പഗിരിയിൽ സേവനത്തിന് എത്തുമ്പോൾ ഡോ. ജീനയ്ക്ക് പ്രായം ഒന്നരവയസ്.

അച്ചന്റെ അടുത്ത ശ്രമം ഒരു നല്ല സർജന്റെ സേവനം ലഭ്യമാക്കുകയായിരുന്നു. തിരുവനന്തപുരം മെഡിക്കൽ കോളജിൽ നിന്ന് തൊറാസിക് സർജൻ ഡോ. ഹരിഹര അയ്യരെ (FRCS) 1961ൽ തന്നെ പുഷ്പഗിരിയിൽ എത്തിച്ചു. പ്രഗത്ഭരായ ഇവരോടൊപ്പം സേവന സന്നദ്ധരായ ഒരുപറ്റം ഡോക്ടർമാരുടെ സേവനം പുഷ്പഗിരിയിൽ ലഭ്യമാക്കിയതോടുകൂടി ആശുപത്രിയുടെ യശസ് നാട്ടിലാകമാനം വർധിച്ചു. പ്രഗത്ഭനായ സർജൻ ആയിരുന്നെങ്കിലും ഡോ. ഹരിഹര അയ്യരുടെ ചില സ്വഭാവ പ്രത്യേകതകൾ സഭയുടെ ശൈലിക്ക് ചേരുന്നതായിരുന്നില്ല. അതിനാൽ അദ്ദേഹത്തിന്റെ സേവനം അവസാനിപ്പിക്കാനും ബഹു. സൈമൺ അച്ചൻ തയാറായി. പുഷ്പഗിരിയോടുള്ള വിരോധം കൊണ്ട് പുഷ്പഗിരി ആശുപത്രിയെ തകർക്കുക എന്ന ലക്ഷ്യത്തോടെ ഡോ. അയ്യർ തിരുവല്ല രാമഞ്ചിറയിൽ എം.സി റോഡിന്റെ ഓരത്ത് ഒരു ആശുപത്രി ആരംഭിച്ചു. ഏതാനും വർഷങ്ങൾക്കുശേഷം അദ്ദേഹം നിര്യാതനായി. ആശുപത്രിയുടെ കെട്ടിടവും സ്ഥലവും ബാങ്ക് ജപ്തി ചെയ്ത് ലേലം ചെയ്തു. ഡോ. കെ.പി. യോഹന്നാൻ അത് ലേലത്തിൽ വാങ്ങി. പിന്നീട് അദ്ദേഹം അത് കമ്യൂണിസ്റ്റ് പാർട്ടിക്ക് ദാനമായി നൽകിയെന്നാണ് അറിയുന്നത്. ഇപ്പോൾ ആ സ്ഥലത്ത് പാർട്ടി ഓഫീസ് പ്രവർത്തിക്കുന്നു.

പുഷ്പഗിരി ആശുപത്രിയെ തകർക്കാൻ ശ്രമിച്ചവരും ശ്രമിക്കുന്നവരുമായ പല നിക്ഷിപ്ത താല്പര്യക്കാരുമുണ്ട്. ഹരിഹര അയ്യറും കമ്യൂണിസ്റ്റ് പാർട്ടിയും കെ.പി. യോഹന്നാനും അവരുടെ പ്രതീകങ്ങളാണ്. ദൈവത്തിന്റെ ഇംഗിതമനുസരിച്ച് വിശുദ്ധ കൊച്ചുത്രേസ്യാമ്മയുടെ മധ്യസ്ഥതയിൽ ആശ്രയിച്ച് ആരംഭിച്ചിരിക്കുന്ന പുഷ്പഗിരിയെ തകർക്കാൻ ഒരു പൈശാചികശക്തിക്കും കഴിയുകയില്ല എന്ന് കഴിഞ്ഞ 58 വർഷത്തെ പുഷ്പഗിരി ആശുപത്രിയുടെ ചരിത്രം തെളിയിക്കുന്നു. അസ്വസ്ഥതകൾ ആകുലപ്പെടുത്തിയിരുന്ന സന്ദർഭത്തിൽ പുഷ്പഗിരി ആശുപത്രിയെ വളർച്ചയിലേക്ക് നയിക്കുവാൻ ബഹു. സൈമൺ അച്ചന്റെ രണ്ടര വർഷത്തെ സേവനം സഹായിച്ചു. 1971 ഏപ്രിൽ മാസത്തിൽ അടുത്ത അജപാലന ശുശ്രൂഷാമേഖലയിലേക്ക് അദ്ദേഹം നിയമിതനായി.

**അജപാലനവും ആശുപത്രി ജീവിതവും**

1971 ഏപ്രിൽ മാസത്തിൽ വെണ്ണിക്കുളം ഇടവകയുടെ വികാരിയായി അദ്ദേഹം ചുമതലയേറ്റു. വെണ്ണിക്കുളത്ത് വികാരിയായിരുന്ന ബഹു. അലക്സാണ്ടർ പയ്യമ്പള്ളിൽ അച്ചൻ രണ്ടാം പ്രാവശ്യം പുഷ്പഗിരി ആശുപത്രിയുടെ അഡ്മിനിസ്ട്രേറ്ററുമായി. 1974 മേയ് മാസം പതിമൂന്നാം തീയതി വരെ അദ്ദേഹം വെണ്ണിക്കുളം ഇടവകയിൽ വൈദീകശുശ്രൂഷ നടത്തി.

മൂത്രതടസം സംബന്ധിച്ച ചികിത്സയ്ക്കും അല്പം വിശ്രമത്തിനുമായി അദ്ദേഹത്തെ മേരിഗിരി അരമനയിലെ ഹൗസ് മിനിസ്റ്റർ ആയി

നിയമിച്ചു. അതോടൊപ്പം SAFP (Save a Family Plan) എന്ന സഹായപദ്ധതിയുടെ ഡയറക്ടർ ആയും നിയമിച്ചു. ബഹു. ഏബ്രഹാം അഴകത്ത് അച്ചനിൽ നിന്നാണ് അദ്ദേഹം ചുമതല ഏറ്റെടുത്തത്.

പുഷ്പഗിരി ആശുപത്രിയിലെ സർജൻ ഡോ. വൈ.പി. എബ്രഹാം ഏഴ് ഓപ്പറേഷൻ നടത്തിയിട്ടും മൂത്രതടസം പരിപൂർണമായി നീക്കാൻ സാധിക്കാഞ്ഞതിനാൽ തിരുവനന്തപുരം മെഡിക്കൽ കോളജിൽ ചികിത്സ തേടി. 128 ദിവസം (4 മാസം) അവിടെ കിടന്ന് ചികിത്സ നടത്തി. പാലാക്കാരൻ ഡോ. പി.എ. എബ്രഹാം പുക്കിളിനു താഴെ വയർ തുളച്ച് ട്യൂബിട്ട് വിട്ടു. 1976ൽ തിരുവല്ല മെഡിക്കൽ മിഷൻ ആശുപത്രിയിലെ ഡോ. കുഞ്ഞപ്പൻ ജോൺ മാർച്ച് മുതൽ ഡിസംബർവരെ അഞ്ച് ഘട്ടങ്ങളിലായി യുറത്രോ പ്ലാസ്റ്ററി നടത്തി തടസം മാറ്റിയാണ് മൂത്രം സാധാരണപോലെ പോകാനുള്ള സൗകര്യം ഉണ്ടാക്കിയത്. 1979 മാർച്ച് നാലാം തീയതി വരെ അദ്ദേഹം മേരിഗിരി അരമനയിൽ തുടർന്നു.

അടുത്ത നിയമനം 1979 മാർച്ച് നാലു മുതൽ നിരണം ഈസ്റ്റ് (ആലംതുരുത്തി) പുളിക്കീഴ് പള്ളികളുടെ വികാരിയായിട്ടായിരുന്നു (രണ്ടാം പ്രാവശ്യം). തുടർന്നുള്ള നിയമനം 1980 മേയ് 30 മുതൽ പുഷ്പഗിരി ക്ലെർജി ഹോമിന്റെ ഡയറക്ടറും പുഷ്പഗിരി എസ്റ്റേറ്റിന്റെ മാനേജരുമായിട്ട് ആയിരുന്നു. 1980ൽ കിഡ്നി സ്റ്റോൺ സംബന്ധിച്ച് തിരുവല്ല മെഡിക്കൽ മിഷൻ ആശുപത്രിയിൽ ഓപ്പറേഷൻ നടത്തി കല്ലുകൾ നീക്കം ചെയ്തു. വളരെ ബുദ്ധിമുട്ടേറിയ ഒരു ശസ്ത്രക്രിയയിലൂടെ ആന്ധ്രാസ്വദേശിയായ പ്രഗത്ഭനായ ഡോക്ടർ സുന്ദർലാൽ ബാബുവാണ് പ്രസ്തുത ശസ്ത്രക്രിയ നടത്തിയത്. സാധാരണക്കാരിൽ കാണുന്നതിലും വലിയതും കടുപ്പമുള്ളതുമായ കല്ലാണ് നീക്കം ചെയ്തത്. കല്ല് നീക്കം ചെയ്തിട്ടും വീണ്ടും അപകടകരമായ രീതിയിൽ മൂത്രസഞ്ചിയിൽ കല്ല് രൂപപ്പെട്ടുകൊണ്ടിരുന്നതിനാൽ വീണ്ടും വീണ്ടും ശസ്ത്രക്രിയ നടത്താൻ ഡോക്ടർമാർ വിമുഖത പ്രകടിപ്പിച്ചിരുന്നു. മെഡിക്കൽ മിഷൻ ആശുപത്രിയിലെ ഡോക്ടർ പ്രസാദ് തന്റെ പ്രൊഫസർ ആയിരുന്ന ഗുജറാത്ത് സ്വദേശി ഡോക്ടർ ദേശായിയുമായി ആലോചന നടത്തി. ഗുജറാത്തിൽ എത്തിയാൽ കല്ല് പ്രത്യേക രീതിയിൽ പൊടിച്ചു കളയാമെന്ന് ഡോക്ടർ ദേശായി അറിയിച്ചു. ചികിത്സ സൗജന്യമായി നടത്താമെന്നും അദ്ദേഹം സമ്മതിച്ചു. അതിൻപ്രകാരം ബഹു. സൈമൺ അച്ചൻ ഗുജറാത്തിൽ ചെന്ന് മൂത്രസഞ്ചിയിലെ കല്ല് പൊടിച്ചുകളയുകയാണ് ചെയ്തത്. കാത്സ്യം ഓക്സിലേറ്റ് ആണ് ഈ കല്ലുകളുടെ രൂപീകരണത്തിന്റെ കാരണമെന്നും കണ്ടെത്തി. അതുകൊണ്ട് അന്നു മുതൽ പഥ്യത്തോടെയുള്ള ഭക്ഷണക്രമമാണ് ബഹു. സൈമൺ അച്ചൻ അനുവർത്തിക്കുന്നത്.

ക്ലെർജി ഹോം കെട്ടിടം പുഷ്പഗിരി മെഡിക്കൽ കോളജിന് വിട്ടുകൊടുത്തിട്ട് പള്ളിമല ശാലോംഭവനിലേക്ക് മാറിയപ്പോഴും ബഹു. സൈമൺ അച്ചൻ പഴയ ക്ലെർജിഹോമിൽ ആരംഭിച്ച ഹോസ്റ്റലിന്റെ വാർഡൻ ആയി 2002ൽ ചുമതലയേറ്റു. പഴയ കെട്ടിടം പൊളിച്ച് മാറ്റിയിട്ട് പുതിയ സെന്റ് ജോൺപോൾ II ഹോസ്റ്റൽ പണിതപ്പോഴും അദ്ദേഹം അവിടെ വാർഡനായി തുടരുന്നു. ഈ കാലയളവിലെല്ലാം വിവിധ ഇടവകകളിൽ വികാരിയായും സേവനം ചെയ്തിരുന്നു. 1981 ജൂൺ 6 മുതൽ 1983 മേയ് 29 വരെ പുറമറ്റം, 1983 ജൂൺ 6 മുതൽ 1986 മാർച്ച് രണ്ട് വരെ പുഷ്പഗിരി ആശുപത്രിയിലെ ചാപ്ലയിൻ 1986 മാർച്ച് 2 മുതൽ 1988 വരെ വീണ്ടും പുറമറ്റം 19881989ൽ തെള്ളിയൂർ, കാഞ്ഞിരപ്പാറ, 1989- 1991 പെരിങ്ങര, 1991-1996 പുല്ലാട്, 1996-1998 അമിച്ചകരി, 1998-2000 മാരാമൺ, 2001-2003 വീണ്ടും പുളിക്കീഴ് എന്നിവിടങ്ങളിലും ശുശ്രൂഷ നിർവഹിച്ചു. 2003 മുതൽ ഇടവകകളിലെ ചുമതലകളിൽ നിന്ന് പിന്മാറിയെങ്കിലും മെഡിക്കൽ കോളജ് ഹോസ്റ്റലിന്റെ വാർഡൻ ആയി സേവനം തുടരുന്നു. അതോടൊപ്പം ബഥാനിയ മഠത്തിലെ ചാപ്ലയിൻ ആയും ശുശ്രൂഷ ചെയ്യുന്നു. ഇതിനിടയിൽ ഹൃദയസംബന്ധമായ അസ്വസ്ഥതയെ തുടർന്ന് ആൻജിയോപ്ലാസ്റ്റി ശസ്ത്രക്രിയക്കും വിധേയനായിട്ടുണ്ട്. പുഷ്പഗിരി മെഡിക്കൽ കോളജ് തുടങ്ങിയപ്പോഴത്തെ ഒന്നാം ബാച്ച് മുതൽ ഇപ്പോഴുള്ള 15ാം ബാച്ച് വരെയുള്ള ആൺകുട്ടികളുടെ ഹോസ്റ്റൽ വാർഡനായിരിക്കാനുള്ള അസുലഭ അവസരം നവതിയിലെത്തിയിരിക്കുന്ന ബഹു. സൈമൺ പുളിയങ്കിൽ അച്ചനു മാത്രം അവകാശപ്പെടാവുന്നതാണ്. 1950ൽ ചെറുപുഷ്പഗിരി മൈനർ സെമിനാരിയിൽ പ്രവേശനം നേടിയപ്പോൾ തുടങ്ങിയതാണ് അദ്ദേഹത്തിന് പുഷ്പഗിരിയോടുള്ള ആത്മബന്ധം. 1961ലെ സ്കൂട്ടർ അപകടത്തെ തുടർന്നുള്ള ചികിത്സയ്ക്കുശേഷം വിശ്രമത്തിനായി ഊട്ടിയിൽ നിന്ന് പുഷ്പഗിരി ആശുപത്രിയോടനുബന്ധിച്ച് ആരംഭിച്ച വൈദിക മന്ദിരത്തിലെ ആദ്യഅന്തേവാസിയായി എത്തിയതോടെ പുഷ്പഗിരിയുമായുള്ള ആത്മബന്ധം ശക്തമായി. തുടർന്ന് പുഷ്പഗിരി ആശുപത്രി അഡ്മിനിസ്ട്രേറ്റർ (19691971), പുഷ്പഗിരി എസ്റ്റേറ്റ് മാനേജർ (1980), പുഷ്പഗിരി ആശുപത്രി ചാപ്ലയിൻ, പുഷ്പഗിരി ക്ലെർജി ഹോം ഡയറക്ടർ (1980), മെഡിക്കൽ കോളജ് ബോയ്സ് ഹോസ്റ്റൽ വാർഡൻ (2002 മുതൽ) ഇങ്ങനെ വിവിധ തസ്തികകളിൽ ഏതാണ്ട് 42 വർഷക്കാലം അദ്ദേഹത്തിന്റെ പ്രവർത്തന മണ്ഡലം പുഷ്പഗിരിയാണ്.

# സുവിശേഷത്തിന്റെ നിലയ്ക്കാത്ത ചൈതന്യം

## കാരാമ്മേൽ കോയിക്കൽ കെ.എം. പത്രോസ് അച്ചൻ





ഫാ. പോൾ കാരാമ്മേൽ കോയിക്കൽ

**ആ**യിരം പൂർണ്ണചന്ദ്രന്മാരെ കണ്ട പൂർണ്ണ പുരുഷായുസ്സ് പൂർത്തിയാക്കി, താനുമായി ബന്ധപ്പെട്ടവരുമായി ഒരു അഗാധ വ്യക്തി ബന്ധം പുലർത്തി, മകനായും ഭർത്താവായും സ്ലീബാദാസനായും നല്ല പിതാവായും വല്ല്യപ്പച്ച നായും വൈദികർക്ക് ധ്യാനഗുരുവും ആത്മീ യോപദേഷ്ടാവുമായും ഉത്തമപ്രകൃതിസ്നേ ഹിയായും കൃഷിക്കാരനായും അതിലെല്ലാമു പരി സഭാമക്കൾക്ക് വന്ദ്യആചാര്യശ്രേഷ്ഠ നായും ജീവിതം സമർപ്പിച്ച ബഹുമാനപ്പെട്ട കാരാമ്മേൽ കോയിക്കൽ കെ. എം. പത്രോസ് അച്ചൻ, സ്വർഗ്ഗീയസൗഭാഗ്യത്തിന്റെ ധന്യജീവിതം പൂകിയതിന്റെ ഇരുപത്തിയഞ്ച് വർഷം 03-11-2017ൽ പൂർത്തിയാകുന്നു.

എട്ടരദശാബ്ദക്കാലം ക്രൈസ്തവ സാക്ഷ്യ മായി നിറഞ്ഞുനിന്ന ഉജ്ജ്വലവ്യക്തിത്വത്തെ അതേപടി ഒപ്പിയെടുത്ത് അവതരിപ്പിക്കുക ഏറെ ദുഷ്ക്കരം. ഈ ധന്യജീവിതത്തിന് വാക് രൂപം നല്കുന്നതിന് അനേക വിശേഷണങ്ങൾ മനസ്സിൽ തെളിയുന്നു. കർത്താവ് പ്രവർത്തിച്ച മഹത്തായ കാര്യങ്ങളും അവിടുത്തെ ശക്തി പ്രഭാവവും അത്ഭുതകൃത്യങ്ങളും വരും തലമുറ യ്ക്ക് വിവരിച്ചുകൊടുക്കണം. വരാനിരിക്കുന്ന തലമുറ, ഇനിയും ജനിച്ചിട്ടില്ലാത്ത മക്കൾ, അവ അറിയുകയും, തങ്ങളുടെ മക്കൾക്ക് അവ പറ ഞ്ഞുകൊടുക്കുകയും ചെയ്യും (സങ്കീ. 78:4,6). കർത്താവ് കെ.എം. പത്രോസച്ചനിലൂടെ പ്രവർ ത്തിച്ച കാര്യങ്ങൾ ഇവിടെ കുറിക്കട്ടെ:

**ജീവിതനാൾവഴി**

ചരിത്ര മത സാംസ്കാരിക പൈതൃകവും പാരമ്പര്യവും കൊണ്ട് അനുഗ്രഹീതമായ പിറ വം രാജാക്കന്മാരുടെ വലിയ പള്ളിയുടെയും, സ്വച്ഛമായ മൂവാറ്റുപുഴയാറിന്റെയും സമീപമായി സ്ഥിതിചെയ്യുന്ന കർഷകഗ്രാമമാണ് പെരുവ. ഈ ദേശത്തെ അതിപുരാതനമായ കാരാമ്മേൽ കോയിക്കൽ കുടുംബത്തിൽ മത്തായിയുടെയും തലയോലപ്പറമ്പ് തെക്കൻകുടുംബം തളിയാ ക്കൽ മർത്തയുടെയും സീമന്തപുത്രനായി 1907 ഏപ്രിൽ 8ന് ജനനം. മണകുന്നം മോർ ഔഗേൻ യാക്കോബായ സുറിയാനി പള്ളിയിൽ ജ്ഞാന സ്നാനമേറ്റ് പത്രോസ് എന്ന് നാമം സ്വീകരിച്ചു. പ്രാഥമിക വിദ്യാഭ്യാസം കീഴൂർ ഗവൺമെന്റ് സ്കൂളിൽ. പഠനകാലയളവിൽ തന്നെ കണ്ടനാട് ഭദ്രാസനാധിപൻ കരോട്ടുവീട്ടിൽ യൂയാക്കീം മോർ ഈവാനിയോസ് മെത്രാപ്പോലീത്താ യിൽനിന്ന് കോറൂയൊ പട്ടം സ്വീകരിച്ചു. 1924 സെപ്റ്റംബർ 14ന് സ്ലീബാദാസസമൂഹം ആരംഭി ച്ചപ്പോൾ ഒരു സ്ലീബാദാസനായി ചേർന്ന് എട്ടു വർഷത്തോളം മൂക്കഞ്ചേരിൽ എം.പി. പത്രോ സ് അച്ചനോടൊപ്പം (മൂക്കഞ്ചേരിൽ പത്രോസ് മോർ ഒസ്താത്തിയോസ്) പ്രവർത്തിച്ചു. സ്ലീബാദാസനായി സുവിശേഷസന്ദേശവുമായി തിരുവതാംകൂർ, കൊച്ചി, മലബാർ എന്നീ പ്രദേശങ്ങളിലുള്ള പല സ്ഥലങ്ങളിലും ശുശ്രൂഷ ചെയ്തു. 1937 മെയ് 25ന് ഔഗേൻ മോർ തീമോത്തിയോസ് (പരി. ഔഗേൻ കാതോലിക്കാ ബാവാ) മെത്രാപ്പോലീത്തായിൽ നിന്ന് കാശ്ശീശൊ പട്ടം സ്വീകരിച്ചു. 1938-1943 കാലയളവിൽ കുടുംബപള്ളിയായ കാരിക്കോട് സെന്റ് തോമസ് ബഥേൽ യാക്കോബായ സുറി യാനി ഇടവകയുടെ വികാരിയും, 1943-1949 വരെ മലബാറിലെ വിവിധ മിഷൻ കേന്ദ്രങ്ങളിൽ ഒരു മിഷനറിയായും പ്രവർത്തിച്ചു. ഈ കാലയ

ളവിൽ കരുവാരകുണ്ട്, നിലമ്പൂർ, മാനന്തവാടി, മണ്ണാർക്കാട് എന്നിവിടങ്ങളിൽ ദേവാലയങ്ങൾ സ്ഥാപിക്കുകയും ചെയ്തു. 1930 സെപ്റ്റംബർ 20-ാം തീയതിയിലെ മാർ ഈവാനിയോസ് തിരുമേനിയുടെ പുനരൈക്യം സത്യാന്വേഷിയായ ഇച്ചാച്ചനിലും ചലനങ്ങൾ സൃഷ്ടിച്ചു. എന്നാൽ തന്റെ ഉറച്ചനിലപാടിന് രൂപം ലഭിക്കുവാൻ പിന്നെയും വർഷങ്ങൾ വേണ്ടിവന്നു. സമഗ്രമായ പഠനത്തിനും പരിചിന്തനത്തിനും ശേഷമാണ് ആ വലിയ തീരുമാനത്തിലെത്തിയത്. 1949ൽ പുനരൈക്യത്തിലൂടെ കത്തോലിക്കാ സഭാംഗമായി. പുനരൈക്യാനന്തരം 1952 ൽ പെരുവയിൽ മലങ്കര സുറിയാനി കത്തോലിക്കാ ഇടവക ആരംഭിക്കുകയും, പുനരൈക്യ ശുശ്രൂഷയ്ക്ക് ശക്തിപകർന്നുകൊണ്ട് അനേകരെ കത്തോലിക്കാവിശ്വാസത്തിലേക്ക് ആനയിക്കുകയും ചെയ്തു. 1957-1975 കാലയളവിൽ കൂത്താട്ടുകുളം തിരുക്കുടുംബ ദൈവാലയം, പൂവക്കുളം എന്നീ ദൈവാലയങ്ങളുടെ വികാരിയായി സേവനമനുഷ്ഠിച്ചു. ഈ കാലയളവിൽ അഞ്ചൽപെട്ടി, പിറവം, പെരുവ എന്നീ സ്ഥലങ്ങളിൽ അച്ചന്റെ പ്രവർത്തനം മൂലം പുനരൈക്യചിന്തകൾക്ക് ശക്തിയാർജ്ജിച്ചു. 1989 ൽ ഇടവക ഭരണത്തിൽ നിന്നു വിരമിച്ചു. അഞ്ചര പതിറ്റാണ്ടുകാലത്തെ വൈദികശുശ്രൂഷയിലൂടെ ധന്യമായ ജീവിതം ഈ ലോകത്തിൽ പൂർത്തിയാക്കി 1992 നവംബർ 3-ാം തീയതി ദൈവപിതാവിന്റെ സന്നിധിയിലേക്ക് യാത്ര യായി.

**സുവിശേഷത്തിന്റെ നിലയ്ക്കാത്ത ചൈതന്യം**

ചെറുപ്പം മുതലേ സുവിശേഷവേലയ്ക്കായി ജീവിതം സമർപ്പിക്കണമെന്ന ചിന്ത ഇച്ചാച്ചനിലുണ്ടായിരുന്നു. ദൈവവചനം വ്യാഖ്യാനിക്കാൻ അനിതരസാധാരണമായ കഴിവുണ്ടായിരുന്ന ഇച്ചാച്ചന്റെ അടുക്കൽ സംശയനിവാരണത്തിനും ഉപദേശത്തിനും ചർച്ചകൾക്കുമായി സമീപഇടവകകളിലെ യുവവൈദികർ വരുക സാധാരണമായിരുന്നു. വിശുദ്ധഗ്രന്ഥം അനുദിനം വായിക്കുകയും ധ്യാനിക്കുകയും അതിനനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്തുകയും അങ്ങനെ അനേക വൈദികർക്ക് ആത്മീയ ഗുരുവും ധ്യാനഗുരുവുമായി തീരുകയും ചെയ്തു. വിശുദ്ധഗ്രന്ഥപഠനാർത്ഥം ഇച്ചാച്ചനെ സമീപിക്കുന്നവർക്ക് നല്കുന്ന ഉപദേശം ഏറെ ശ്രദ്ധേയമാണ്; എല്ലാ ശാസ്ത്രങ്ങളും, മനുഷ്യജീവിതത്തിനാവശ്യമായ സകല അറിവും ഉപദേശങ്ങളും ഇതിനകത്തുണ്ട്; ദിനംപ്രതി വേദപുസ്തകം വായിക്കുക, ധ്യാനിക്കുക, പ്രാർത്ഥിക്കുക, വചനത്തെ ചുമലിൽ വഹിക്കുക.

**ഉജ്ജ്വലവാഗ്മി, ധ്യാനഗുരു**

പുനരൈക്യാനന്തരവും പുനരൈക്യപ്രസ്ഥാനത്തെക്കുറിച്ച് സമഗ്രമായി പഠിക്കുവാനും ഇതര സഭയിലെ വൈദികരോടും, വിശ്വാസികളോടും അവയെക്കുറിച്ച് പറഞ്ഞുനല്കുന്നതിന് ഇച്ചാച്ചന് ഒരു തനത് ശൈലിയുണ്ടായിരുന്നു. സമകാലികരും പ്രഗല്ഭരും വാഗ്വിലാസത്താൽ സദസ്സിനെ കൈയിലെടുത്തിരുന്നവരുമായ മോൺ. തോമസ് വടശ്ശേരി (തിരുവല്ല) മോൺ. എൻ.ജെ. പീറ്റർ (ചങ്ങനാശ്ശേരി) മോൺ. പീറ്റർ ഊരാളിൽ (കോട്ടയം) പെരി. ബഹു. തോമസ് മണ്ണഞ്ചേരി അച്ചൻ (പാലാ) തുടങ്ങിയ പ്രശസ്തവാഗ്മികളുടെ ഗണത്തിൽ ഇച്ചാച്ചൻ ഉൾപ്പെട്ടിരുന്നു. വൈദികർക്ക് മാസധ്യാനവും, വാർഷികധ്യാനവും, ഇടവകകളിൽ സുവിശേഷയോഗവും ഇച്ചാച്ചൻ നടത്തിയിരുന്നു. സഭാപരവും ആരാധനപരവും വേദപുസ്തകസംബന്ധവുമായ വിഷയങ്ങളെ പറ്റി മറ്റുള്ളവർക്ക് പറഞ്ഞു കൊടുക്കുന്നതിൽ അതീവ ശ്രദ്ധാലുവായിരുന്നു.

ജാതിമത ഭേദമെന്യേ തന്നെ തേടുന്ന ഏവർക്കും സഹായഹസ്തവുമായി ചുറുചുറുക്കോടെ ഓടിനടന്നിരുന്നു ളോഹധാരിയായ കോയിക്കലച്ചൻ. തന്നെ സമീപിക്കുന്നവർക്ക് സഹായം ലഭിക്കുമെന്നത് തീർച്ചയാണ്. എല്ലാവരെയും ഒരു അജഗണമായി കണ്ട ഈ ആചാര്യൻ എക്യുമെനിക്കൽ ബൈബിൾ കൺവൻഷൻ, എക്യുമെനിക്കൽ കരോൾ മത്സരം എന്നിവ സംഘടിപ്പിക്കുക വഴി സമീപ പ്രദേശത്തുള്ള ക്രൈസ്തവ സഭാംഗങ്ങൾ തമ്മിലുള്ള ഐക്യം കുറച്ചുകൂടി ദൃഢമാക്കി.

കോയിക്കലച്ചെനെന്ന് ആളുകൾ വിളിക്കുന്ന കെ.എം. പത്രോസച്ചനെക്കുറിച്ച് സംസാരിക്കുമ്പോൾ ഇന്നും തലനരച്ചവർക്കെല്ലാം നൂറു നാവുള്ളതുപോലെ തോന്നും. പറഞ്ഞാൽ തീരാത്ത കഥകൾ, അനുഭവങ്ങൾ അവർക്ക് പങ്കിടാനും പറയാനുമുണ്ട്. കടന്നുചെന്ന എല്ലാ മേഖലകളിലും അക്ഷരത്തിലും അർത്ഥത്തിലും വ്യക്തിമുദ്രപതിപ്പിച്ചുകൊണ്ട് ഒരു മനുഷ്യജീവിതകാലത്ത് സാധിക്കുന്നതിലധികം നന്മ തന്റെ ജനത്തിനും സമൂഹത്തിനും ലഭ്യമാക്കി സത്യവിശ്വാസത്തിനുവേണ്ടി പോരാടി കടന്നുപോയ ഈ ആചാര്യനെ, വിശേഷണങ്ങൾ ഏറെ ബാക്കി നിർത്തി നമ്മുടെ സ്മരണകളിൽ ജീവിക്കുന്ന, വിശ്വാസജീവിതത്തിന്റെ ഉദാത്ത മാതൃകയായ, സഭയുടെ കെട്ടുപണിയെ ബലപ്പെടുത്തിയ ഈ ആചാര്യശ്രേഷ്ഠനെ ഓർത്ത് കാരുണ്യവാനായ ദൈവത്തെ മഹത്ത്വപ്പെടുത്താം, നന്ദിപറയാം. മിശിഹാതമ്പുരാൻ വിശുദ്ധർക്കായി നിശ്ചയിച്ചിരിക്കുന്ന വാസസ്ഥലത്ത് ഈ ആചാര്യന് വിശ്രമമരുളട്ടെ...

*ഈ ലേഖനത്തിൽ പറയപ്പെടുന്ന വ്യക്തികൾ സാങ്കല്പിക കഥാപാത്രങ്ങളാണ്.*

**ഇ**ടവക വികാരി ഇടവകാംഗങ്ങളെ സന്ദർശിച്ച് തിരികെ വരുമ്പോൾ പള്ളിയങ്കണത്തിൽ വിവിധമതസ്ഥരായ നാലുപേർ കാത്തുനിൽക്കുന്നുണ്ടായിരുന്നു. അവർ കൂട്ടുകാരും മദ്യപാനികളുമാണെന്ന കാര്യം അച്ചനോർത്തു. അന്നും പതിവുപോലെ അവർ മദ്യപിച്ചിരുന്നു.

അച്ചനെ കണ്ടതോടെ അവർ അച്ചോ ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ എന്ന് മദ്യലഹരിയിൽ വ്യക്തമല്ലാത്ത രീതിയിൽ പറഞ്ഞു. അവരുടെ സംസാരം ഇങ്ങനെ പോകുന്നു.

**അച്ചൻ** : എന്താ നിങ്ങൾ നാലുപേരും കൂടി പള്ളിമുറ്റത്ത്?

**കുറിയാക്കോസ്** : ഞങ്ങൾക്കു ചില കാര്യങ്ങൾ അച്ചനുമായി ആലോചിക്കാനുണ്ട്. അച്ചനു ബുദ്ധിമുട്ട് വല്ലതും.

**അച്ചൻ** : ഞാനിപ്പോൾ നല്ല മൂഡിലല്ലല്ലോ. നിങ്ങളും.

**കൃഷ്ണൻ** : അച്ചോ മാറ്റിവയ്ക്കാവുന്ന കാര്യമല്ല. അല്പം ധൃതിയുണ്ട്.

**അച്ചൻ** : എന്തായാലും ഞാനിപ്പോൾ തയ്യാറല്ല. നിങ്ങൾ പോയി നാളെ വരൂ.

എന്നാൽ അങ്ങനെയാകട്ടെ. അല്ലാതെ നിവൃത്തിയില്ലല്ലോ എന്നു പറഞ്ഞ് അവർ പിരിഞ്ഞു.

അടുത്ത ദിവസം രാവിലെ തന്നെ അവർ എത്തി അച്ചനു സ്തുതി പറഞ്ഞു അവർക്കു ഇരിപ്പിടം നൽകി അച്ചൻ സംസാരം തുടങ്ങി.

**അച്ചൻ** : ഉം. നിങ്ങൾ പറയാൻ വന്നത്.

**കുറിയാക്കോസ്** : സത്യം പറയാമല്ലോ. ഇന്നലെ പറയാൻ കരുതി വന്നത് ഒന്നും ഓർമ്മയില്ല. അല്ല, ഒന്നു ചോദിച്ചോട്ടെ. കഴിഞ്ഞ ദിവസം അച്ചൻ പള്ളിയിൽ വലിയ പ്രസംഗമൊക്കെ നടത്തിയെന്നു കേട്ടു.

വിഷയം, മദ്യവും കുടിയന്മാരും. ഒന്നു ചോദിച്ചോട്ടെ. ഞങ്ങടെ കാശു കൊടുത്തു ഞങ്ങൾ കുടിക്കുന്നതിന് അച്ചനെന്തിനാ തുള്ളുന്നത്. ഇന്നലെ ഞങ്ങൾ വന്നത് നേരിട്ടു നാലു തെറിപറയാൻതന്നെയായിരുന്നു.

**അച്ചൻ** : നിങ്ങൾ തന്നെ പറഞ്ഞല്ലോ ഇന്നലെ പറയാൻ വന്ന കാര്യം മറന്നു പോയെന്ന്. ഇതു തന്നെയാണു മദ്യത്തിന്റെയും മദ്യപാനിയുടെയും അവസ്ഥ. കുടികഴിഞ്ഞാൽ പിന്നെ ബോധം ഇല്ലാതാകും. നിങ്ങൾ ഇന്നലെ വന്നത് എന്നെ തെറിപറയാനല്ലെ. അപ്പോൾ ബോധമില്ലായിരുന്നു. ഇപ്പോൾ ബോധമുള്ളതിനാൽ നിങ്ങൾ സമാധാനമായി സംസാരിക്കുന്നു. ഇതു തന്നെയാണ് മദ്യപിക്കരുതെന്നു ഞാൻ പറഞ്ഞതിന്റെ കാരണം. ബോധമില്ലാതാകുമ്പോൾ നമ്മൾ എല്ലാം മറക്കും. പിന്നെ എന്തും പറയും. എന്തും ചെയ്യും. അതിന്റെ ഫലം അനുഭവിക്കുകയും ചെയ്യും. മദ്യപിച്ച് വാഹനമോടിക്കു

# മദ്യവർജ്ജനവും മദ്യനിരോധനവും





ഫാ. മാത്യു പഞ്ഞിക്കാട്ടിൽ

ന്നവരെ ശ്രദ്ധിച്ചിട്ടുണ്ടോ. വഴിയിൽ ശ്രദ്ധയില്ലാതെയല്ലെ വാഹനമോടിക്കുന്നത്. എന്തെല്ലാം അപകടങ്ങളാണവർ കാട്ടിക്കൂട്ടുന്നത്. എത്ര പേരുടെ ജീവൻ തന്നെ ഇല്ലാതാക്കുന്നു. ഇക്കൂട്ടർ വീട്ടിൽ ചെന്നാലോ. ഭാര്യക്കും മക്കൾക്കും സ്വൈര്യം കൊടുക്കുമോ.?

**കൃഷ്ണൻ** : ഭാര്യയും മക്കളും ഞങ്ങളുടെ സ്വന്തമല്ലേ. അവരോട് ഞങ്ങൾക്കിഷ്ടമുള്ളതു ചെയ്യും. അച്ചനു വല്ല ചേതവുമുണ്ടോ.?

**അച്ചൻ** : അതു ഞാൻ സമ്മതിച്ചാൽ തന്നെ ഒരു കാര്യം ചോദിക്കട്ടെ. അവർക്കും നിങ്ങളെപ്പോലെ സ്വാതന്ത്ര്യമില്ലെ. അവകാശമില്ലെ. നിങ്ങളെപ്പോലെ അവരും ചിന്തിച്ചാലോ. എന്തായിരിക്കും നടക്കുന്നത്. നിങ്ങൾ കുടിച്ചുകൂത്താടി ചെല്ലുമ്പോൾ ഭാര്യയും മക്കളും നിവൃത്തിയില്ലാതെ എല്ലാം സഹിക്കും. പകരം സ്നേഹത്തോടെ നിങ്ങൾ വീട്ടിലേക്കു കയറിച്ചെന്നാലോ. ആ വീട്ടിൽ എന്തു സന്തോഷമായിരിക്കും. ഇന്നലെ നരകയാതന അനുഭവിച്ച വീട്ടിൽ ഇന്ന് സ്വർഗ്ഗസന്തോഷം നിറഞ്ഞു നിൽക്കുന്നു. കഷ്ടപ്പെട്ടുണ്ടാക്കുന്ന പണം ഇങ്ങനെ നശിപ്പിച്ചാൽ കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസം, ആഹാരം, വസ്ത്രം ഇതൊക്കെ ആരുണ്ടാക്കിക്കൊടുക്കും. നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ.

**കൃഷ്ണൻ** : അച്ചോ ഇപ്പോൾ ഭരിക്കുന്നത് ഞങ്ങളുടെ പാർട്ടിയാ. അവർ പാവങ്ങളുടെ പക്ഷത്താ. അതുകൊണ്ടാ പാവങ്ങൾക്കു പോലും വാങ്ങാൻ തക്കവണ്ണം വിലകുറച്ച് ഏതു മു ക്കിലും മൂലയ്ക്കും മദ്യം ലഭ്യമാക്കുന്നത്.

**അച്ചൻ** : ഞാൻ പറയുന്നതു മനസിലാകുന്നുണ്ടല്ലോ. ഒരുകാര്യം നല്ലതോ ചീത്തയോ എന്നു നമ്മൾ പറയുന്നതെന്തുകൊണ്ടാണ്?

**രാമൻനായർ** : അച്ചോ ഏതുകാര്യത്തിനും നന്മയും ചീത്തയുമുണ്ട്.

**അച്ചൻ** : മനസിലായില്ല

**കൃഷ്ണൻ** : അച്ചോ നിങ്ങളുടെ കാസായും പീലാസായും സ്വർണ്ണം പൂശുന്നതിന് സൈനൈഡ് ഉപയോഗിക്കുന്നില്ലെ. അതു കൊടും വിഷമല്ലെ. എന്നിട്ടും നിങ്ങൾ മരിക്കുന്നില്ലല്ലോ. അതുകൊണ്ടാ ഞങ്ങളുടെ സർക്കാർ പറയുന്നത് മദ്യനിരോധനമല്ല മദ്യവർജ്ജനമാണ് വേണ്ടതെന്ന്.

**രാമൻ നായർ** : മദ്യം സൈനൈഡു പോലെയല്ലല്ലോ. അതുകൊണ്ടല്ലെ സർക്കാർ അതു പൂർണ്ണമായും വിലക്കാത്തത്.

**അച്ചൻ** : മദ്യപൻ ഒരിക്കലും ധനികനാകില്ലെന്നും മദ്യം അവനെ കലഹക്കാരനും പരിഹാസിയുമാക്കുമെന്നുമാണ് ബൈബിൾ പറയുന്നത്. അതുകൊണ്ടല്ലെ ഒന്നിച്ചിരുന്നു കുടിക്കുന്നവർ തമ്മിൽത്തല്ലി കൊലപാതകം വരെ നടത്തുന്നത്.

**കുറിയാക്കോസ്** : അച്ചോ നമ്മുടെ കർത്താവ് കാനായിലെ കല്യാണത്തിന് വെള്ളം വീഞ്ഞാക്കിത്തീർത്തില്ലെ.

**സുലൈമാൻ** : നോഹ നബി വീഞ്ഞുകുടിച്ച് ബോധമില്ലാതെ ഉറങ്ങിയതും, ലോത്തിന്റെ പെൺമക്കൾ അപ്പനെ വീഞ്ഞുകുടിപ്പിച്ചശേഷം പ്രവർത്തിച്ചതുമൊന്നും അച്ചനറിയില്ലെ.

**അച്ചൻ** : അതെല്ലാം തെറ്റാണ്. മദ്യം വരുത്തി വച്ച വിനകൾ. മേലിൽ ഇങ്ങനെ സംഭവിക്കരുത് എന്നു ചിന്തിച്ചിട്ടാണ് മദ്യനിരോധനത്തിനു വേണ്ടി ഞങ്ങൾ മുറവിളി കൂട്ടുന്നത്.

**രാമൻ നായർ** : നിങ്ങൾ അച്ചന്മാർ കുർബാനയ്ക്ക് വീഞ്ഞുപയോഗിക്കുന്നില്ലെ. അതു നിർത്താനെന്താ നിങ്ങൾ പറയാത്തത്?

**അച്ചൻ** : വി. കുർബാന അർപ്പിക്കുന്ന അച്ചന്മാർ ആരും ലഹരിപിടിച്ച് മത്തന്മാരാകുന്നില്ല എന്ന കാര്യം ഓർക്കണം.

**കുറിയാക്കോസ്** : അച്ചോ മദ്യനിരോധനം വന്നാൽ വ്യാജന്മാർ വിലസും. അതു കൂടുതൽ ദോഷം ചെയ്യും. അതുകൊണ്ടാണ് ഞങ്ങളുടെ സർക്കാർ മദ്യനിരോധനം എടുത്തുകളഞ്ഞത്.

**കൃഷ്ണൻ** : അച്ചോ മദ്യക്കച്ചവടത്തിലൂടെ സർക്കാരിന് എത്ര കോടിയാ കിട്ടുന്നത്. അതെല്ലാം നാടിന്റെ നന്മയ്ക്കുവേണ്ടിയല്ലെ ഉപയോഗിക്കുന്നത്.

**അച്ചൻ** : ഇതെല്ലാം പാവപ്പെട്ടവന്റെ പണമല്ലെ. അത് അവർ സ്വന്തം ആവശ്യത്തിന് ഉപയോഗിക്കേണ്ടതല്ലെ. ഒന്നോർക്കണം. ഉത്തര ദക്ഷിണ കൊറിയകൾ തമ്മിലുള്ള യുദ്ധം എന്തിനാണ്? ദക്ഷിണ കൊറിയ സാമ്പത്തികമായി ഉയരുമ്പോൾ ഉത്തര കൊറിയ പട്ടിണികിടന്നു നട്ടം തിരിയുന്നു. അവർക്ക് അണുബോംബാണ് ലക്ഷ്യം. സോവിയറ്റ് യൂണിയന്റെ തകർച്ച നാം കണ്ടതല്ലെ. ഇതൊന്നും പാവങ്ങളുടെ രക്ഷയ്ക്കുവേണ്ടി പ്രവർത്തിച്ചതിന്റെ ഫലമല്ലല്ലോ.

മദ്യലഹരിയിൽ ചിന്താശക്തി നശിക്കുന്നവരെ തങ്ങളുടെ കൂടെ നിർത്താൻ സാധിക്കുമെന്ന കണക്കുകൂട്ടലാണ് മദ്യനിരോധനമെടുത്തുകളയാനും എവിടെയും മദ്യലഹരിക്കു വഴിയൊരുക്കാനും രാഷ്ട്രീയപാർട്ടികളെ നിർബന്ധിക്കുന്നത്.

**സുലൈമാൻ** : അച്ചോ, ഇങ്ങനെ പറഞ്ഞുകൊണ്ടിരുന്നാൽ തീരില്ല. ഇത്രയും മതി. ഇന്നലെ അച്ചനുമായി സംസാരിക്കാനിടയാകാഞ്ഞതും ഇന്ന് ബോധത്തോടെ സംസാരിക്കാൻ സാധിച്ചതും ഞങ്ങളുടെ നന്മയ്ക്കായിട്ടായിരുന്നു എന്ന് മനസിലായി. അച്ചനോട് ഒരുകാര്യം പറഞ്ഞാൽ അച്ചൻ വിശ്വസിക്കുമോ.

ഇനിയും ഞങ്ങൾ കുടിക്കില്ല. അച്ചനോടൊപ്പം മദ്യനിരോധനത്തിനുവേണ്ടി ഞങ്ങളും പ്രവർത്തിക്കും.'

**വി**ശുദ്ധ മക്കാറിയോസും വിശുദ്ധ തിയഡോഷ്യസും ആദ്യനൂറ്റാണ്ടുകളിലെ സന്യാസപിതാക്കന്മാരാണ്. മക്കാറിയോസ് എന്നപദത്തിനർത്ഥംഏറ്റവും അനുഗ്രഹിക്കപ്പെട്ടവൻ (Supremley Blessed) എന്നാണ്. തിയഡോഷ്യസ് എന്നാൽ ദൈവത്താൽ നൽകപ്പെട്ടവൻ (One given by God) എന്നാണ്.

**വി. മക്കാറിയോസ് (എ.ഡി. 300-390)**

ഇദ്ദേഹം ഈജിപ്തുകാരനാണ്. 30-ാമത്തെ വയസ്സിൽ മരുഭൂമിയിൽ സന്യാസം നയിച്ചുതുടങ്ങി. നൈൽ നദിയുടെ പടിഞ്ഞാറുള്ള തിത്രിയൻ മരുഭൂമിയാണ് മക്കാറിയോസ് തന്റെ വാസത്തിനായി കണ്ടെത്തിയത്. മക്കാറിയോസ് ദിവ്യദർശനങ്ങളിൽ മുഴുകിയിരുന്ന ഒരാളായിരുന്നു. ഭൗമിക കാര്യങ്ങളെക്കാൾ അദ്ധ്യാത്മിക കാര്യങ്ങളിലായിരുന്നു മക്കാറിയോസിന്റെ ശ്രദ്ധ. വലിയ അത്ഭുതപ്രവർത്തകനായിരുന്ന മക്കാറിയോസ് പ്രാർത്ഥനയിലൂടെയാണ് അവയെല്ലാം ചെയ്തത്. പ്രാർത്ഥനയും തപസ്സും വഴി ദൈവത്തിന്റെ തിരുമനസ്സ് അറിയുകയും ദൈവികശക്തിയിൽ പങ്കുചേരുകയും ചെയ്തിരുന്നതുകൊണ്ടാണിപ്രകാരം സാധിച്ചത്.

300-390 വരെ കാലങ്ങളിൽ നിരവധിയാളുകൾക്ക് ആധ്യാത്മിക സഹായിയായിരുന്നു മക്കാറിയോസ് ഈജിപ്തിലെ മരുഭൂമിയിൽ ആശ്രമജീവിതത്തിന് അടിസ്ഥാനമിട്ടവരിൽ പ്രമുഖനാണിദ്ദേഹം.

ഹൃദയതാപത്തോടെ മിശിഹായുടെ നാമത്തിൽ ശ്രദ്ധാലുവായിരിക്കുന്നതിനു മക്കാറിയോസ് ഉപദേശിച്ചിരുന്നു. ആ നാമം ഉച്ചരിക്കുമ്പോൾ അതു മനസ്സിൽ മാത്രം തങ്ങാതെ വ്യക്തിത്വത്തിലേക്കു കടന്നു വരണം. 'ഞങ്ങളുടെ കർത്താവായ ഈശോമിശിഹായെ എന്നിൽ കനിയണമെ' എന്നു ചിന്തിച്ചുകൊണ്ടുരുവിടുമ്പോൾ അവിടുത്തെ ദൈവത്വം നിന്നിൽ കുടികൊള്ളും എന്നു മക്കാറിയോസ് ഉപദേശിക്കുന്നു.

കളിച്ചു നടക്കുന്ന പ്രായത്തിൽ മക്കാറിയോസ് കൂട്ടുകാരുമൊരുമിച്ച് അന്യന്റെ കുറേ അത്തിപ്പഴം പറിച്ചെടുക്കുകയും ഒരെണ്ണം തിന്നുകയും ചെയ്തു. ഈ കുറ്റത്തെ ഓർത്ത് മരണംവരെ അദ്ദേഹം കരഞ്ഞിരുന്നു.

സന്യാസിവേഷം കെട്ടി നടക്കുന്ന മക്കാറിയോസ് തന്നെ മാനഭംഗപ്പെടുത്തിയെന്ന് ഒരു ദുഷ്ടസ്ത്രീ ആവലാതിപ്പെടുകയും ജനങ്ങൾ അദ്ദേഹത്തെ തെരുവീഥിയിലിട്ട് വലിച്ചിഴയ്ക്കുകയും ചെയ്തു. പ്രസവകാലമായപ്പോൾ



യഥാർത്ഥ കുറ്റക്കാരന്റെ പേരു വെളിപ്പെടുത്താതെ കുട്ടി ജനിക്കയില്ലെന്ന് ദൈവം ആ സ്ത്രീക്ക് വെളിപ്പെടുത്തി. ആ കുലട കുറ്റവാളിയുടെ പേരു പറഞ്ഞപ്പോൾ ജനം മക്കാറിയോസിന്റെ വിശുദ്ധിയെ വാനോളം പുകഴ്ത്തി. ജനങ്ങളുടെ പ്രശംസകളിൽനിന്ന് ഒഴിയാൻ മക്കാറിയോസ് സീറ്റേ മരുഭൂമിയിലേക്ക് പോയി. ഈജിപ്തിലെ മെത്രാൻ അദ്ദേഹത്തിന് പട്ടം കൊടുത്തു. അദ്ദേഹത്തിന്റെ ഉപദേശങ്ങൾ വിശിഷ്ടങ്ങൾ ആയിരുന്നു. അശുദ്ധപ്രലോഭനങ്ങളെപ്പറ്റി ആവലാതിപ്പെട്ടവരോട് മക്കാറിയോസ് പറയുകയാണ്, 'മടിയാണ് ഇതിനു കാരണം. നല്ലവണ്ണം അദ്ധ്വാനിക്കുക, പകൽ ഭക്ഷിക്കാതിരിക്കുക, അലസമായി സമയം ചെലവഴിക്കരുത്.'

73 -ാമത്തെ വയസ്സിൽ ആര്യൻ ഇടത്തൂട്ടുകാരൻ അദ്ദേഹത്തെ നാടുകടത്തി. വിപ്രവാസത്തിൽ അദ്ദേഹം മരിച്ചു.

**വിചിന്തനം**

'സഹോദരന്മാരെ നരകത്തിൽ നിപതിക്കാതിരിക്കാൻ നമുക്ക് കരയാം. കണ്ണുനീർ കൊണ്ട് പ്രളയം തന്നെ സൃഷ്ടിക്കാം.' (വി. മക്കാറിയോസ്) ജനുവരി 15-ാം തീയതി വിശുദ്ധ സഭ വി. മക്കാറിയോസിന്റെ തിരുനാൾ ആഘോഷിക്കുന്നു. ലാറ്റിൻ ഭാഷയിൽ മക്കാരിയൂസ് എന്നും ഗ്രീക്കിലും സുറിയാനിയിലും മക്കാറിയോസ് എന്നും വിളിക്കപ്പെടുന്നു.

**വി. തിയഡോഷ്യസ് (എ.ഡി. 423-529)**

106-ാമത്തെ വയസ്സിൽ നിര്യാതനായ തിയഡോഷ്യസ് കപ്പദോക്യായിൽ ജനിച്ചു. ചെറുപ്പത്തിൽ തന്നെ സ്തൂപസ്തനായ സൈമണിന്റെ ജീവിതരംഗങ്ങൾ സന്ദർശിച്ച് സന്യാസജീവിതത്തിന് തന്നെത്തന്നെ ഒരുക്കി. കാലാഞ്ചിനൂസ് എന്ന ഗുരുവിന്റെ കീഴിൽ ഏതാനും കാലം സന്യാസജീവിതം നയിച്ച ശേഷം നിർബന്ധപൂർവ്വം കുറേ നാൾ ഇടവക ജോലി നോക്കി. ജനപ്രശംസയെ ഭയന്ന് ഒരു മലയിൽ കയറി ഒരു ഗുഹയിൽ പ്രാർത്ഥനയും ഉപവാസവുമായി കഴിച്ചു. വനസസ്യങ്ങളും പയറും കഴിച്ച് 30 വർഷം അദ്ദേഹം ജീവിച്ചു.

ക്രമേണ ശിഷ്യന്മാർ വന്നുകൂടി. മരണസ്മരണയാണ്, സന്യാസപരിപൂർണ്ണതയുടെ അടിസ്ഥാനം എന്ന് അവരെ പഠിപ്പിക്കാൻ ഒരു ശവക്കുഴി അദ്ദേഹം ഉണ്ടാക്കി. കുഴി ഉണ്ടാക്കിയ ശേഷം ഒരു ദിവസം തിയഡോഷ്യസ് ആശ്രമാംഗങ്ങളോട് ചോദിച്ചു. ശവകുടീരം തയാറാക്കിയിരിക്കുകയാണല്ലോ ആര് സമർപ്പണം നടത്തും? ബാസിൽ എന്ന പുരോഹിതൻ മുന്നോട്ട് വന്ന് പറഞ്ഞു, ഞാൻ തയ്യാർ. അവർ മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനകൾ ചൊല്ലി. രണ്ടുമൂന്നു ദിവസം കഴിഞ്ഞപ്പോൾ ആരോഗ്യവാനായിരുന്ന ബാസിൽ മരിച്ചു. ആ കുഴിയിൽ സംസ്കരിക്കപ്പെട്ടു.

ഒരു ഉയിർപ്പു തിരുനാൾ ദിവസം പന്ത്രണ്ട് അംഗങ്ങൾ ഉണ്ടായിരുന്ന ആ ആശ്രമത്തിൽ ഭക്ഷിക്കാൻ ഒന്നും ഇല്ലായിരുന്നു. ചിലർ പിറുപിറുത്തപ്പോൾ തിയഡോഷ്യസ് പറഞ്ഞു, ദൈവത്തിൽ ശരണം വയ്ക്കൂ; അവിടുന്ന് തരും. താമസിയാതെ ഭക്ഷണം എത്തി.

തിയഡോഷ്യസിന്റെ ആശ്രമം ബേത്‌ലഹേമിന് സമീപമായിരുന്നു. അവിടെ അദ്ദേഹം വൃദ്ധർക്കും വികലാംഗർക്കും സന്യാസത്യാഗികൾക്കും വെവ്വേറെ ശുശ്രൂഷാ കേന്ദ്രം സ്ഥാപിച്ചു. നാല് പള്ളികളും പണിതു. രോഗികളുടെ ശുശ്രൂഷയും അപരിചിതരുടെ സംസ്കാരവും ക്രമമായി നടന്നു.

സന്യാസികളുടെ തലവനായ തിയഡോഷ്യസിനെ സെനോബിയാർക്ക് എന്നാണ് വിളിച്ചിരുന്നത്. സന്യാസകൂട്ടജീവിതത്തിന്റെ ആരംഭകരിൽ ഒരാൾ ആയതിനാൽ ആണിത്. അന്നത്തെ ചക്രവർത്തി ഏകസ്വഭാവവാദിയായിരിക്കുന്നതുകൊണ്ട് ജനങ്ങൾ വഴിതെറ്റാതിരിക്കാൻ ആദ്യത്തെ നാല് സൂനഹദോസുകൾ മുറുകെ പിടിക്കാൻ അദ്ദേഹം രാജ്യം മുഴുവനും ചുറ്റിനടന്ന് ഉപദേശിച്ചു. വാർദ്ധക്യത്തിലെ ക്ലേശങ്ങൾ ക്ഷമയോടെ സഹിച്ചുകൊണ്ട് ജീവിതം സമാധാനത്തിൽ സമർപ്പിച്ചു.

ലോകത്തിലെ നിരവധി ആർഭാടങ്ങളുടെയും പ്രലോഭനങ്ങളുടെയും മദ്ധ്യേ സന്യാസജീവിതം വിശുദ്ധിക്ക് എത്രയും സഹായകരമാണെന്ന് തിയഡോഷ്യസിന്റെ ജീവിതം സാക്ഷ്യം വഹിക്കുന്നു.

**വിചിന്തനം**

ഞാൻ മനുഷ്യനെ പ്രീണിപ്പിക്കാൻ ശ്രമിക്കുന്ന പക്ഷം മിശിഹായുടെ ദാസനായിരിക്കില്ല (ഗലാത്തി 1:10). ജനുവരി 11-ാം തീയതിയാണ് വി. തിയഡോഷ്യസിന്റെ തിരുനാൾ വി. സഭ ആഘോഷിക്കുന്നത്. തിയഡോഷ്യസ് എന്നും തെയോദോസിയോസ് എന്നും വിളിക്കപ്പെടാറുണ്ട്. ●


**മലയാള സിനിമയ്ക്ക് നിർമ്മാണ പങ്കാളികളെ തേടുന്നു**

ലാ വീത്ത പ്രൊഡക്ഷൻസിന്റെ ബാനറിൽ പ്രശസ്ത സിനിമാതാരങ്ങളും ടെക്നീഷ്യൻസും അണിനിരക്കുന്ന മലയാള സിനിമയ്ക്ക് നിർമ്മാണത്തിൽ മുതൽമുടക്കാൻ താത്പര്യമുള്ള പങ്കാളികളെ തേടുന്നു.

**Contact : lavitaproductions@gmail.com**
**Mob : 8078484986**




## ആദരാഞ്ജലികൾ

ഭാഗ്യദൈവസുതാ നിന്നെ
ശുശ്രൂഷിച്ചൊരു വൈദികരെ
നിന്നാഗമന മഹാനാളിൽ
ഓർത്തു മുഖപ്രഭയേകേണമെ

**റവ.ഫാ. തോമസ് അങ്ങാടിയിൽ**

**ജനനം : 24.07.1953**
**മരണം : 15.11.2017**



## എം.സി.സി.എൽ. ബൈബിൾ ക്വിസ്

നവംബർ 2017

1. ഏറ്റവും വലിയ സങ്കീർത്തനമേത്? എത്രവാക്യങ്ങൾ?
2. ശിഷ്യന്മാരിൽ തോമസിനെക്കുറിച്ച് തോമസ് എന്ന മൂന്നക്ഷരങ്ങൾ മാത്രം പറഞ്ഞിട്ടുള്ള സുവിശേഷങ്ങൾ?
3. യേശുവിന്റെ ശിഷ്യന്മാരുടെ കൂട്ടത്തിൽ സഹോദരങ്ങൾ ആയവർ ആരെല്ലാം?
4. യേശുവിന്റെ വംശാവലിയിൽ പേരെഴുതപ്പെട്ട അഞ്ചു വനിതകൾ?
5. ഉണ്ണിയേശുവിനെ വന്ദിക്കുവാൻ കിഴക്കുനിന്നെത്തിയ ജ്ഞാനികളിൽ ഒരാൾ ഇന്ത്യക്കാരനായിരുന്നു എന്നു പറയപ്പെടുന്നു. ഇതിനുള്ള തെളിവ്?
6. ഇന്ത്യയെപ്പറ്റി പറഞ്ഞിട്ടുള്ള വേദപുസ്തകഭാഗമേത്?
7. യേശുക്രിസ്തുവിന്റെ കന്യകാജനനത്തെപ്പറ്റി പറഞ്ഞിരിക്കുന്ന വേദപുസ്തക വാക്യമേത്?
8. യേശുക്രിസ്തു ഉയർത്തെഴുന്നേറ്റു എന്നതിന് തോമാശ്ലീഹാ ആവശ്യപ്പെട്ട തെളിവുകൾ എത്ര? വി. ഗ്രന്ഥത്തിൽ എവിടെയാണത്?
9. അവൾ എന്റെ സഹോദരിയാണ്. അവൾ എനിക്കു ഭാര്യയാകുകയും ചെയ്തു. ആര് ആരോടു പറഞ്ഞു? വി. ഗ്രന്ഥത്തിൽ എവിടെയാണു സൂചിപ്പിക്കുന്നത്?
10. കർത്താവിന്റെ അരുളപ്പാടനുസരിച്ച് വേശ്യയെ വിവാഹം ചെയ്ത പ്രവാചകൻ ആര്?

*N.B* : ഉത്തരങ്ങൾ ഡിസംബർ 10 ന് മുൻപായി **തിയോളജിക്കൽ & കാറ്റകെറ്റിക്കൽ സെന്റർ, സമീക്ഷ, കുളക്കാട്, തിരുവല്ല - 689 101** എന്ന മേൽവിലാസത്തിലേക്ക് അയച്ചു തരിക

### ബൈബിൾ ക്വിസ് ശരി ഉത്തരം
**ഒക്ടോബർ 2017**

1. വി. ജോൺ ക്രിസോസ്തോം
2. ഒരിജൻ
3. 1727 ൽ
4. വിശ്വാസികളുടെ പ്രാർത്ഥനാ പുസ്തകം
5. 2548 വാക്യങ്ങൾ
6. യോഹന്നാന്റെ രണ്ടാമത്തെ ലേഖനം, 13 വാക്യങ്ങൾ
7. എസ്തേർ 8 : 9
8. അപ്പോക്രിഫാ
9. നാഷ് പാപ്പിറസ്
10. തർഗും

# *Matrimonial*

## Matrimony - M 233

മലങ്കര കത്തോലിക്കാ യുവതി (27) (MA, Med, SET) അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

Contact : 0479 2428111, 8547902811

## Matrimony - M 234

മലങ്കര കത്തോലിക്ക യുവാവ്, 34 വയസ്സ്, 5'.2' ഉയരം, തിരുവല്ല അതിരൂപതാംഗം, വിവാഹ ആലോചനകൾ ക്ഷണിക്കുന്നു. അനുയോജ്യരായ യുവതികളുടെ മാതാപിതാക്കന്മാർ ബന്ധപ്പെടുക Contact : 9947374278

## വിവാഹ ഒരുക്ക സെമിനാർ 2017

**സ്ഥലം: ശാന്തിനിലയം, തിരുവല്ല**

**ഫോൺ: 0469-2603968, 9446270259, 9895556074**

**തീയതി : നവംബർ : 7,8,9 - 21,22,23**
**ഡിസംബർ : 5,6,7 - 19,20,21**

### നിർദ്ദേശങ്ങൾ


- സെമിനാറിൽ പങ്കെടുക്കുന്നവർ മൂന്ന് ദിവസം മുമ്പെങ്കിലും പേര് രജിസ്റ്റർ ചെയ്യണം.

- സെമിനാർ ചൊവ്വാഴ്ച രാവിലെ 9.00 ന് ആരംഭിച്ച് വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് അവസാനിക്കും.

- സെമിനാറിൽ പൂർണ്ണമായും പങ്കെടുക്കുന്നവർക്ക് മാത്രമേ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ.

- രജിസ്ട്രേഷൻ ഫീസ് 1000 രൂപയായിരിക്കും. പങ്കെടുക്കുന്നവർ വികാരിയച്ചന്റെ സാക്ഷ്യപത്രവും 2 ഫോട്ടോയും കൊണ്ടുവരണം.

- സെമിനാറിന്റെ അവസാന ദിവസമായ വ്യാഴാഴ്ച 2 മണിക്ക് വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി പ്രത്യേക ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്. ഇതിൽ എല്ലാ മാതാപിതാക്കളും നിർബന്ധമായും പങ്കെടുക്കണം.








**ഉപകാരസ്മരണ**

### യൂദാശ്ലീഹായോടുള്ള പ്രാർത്ഥന

മിശിഹായുടെ ചാർച്ചക്കാരനും/വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാ സഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/ മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/ അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/ അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമേ. /എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/ അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി, പായിപ്പാട്**

**ഉപകാരസ്മരണ**




### യൂദാശ്ലീഹായോടുള്ള പ്രാർത്ഥന

മിശിഹായുടെ ചാർച്ചക്കാരനും/വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാ സഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/ മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/ അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/ അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമേ. /എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/ അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ ഞാൻ വാഗ്ദാനം ചെയ്യുന്നു.

**മറിയാമ്മ തോമസ്, ചെമ്പനാൽ**

## നവംബർ 03

### പാവനസ്മരണ



**അഭിവന്ദ്യ**
**പൗലോസ് മാർ പീലക്സിനോസ്**

### പാവനസ്മരണയ്ക്ക്




**എൻ. വി. ചാക്കോ**
**നല്ലൂത്താനം ഹൗസ്**
**തിരുവല്ല**

നിങ്ങളുടെ പ്രാർത്ഥനകളിൽ
എന്നെയും ഓർക്കണമേ.

## നവംബർ 13


### നാമഹേതുക തിരുനാൾ



**അഭിവന്ദ്യ യൂഹാനോൻ മാർ**
**ക്രിസോസ്റ്റം**

## നവംബർ 29

### നാമഹേതുക തിരുനാൾ



**അഭിവന്ദ്യ ഗീവർഗീസ്**
**മാർ ദിവന്നാസിയോസ്**

# ശ്രുതി മ്യൂസിക് & ആർട്സ് അക്കാദമി

Reg. No : 175/KTM/2015
Managing Director : Mrs. Biji Jacob




കേരള സംഗീതനാടക അക്കാദമിയുടെ അംഗീകാരത്തോടെ നടത്തുന്ന സ്ഥാപനം

പ്രശസ്തരായ അദ്ധ്യാപകരുടെ
മേൽനോട്ടത്തിൽ
മിതമായ നിരക്കിൽ ക്ലാസ്സുകൾ
നടത്തപ്പെടുന്നു

കോഴ്സ് പൂർത്തിയാക്കുമ്പോൾ
അംഗീകൃത സർട്ടിഫിക്കറ്റ് നൽകുന്നു

ഫോൺ : 0469 2618651, 9605363269



## പൗരോഹിത്യ രജത ജൂബിലി ആശംസകൾ



**ബഹു. ഡോ. ചെറിയാൻ കോട്ടയിൽ**

നടുവില്ലം – കോട്ടയിൽ കുടുംബാഗംങ്ങൾ

Mob. 9656078498
8301083698

PM BROTHER'S
ST.ANTONY'S
CANDLE INDUSTRIES
KUMBANAD



പള്ളികൾക്കാവശ്യമായ മെഴുകുതിരി,
കുന്തിരിക്കം എന്നിവ
മിതമായ വിലയ്ക്ക് എത്തിച്ച് കൊടുക്കപ്പെടും.


## ആദരാഞ്ജലികൾ

"ഞാനാണ് പുനരുത്ഥാനവും ജീവനും
എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും
ജീവിക്കും." വി. യോഹന്നാൻ 11:25



**സി. അപ്പ്ളോണിയ എസ്.ഐ.സി.**

ജനനം : 22.11.1929

മരണം : 24.10.2017


Aiming high ? Go for the Best



" Campus Placement in South Indian Bank, Top Rank in MG University. Qualified in UGC-NET.. What more i can dream of.. MACFAST, its worthy."

Sareena Rahim
MBA 14-16 batch Rank Holder,MG university

MBA, MCA Regular and 2 Yr. Lateral
M.Sc. & Ph.D in Biosciences
MACFAST Tiruvalla

BEST IN
Academic Excellence
Infrastructure
Personality Development
Placements

RADIO MACFAST 90.4

The first & Only
Post Graduate Professional
College &
Research center
in Kerala to
secure NAAC 'A' Grade
In the first cycle itself

Tel : 0469 2730300 - 41
www.macfast.org

Accredited by NAAC
with 'A' Grade

MAR ATHANASIOS COLLEGE FOR
ADVANCED STUDIES TIRUVALLA
(OWNED BY CATHOLIC ARCHDIOCESE OF THIRUVALLA
AFFILIATED TO MG UNIVERSITY AND APPROVED BY AICTE

Since 2001 - 79 Top Ranks ! MBA - 12, MCA - 4, M.Sc - 63

# ഐക്യദീപം 2018



## January

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 |
| 7 | 8 | 9 | 10 | 11 | 12 | 13 |
| 14 | 15 | 16 | 17 | 18 | 19 | 20 |
| 21 | 22 | 23 | 24 | 25 | 26 | 27 |
| 28 | 29 | 30 | 31 | | | |

## February

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | | 1 | 2 | 3 |
| 4 | 5 | 6 | 7 | 8 | 9 | 10 |
| 11 | 12 | 13 | 14 | 15 | 16 | 17 |
| 18 | 19 | 20 | 21 | 22 | 23 | 24 |
| 25 | 26 | 27 | 28 | | | |

## March

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | | 1 | 2 | 3 |
| 4 | 5 | 6 | 7 | 8 | 9 | 10 |
| 11 | 12 | 13 | 14 | 15 | 16 | 17 |
| 18 | 19 | 20 | 21 | 22 | 23 | 24 |
| 25 | 26 | 27 | 28 | 29 | 30 | 31 |

## April

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 8 | 9 | 10 | 11 | 12 | 13 | 14 |
| 15 | 16 | 17 | 18 | 19 | 20 | 21 |
| 22 | 23 | 24 | 25 | 26 | 27 | 28 |
| 29 | 30 | | | | | |

## May

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | 1 | 2 | 3 | 4 | 5 |
| 6 | 7 | 8 | 9 | 10 | 11 | 12 |
| 13 | 14 | 15 | 16 | 17 | 18 | 19 |
| 20 | 21 | 22 | 23 | 24 | 25 | 26 |
| 27 | 28 | 29 | 30 | 31 | | |

## June

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | | | 1 | 2 |
| 3 | 4 | 5 | 6 | 7 | 8 | 9 |
| 10 | 11 | 12 | 13 | 14 | 15 | 16 |
| 17 | 18 | 19 | 20 | 21 | 22 | 23 |
| 24 | 25 | 26 | 27 | 28 | 29 | 30 |

## July

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 8 | 9 | 10 | 11 | 12 | 13 | 14 |
| 15 | 16 | 17 | 18 | 19 | 20 | 21 |
| 22 | 23 | 24 | 25 | 26 | 27 | 28 |
| 29 | 30 | 31 | | | | |

## August

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | 1 | 2 | 3 | 4 |
| 5 | 6 | 7 | 8 | 9 | 10 | 11 |
| 12 | 13 | 14 | 15 | 16 | 17 | 18 |
| 19 | 20 | 21 | 22 | 23 | 24 | 25 |
| 26 | 27 | 28 | 29 | 30 | 31 | |

## September

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| 30 | | | | | | 1 |
| 2 | 3 | 4 | 5 | 6 | 7 | 8 |
| 9 | 10 | 11 | 12 | 13 | 14 | 15 |
| 16 | 17 | 18 | 19 | 20 | 21 | 22 |
| 23 | 24 | 25 | 26 | 27 | 28 | 29 |

## October

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 |
| 7 | 8 | 9 | 10 | 11 | 12 | 13 |
| 14 | 15 | 16 | 17 | 18 | 19 | 20 |
| 21 | 22 | 23 | 24 | 25 | 26 | 27 |
| 28 | 29 | 30 | 31 | | | |

## November

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | | 1 | 2 | 3 |
| 4 | 5 | 6 | 7 | 8 | 9 | 10 |
| 11 | 12 | 13 | 14 | 15 | 16 | 17 |
| 18 | 19 | 20 | 21 | 22 | 23 | 24 |
| 25 | 26 | 27 | 28 | 29 | 30 | |

## December

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| 30 | 31 | | | | | 1 |
| 2 | 3 | 4 | 5 | 6 | 7 | 8 |
| 9 | 10 | 11 | 12 | 13 | 14 | 15 |
| 16 | 17 | 18 | 19 | 20 | 21 | 22 |
| 23 | 24 | 25 | 26 | 27 | 28 | 29 |

Date of Publication : 18.11.2017
Price ₹ 10/-

AIKYADEEPAM MONTHLY
Marygiri, Tiruvalla, Kerala
Ph: 0469-2600626, Fax : 0469-2600822

R.N.I 35982/80
November 2017



# സിസ്റ്റർ റാണി മരിയ

(ഭാരതസഭയിലെ വാഴ്ത്തപ്പെട്ട ആദ്യത്തെ വനിതാ രക്തസാക്ഷി)

Printed and Published by Fr. Thomas Kodinattumkunnel, Published from Marygiri, Archbishop's House, Tiruvalla, Kerala and Printed at Viani Press Ernakulam. Kerala, Chief Editor : Rev. Dr. Abraham Irimbinikal